T62
K48

T62
K48

# പ്രതിമാനാടകം

## ഭാഷ.

Approved as Text Book
by the Madras Text Book Committee.

DEFINITORIUM CANCELLED. 12/3/83
T62 / K14
DHARMARAM COLLEGE LIBRARY, BANGALORE. 3902

പരിഭാഷകൻ

കെ. കേശവൻനായർ.

PRINTED AT THE
RAMANUJA PRINTING HOUSE LTD.,
TRICHUR.

1106.

വില അണ 10.] [Price As. 10.

# മുഖവുര.

ഭാസമഹാകവിയുടെ നാടകങ്ങളിൽ ഏററവും ഉൽകൃഷ്ടമെന്നു പറയാവുന്ന പ്രതിമയുടെ ഈ പുതിയ തൎജ്ജമകൊണ്ടു പ്രത്യേകം വല്ലഗുണവും ഉണ്ടാകുമൊ ഇല്ലയൊ എന്നു ഞാൻ ആലോചിച്ചിട്ടില്ല. ഭാസനാടകചക്രം പുറത്തുവന്നപ്പോൾ അവ മുഴുവനും തൎജ്ജമചെയ്യാൻ എന്റെ ഗുരുജനവും (ശ്രീമാൻ വള്ളത്തോൾ നാരായണമേനോൻ അവർകൾ) മററു ചില മാന്യസുഹൃത്തുക്കളും നിശ്ചയിക്കയും അതിൽ ഒന്നു ഞാൻ എടുക്കേണമെന്നു ആവശ്യപ്പെടുകയും ചെയ്തപ്പോൾ ഇത് എന്റെ കൎത്തവ്യമായിത്തീൎന്നു. ആരംഭത്തിൽ കഷ്ടിച്ച് ഒരങ്കത്തോളം ഉത്സാഹപൂൎവ്വം എഴുതിത്തീൎത്തു. ഇടയ്ക്കു എന്തൊ ചില തിരക്കുകൾ നേരിട്ടപ്പോൾ പിന്നെ കുറെ അമാന്തമായി. ഏതാനും ദിവസങ്ങൾക്കുള്ളിൽ പ്രതിമയുടെ കഥതന്നെ ഞാൻ വിസ്മരിച്ചു. അക്കാലത്തായിരുന്നു കൈരളി എന്ന മാസികയുടെ ആവിൎഭാവം. കൈരളിയുടെ പ്രധാനബന്ധുക്കളിൽ ഒരാളായ സാഹിത്യകുശലൻ ടി. കെ. കൃഷ്ണമേനോൻ അവർകൾ എന്റെ നാടകതൎജ്ജമയെക്കുറിച്ച് അറിവാനും കഴിഞ്ഞ ഭാഗം കൈരളിക്കുതന്ന് ബാക്കി വഴിക്കുവഴിയായി എത്തിക്കേണമെന്നു ആവശ്യപ്പെടുവാനും ഇടയായി. നിൎബ്ബന്ധപൂൎവ്വമായ ആ അപേക്ഷയെ നിരാകരിക്കുന്നതിന്ന് അദ്ദേഹത്തിന്റെ വിധേയമിത്രമായ എനിക്ക് എന്റെ അമാന്തത്തെയൊ അശക്തിയെയൊ കു

റിച്ചുള്ള ഭയമല്ലാതെ വേറെ കാരണങ്ങൾ ഒന്നുംതന്നെ ഉണ്ടായിരുന്നില്ല. കഴിഞ്ഞഭാഗം എഴുതിക്കൊടുക്കുമ്പോൾ എനിക്കുണ്ടായിരുന്ന ഭയം നാടകം എഴുതിത്തീൎന്ന ദിവസം വരെയും നിലനിന്നു. കൈരളിയിൽ ഇടവിടാതെ സേവിക്കുവാൻ തക്കവണ്ണം തൎജ്ജമ നിൎവ്വഹിക്കുന്നതിന്നു പലപ്പൊഴും ഞാൻ അശക്തനായിട്ടുണ്ട്. ഇതിനിടയിൽ മേല്ക്കുമേൽ വന്നുകൊണ്ടിരുന്ന കൃഷ്ണമേനോൻ അവർകളുടെ നാരാചനിശിതമായ മധുരലേഖനങ്ങൾക്കുപോലും എന്നെ അത്രയൊന്നും ഉത്തേജനം ചെയ്യാനൊ വശപ്പെടുത്താനൊ കഴിഞ്ഞില്ല. എന്നാൽ ഒന്നു തീൎച്ചയാണ്. സാഹിത്യത്തോടു വല്ലവിധത്തിലും ഒരു ചാൎച്ചയും തനിക്കു വേഴ്ചയും ഉള്ളവരെ എല്ലാം മലയാളഭാഷാഭിവൃദ്ധിക്കുവേണ്ടി എത്രത്തോളം അലട്ടാമൊ അത്രത്തോളം അലട്ടുന്നതു ധൎമ്മമാണെന്നുള്ള ബോധവും കൃത്യനിഷ്ഠയും മിസ്റ്റർ കൃഷ്ണമേനവന്ന് ഇത്രയും ഇല്ലായിരുന്നെങ്കിൽ ഈ തൎജ്ജമ ഇപ്പോൾ ഒന്നും പുറത്തുവരാൻ ഇടയില്ലാ. നിദ്രാശീലനായ ഒരാൾക്കു പ്രഭാതവേള കഴിഞ്ഞാലും ഗാഢനിദ്രയിൽനിന്നു തന്നെ ഉണൎത്തുന്നതിൽ നിശ്ചയമായും വൈമനസ്യമുണ്ടാകുമെന്നിരുന്നാലും വല്ലവിധത്തിലും ഉണൎത്തിക്കഴിഞ്ഞാൽ പിന്നീട് ആയാൾ തന്റെ മനോധൈൎയ്യവിഷയമായ കൃത്യത്തിൽ പ്രവൎത്തിച്ച് സന്തോഷിക്കുന്നതുപോലെയാണ് ഈ നാടകരചനയുടെ കാൎയ്യത്തിൽ ഞാൻ സന്തോഷിക്കുന്നത്. ഈവിധമുള്ള ഒരു കൃതാൎത്ഥതയ്ക്കു ഹേതുവാകിയ കൃഷ്ണമേനോൻ അവർകളോട് എനിക്കുള്ള കൃതജ്ഞതയെ പ്രദൎശിപ്പിക്കുകയല്ലാതെ ഇവിടെ എന്റെ പ്രഥമകൃത്യം മറെറന്താണ്.

നാനാവിധം വിജ്ഞേയാംശങ്ങളോട്ടുകൂടി സവിസ്തരം ഇങ്ങിനെ ഒരവതാരിക എഴുതിത്തന്നവകയ്ക്ക് എന്റെ പ്രിയസുഹൃത്തായ കെ. രാമപ്പിഷാരോടി എം. എ. അവർകളോടു ഞാൻ ഹൃദയപൂർവ്വം നന്ദിപറയുന്നു. പിഷാരോടി അവർകൾ പ്രസ്തുതനാടകത്തിന്നു പുറമെ ഭാസന്റെ കൃതികളിൽ മററു പലതും ഇംഗ്ലീഷിലേക്കു തർജ്ജമ ചെയ്തിരിക്കുന്നതിനാൽ ഈ വിഷയത്തിൽ അദ്ദേഹത്തിന്നുള്ള അർഹതയും ഔചിത്യവും ഒന്നു വേറെതന്നെയാണല്ലൊ.

ഈ നാടകം പ്രസ്തകരൂപമായി പ്രസിദ്ധപ്പെടുത്തുവാൻ ഒരുങ്ങിയപ്പോൾ എന്റെ ഗുരുജനം പതിവുപോലെ പരിശോധിച്ച് അവശ്യം വരുത്തേണ്ടതായിരുന്ന പല മാററങ്ങളും ഇതിൽ വരുത്തിയിട്ടുണ്ട്. ആ സംഗതിയിൽ എനിക്കുള്ള ആധമർണ്ണ്യം 'മയ്യേവജീർണ്ണതാം യാതു' എന്നുവെച്ച് അടങ്ങുകയല്ലാതെ ഗത്യന്തരമില്ല.

എറണാകുളം
6—11—97.

പരിഭാഷകൻ.

# അവതാരിക.

---

## ശ്രീഭാസൻ.

---

കവിതാകാമിനിയുടെ മന്ദഹാസമായി ഗണിക്കപ്പെട്ടിരിക്കുന്ന പ്രഥിതയശസ്സായ മഹാകവിഭാസൻ സഹസ്രാധികം സംവത്സരങ്ങളായിട്ടു കേവലം നാമംകൊണ്ടുമാത്രമേ സഹൃദയന്മാരുടെ അറിവിൽ പെട്ടിരുന്നുള്ളു. ഇദ്ദേഹത്തിൻെറ മഹത്തരങ്ങളായ രൂപകരത്നങ്ങൾ കണ്ടുകിട്ടി പ്രസിദ്ധം ചെയ്തിട്ട് അധികംകാലമായിട്ടില്ല. ഈ സ്ഥിതിക്ക് ഇദ്ദേഹത്തെപ്പററി ഇവിടെ രണ്ടു വാക്കു പറയുന്നത് അസ്ഥാനത്തിലാവില്ലെന്നു വിശ്വസിക്കുന്നു.

ഭാസൻെറ കാലത്തെപ്പററി ആലോചിക്കുന്നതായാൽ നമുക്ക് ഒരു സംഗതി മാത്രമേ തീച്ചയായി പറവാൻ സാധിക്കയുള്ളു. മാളവികാഗ്നിമിത്രത്തിലുള്ള 'പ്രഥിതയശസാംഭാസസൌമില്ലകവി പുത്രാദീനാം,' 'പുരാണമിത്യേവനസാധുസർവ്വം', എന്നീ വാക്യങ്ങളിൽനിന്നു നമ്മുടെ കവി, കാളിദാസൻെറ കാലത്തുതന്നെ ഒരു പുരാണകവിയായിരുന്നുവെന്നു തെളിയുന്നുണ്ട്. ഈ പ്രാചീനതയെ അദ്ദേഹത്തിൻെറ കൃതികൾ തെളിയിക്കുന്നതുമുണ്ട്. ഭാസൻേറയും കാളിദാസാദികളുടേയും കൃതികൾ താരതമ്യപ്പെടുത്തിനോക്കുന്നതായാൽ അവ തമ്മിൽ വളരെ അന്തരം കാണാവുന്നതാണ്. കാളിദാസാദികളുടെ

കൃതികളിൽകാണുന്ന അനാർഷശോഭ ഭാസനാടകങ്ങളിൽ കാണുന്നില്ല. ഇതിലെ സ്വാഭാവികത ഒന്നു വേറെതന്നെയാണ്. വാച്യാർത്ഥത്തിന്നും പ്രസാദമെന്ന ഗുണത്തിന്നും ഭാസൻ കാളിദാസനേക്കാൾ പ്രാധാന്യം കൊടുത്തിരിക്കുന്നു. അലങ്കാരങ്ങളുടെ വിരളതയും സ്മർത്തവ്യമാണ്. ഈ മാതിരി വ്യത്യാസങ്ങളെ എടുത്ത് സൂക്ഷ്മം പര്യാലോചിച്ചുനോക്കുന്നതായാൽ ഭാസനും കാളിദാസനും സ്വീകരിച്ചിട്ടുള്ള കാവ്യരീതികൾക്കുതമ്മിൽ അന്തരമുണ്ടെന്നു സമ്മതിച്ചേ തീരു. നാട്യശാസ്ത്രദൃഷ്ട്യാ നോക്കുന്നതായാലും, അവയ്ക്കുതമ്മിൽ പറയത്തക്ക വ്യത്യാസം കാണുന്നുണ്ട്. എന്തുകൊണ്ടെന്നാൽ, ഭാസൻ എല്ലായ്പ്പോഴും നാട്യശാസ്ത്രനിബന്ധനകളെ അനുസരിക്കുന്നില്ല. ഇതിൽനിന്നു ഊഹിക്കാവുന്നത്, ഭാസന്നു പ്രമാണമായിട്ടു വേറെയൊരു നാട്യശാസ്ത്രപ്രസ്ഥാനം ഉണ്ടായിരുന്നിരിക്കാമെന്നാണ്. ചുരുക്കത്തിൽ, കാവ്യരീതിയിലും നാടകരീതിയിലും ഭാസൻ അംഗീകരിച്ചുകാണുന്ന പ്രസ്ഥാനം ഒന്നു വേറെയാണ്. ഈ സംഗതി കാളിദാസോക്തമായ പ്രാചീനതയെ ബലപ്പെടുത്തുന്നു.

ഭാസൻെറ നാടകങ്ങളിലെ ഭാഷ പരിശോധിച്ചുനോക്കുമ്പോഴും മേല്പറഞ്ഞ വാദത്തിന്നു ശക്തി കൂട്ടുന്നതേയുള്ളു. ഭാഷയിൽ അപാണിനീയങ്ങളായ പ്രയോഗങ്ങൾ ധാരാളം കാണുന്നുണ്ട്. ഇതിൽനിന്ന് അനുമിക്കാവുന്നത് പാണിനിപ്രാമാണ്യം സർവ്വസമ്മതമായിത്തീരുംമുമ്പായിരിക്കണം നമ്മുടെ കവി ജീവിച്ചിരുന്നതെന്നാണ്. രണ്ടാമതായിട്ട്, ഭാഷയുടെ സാധാരണതയും സുഗമതയും

ഊൎജ്ജസ്വലതയും മററുമാലോചിച്ചുനോക്കുമ്പോൾ, സംസ്കൃതം കേവലം ഒരു ശാസ്ത്രഭാഷയായിത്തീരുന്നതിന്നു മുമ്പ്, അതായത്, അതു, ജനസമുദായത്തിൻെറ വ്യാവഹാരികഭാഷയായിരിക്കുമ്പോൾ ആയിരുന്നു ഇദ്ദേഹം ജീവിച്ചിരുന്നതെന്നുകൂടി പറയേണ്ടതായി തീരുന്നുണ്ട്. ഈ മതം, സ്വീകാൎയ്യയോഗ്യമാണെങ്കിൽ, ഇദ്ദേഹം ജീവിച്ചിരുന്നത്, ബി. സി. നാനൂറിന്നു മുമ്പായിരിക്കണം. നമ്മുടെ കവിയുടെ കാലത്തെക്കുറിച്ച് ഇതിലധികമൊന്നും പറയേണ്ടതായിട്ടില്ല.

പരിഷ്കരിച്ച കാവ്യരീതി, നാട്യരീതി ഇവകളുടെ ആവിർഭാവത്തോടുകൂടി ഭാസാദിമഹാകവികളെക്കുറിച്ചു കാലക്രമേണ ഒരൌദാസീന്യം വന്നുകൂടി എന്നു വിശ്വസിക്കുന്നതിൽ തെററില്ല. ഈ ഔദാസീന്യത്തെ ശാശ്വതമാക്കുവാൻ ഇതരകാരണങ്ങൾ സഹായിച്ചില്ലെന്നുമില്ല. ഒന്നാമതായി സംസ്കൃതം വ്യാവഹാരികഭാഷാപദത്തെ വിട്ടു കേവലം ഒരു കാവ്യഭാഷയായിത്തീൎന്നതോടുകൂടി ദൃശ്യകാവ്യങ്ങൾക്കുണ്ടായിരുന്ന സാൎവ്വത്രികമായ പ്രാധാന്യം ഇല്ലാതായിത്തീൎന്നു. തദനന്തരം രൂപകങ്ങൾ കദാചില്ക്കമായിട്ടേ രംഗത്തിൽ പ്രയോഗിക്കാറുള്ളു. അതുതന്നെ, വിദ്വാന്മാൎക്കുമാത്രം അഭിനന്ദനീയമായും തീൎന്നു. ഇതിന്നുംപുറമേ ഹിന്തുരാജാക്കന്മാരുടെ ശക്തി ക്ഷയിച്ചതോടുകൂടി രംഗപ്രയോഗങ്ങളും അതിദുൎല്ലഭങ്ങളായി. അങ്ങുമിങ്ങും അപ്പോഴപ്പോഴായി സംസ്കൃതത്തെ പുനരുജ്ജീവിപ്പിക്കുവാൻ ചില രാജാക്കന്മാർ പരിശ്രമിച്ചില്ലെന്നില്ല. ഇവർ ചിലനാടകങ്ങളെ രംഗത്തിൽ പ്രയോഗിപ്പിച്ചിട്ടുമു

ണ്ടു്. പക്ഷെ, അവയെല്ലാം അതാതു് ആസ്ഥാനങ്ങളിലെ കവിസാൎവ്വഭൌമന്മാർ അവസരോചിതമായി നിൎമ്മിച്ചിട്ടുള്ളവയേ ആയിരുന്നുള്ളു. ഇങ്ങിനെ വന്നതോടുകൂടി പ്രാചീനതമങ്ങളായ നാടകങ്ങളും നാട്യസമ്പ്രദായവും ക്രമേണ നശിച്ചുപോയി എന്നു നമുക്കു് ഊഹിക്കാവുന്നതാണു്. ഇതുതന്നെയായിരിക്കാം, സംസ്കൃതസാഹിത്യത്തിൽ രൂപകങ്ങൾക്കുള്ള ദൌർല്ലഭ്യത്തിന്നു കാരണം.

ഈ മതം സ്വീകാൎയ്യമെന്നു തോന്നുന്ന പക്ഷം, ഭാസനാടകങ്ങൾ കേരളത്തിൽ മാത്രം നിലനിന്നു പോന്നതെന്തുകൊണ്ടാണു് എന്ന ചോദ്യത്തിന്നു സമാധാനം പറയേണ്ടതായിരിക്കുന്നു. ചരിത്രദൃഷ്ട്യാ നോക്കുന്നതായാൽ കാണാവുന്നിടത്തോളവും, ഊഹിക്കാവുന്നിടത്തോളവും കാലം മുതൽക്കുതന്നെ കേരളം ഭരിച്ചുവന്നിരുന്നതു് ഹിന്തുരാജാക്കന്മാരാകുന്നു. ഈ ഭരണത്തിൽ പറയത്തക്കതായ യാതൊരു പരിവൎത്തനവും ഒരിക്കലും വന്നിട്ടുമില്ല. നമ്മുടെ മഹാരാജാക്കന്മാർ സംസ്കൃതത്തെ ഭക്തിപൂൎവ്വം പാലിച്ചുപോന്നു. അതുനിമിത്തം ആ ഭാഷയ്ക്കു് ഇവിടെ അത്രവലിയകോട്ടമൊന്നും ഉണ്ടായില്ല. എന്നുമാത്രമല്ല, പ്രാചീനങ്ങളായ നാടകങ്ങളും രംഗപ്രയോഗസമ്പ്രദായവും നിലനിന്നുപോന്നു് ഇപ്പോഴും ചാക്യാർകൂത്തിൽ ജീവിച്ചിരിക്കുന്നുമുണ്ടു്. ഈ സംഗതിയാൽതന്നെ മഹാകവി ശ്രീഭാസന്റെ സന്ദൎഭസുന്ദരങ്ങളും, സുഖപ്രയോജ്യങ്ങളും ആയ നാടകങ്ങൾക്കു് കേരളത്തിൽ ഈ വിധം പ്രതിഷ്ഠ കിട്ടുവാനുള്ള ഹേതുവും സുവ്യക്തമായിരിക്കുന്നു.

ഭാസനാടകങ്ങളുടെ പ്രധാനഗുണം പ്രയോഗസൌ

കയ്യമാണ്. രംഗത്തിൽ പ്രയോഗിക്കുവാൻ ഇത്ര സൌകര്യമുള്ളതായിട്ട വേറെ നാടകങ്ങൾ സംസ്കൃതസാഹിത്യത്തിൽ ഉണ്ടോ എന്നുതന്നെ സംശയമാണ്. സങ്കല്പാദികളെക്കൊണ്ടു മാത്രം സാധിക്കേണ്ടതായ ഭാഗങ്ങൾ ഭാസനാടകങ്ങളിൽ വളരെ കുറവാണ്. യഥാവിധി രംഗത്തിൽ പ്രയോഗിക്കുന്നുവെങ്കിൽ അതിമനോഹരങ്ങളായിത്തീരുന്ന സന്ദർഭവിശേഷങ്ങൾ ഇദ്ദേഹത്തിന്റെ ഓരോ നാടകങ്ങളിലും ധാരാളം കാണുന്നുണ്ട്. എന്നുമാത്രമല്ല, അഭിനയം കൊണ്ടുമാത്രം പൂരിപ്പിക്കേണ്ടതായ ഭാഗങ്ങളും ഇതരനാടകങ്ങളിൽ ഉള്ളതിൽ എത്രയോ അധികം ഈ നാടകങ്ങളിൽ കാണാം. ഈവക സംഗതികളാൽ ഭാസനാടകങ്ങൾ പ്രയോഗാർഹങ്ങൾ എന്നുമാത്രമല്ല, സാധാരണ പ്രയുക്തങ്ങളുമായിരുന്നു. ഇപ്പോഴും ഇവയിൽ ചിലത് ചാക്യാന്മാർ അമ്പലങ്ങളിൽ ആടുന്നുണ്ട്. കാളിദാസന്ന് എത്രയോ മുമ്പുതന്നെ ഭാസനാടകങ്ങൾ രംഗത്തിൽ പ്രയോഗിക്കാറുണ്ട് എന്നുള്ളതിലേക്ക് "പ്രാപ്യാവന്തീനുദയനകഥാകോവിദഗ്രാമവൃദ്ധാൻ" എന്ന മേഘസന്ദേശത്തിലെ ഒരു ഭാഗം സൂചകമാകുന്നു. അവന്തിയിലെ ഗ്രാമവൃദ്ധന്മാർ ഉദയനകഥാകോവിദന്മാരായത്, പ്രതിജ്ഞായൌഗന്ധരായണം, സ്വപ്നവാസവദത്തം എന്നീ നാടകങ്ങൾ വായിച്ചിട്ടാണ് എന്നു വിചാരിക്കുന്നതിലും നല്ലത് അവയെ രംഗപ്രയുക്തങ്ങളായി കണ്ടിട്ടാണ് എന്നു വിചാരിക്കുന്നതാണ്. നമ്മുടെ ഗ്രാമീണന്മാർ, തുള്ളലും കഥകളിയും മററും കണ്ട് ഭാരതം രാമായണം മുതലായ ഇതിഹാസങ്ങളിലെ കഥകൾ ധരിക്കുന്നതു നമുക്ക് അനുഭവപ്പെട്ടതാണല്ലോ.

മേൽകാണിച്ച കാളിദാസവാക്യത്തിൽനിന്ന് അനുമിച്ച സംഗതി സമ്മതിക്കുന്നപക്ഷം ഭാസന്റെ ഈ രണ്ടു നാടകങ്ങൾ അവന്തിയിൽ മാത്രം സുപ്രസിദ്ധമാകുവാൻ കാരണമെന്താണെന്നു പറയേണ്ടതായിരിക്കുന്നു. അക്കാലങ്ങളിൽ അവന്തിയായിരിക്കാം സാഹിത്യകലയുടെ പ്രധാനരംഗം. അല്ലെങ്കിൽ, നമ്മുടെ കവി, അവന്തിനഗരത്തെയായിരിക്കാം സ്വവാസംകൊണ്ട് അലങ്കരിച്ചിരുന്നത്.

ഇതിൽ രണ്ടാമത്തെ പക്ഷമാണ് ശരിയായിട്ടുള്ളതെങ്കിൽ, ഭാസന്റെ ജന്മഭൂമി ഏതാണെന്നു തീൎച്ചയായി. പക്ഷേ, ഇദ്ദേഹത്തിന്റെ നാടകങ്ങളിൽ ഒരു മലയാളിസ്വാദ് ധാരാളം തോന്നുന്നുണ്ട്. ഈ നാടകങ്ങളെല്ലാം ഇവിടെനിന്നു കിട്ടിയതുകൊണ്ടായിരിക്കാം ഈ ബുദ്ധി തോന്നുന്നത്. എങ്കിലും ഈ മതത്തെ സാധുവാക്കുന്നതിലേക്ക് ഒരു സംഗതി മാത്രം ഇവിടെ പറയാം. പ്രസ്തുത നാടകത്തിൽ വൎണ്ണിച്ചിട്ടുള്ളപ്രകാരം ശ്രീരാമന്റെ പട്ടാഭിഷേകം സീതാദേവിയോടുകൂടാതെകണ്ടാണ്. ദേവിക്ക് ആ മംഗളകൎമ്മത്തിൽ യാതൊരു സ്ഥാനവും യാതൊരു ഭാഗവും തന്നെയില്ല. തന്നിമിത്തം ഈ രാമപട്ടാഭിഷേകത്തിന്നു നമ്മുടെ മഹാരാജാക്കന്മാരുടെ പട്ടാഭിഷേകത്തിന്റെ ഛായയുണ്ട്. രാജപത്നിക്കു പട്ടമഹിഷീസ്ഥാനമില്ലാതെ മറെറങ്ങും നമ്മുടെയിടയിലല്ലാതെ കാണുന്നില്ല. ഈ ഒരു സംഗതിതന്നെ ഭാസൻ ഒരു മലയാളിയെന്നുള്ളതിലേക്കു സാമാന്യം നല്ല തെളിവാണെന്നു ഞാൻ വിചാരിക്കുന്നു.

## പ്രതിമാനാടകം.

ഭരതൻ പ്രതിമാഗൃഹത്തിൽവെച്ച കാണുന്ന ദശരഥന്റെ പ്രതിമയ്ക്കുള്ള പ്രാധാന്യത്തെ പുരസ്കരിച്ചാണ് ഈ നാടകത്തിന്നു പ്രതിമാനാടകം എന്നു പേരിട്ടത്. ചരിത്രദൃഷ്ട്യാ നോക്കുന്നതായാൽ ഭാസനാടകചക്രത്തിൽ വെച്ച് എല്ലാററിലും പ്രധാനമായിട്ടുള്ളതാണ് പ്രതിമാനാടകം എന്നു നിസ്സംശയം പറയാം. ഈ പ്രാധാന്യത്തിന്നു കാരണം മൂന്നാമങ്കത്തിൽ വർണ്ണിച്ചിരിക്കുന്ന പ്രതിമതന്നെയാകുന്നു. പ്രതിമ കൊത്തുന്ന വിഷയത്തിൽ നമ്മുടെ പൂർവ്വീകന്മാർ പറയത്തക്ക നൈപുണ്യം സമ്പാദിച്ചിരുന്നുവോ എന്ന സംഗതി ഇതേവരെ വാദഗ്രസ്തമായിരുന്നു. പക്ഷെ, ഈ നാടകം പുറത്തു വന്നതോടുകൂടി ബി. സി. 400-ന്നു മുമ്പുതന്നെ ഈ കലാവിദ്യയിൽ ഹിന്തുക്കൾ അതിയായ പാടവത്തെ പ്രദർശിപ്പിച്ചിട്ടുണ്ടായിരുന്നു എന്നു തെളിയുന്നു. രണ്ടാമത് ഹിന്ദുമതത്തിൽ ഇപ്പോൾ കണ്ടുവരുന്ന വിഗ്രഹാരാധന പാശ്ചാത്യപണ്ഡിതന്മാർ പറയുംപോലെ ബുദ്ധമതത്തിൽനിന്നു എടുത്തിട്ടുള്ളതല്ലെന്നും അതു ഹിന്തുമതത്തിൽ സ്വതസ്സിദ്ധമായിട്ടുള്ളതാണെന്നുംകൂടി വെളിവാകുന്നു. അക്കാലത്തു അമ്പലങ്ങൾ ധാരാളമുണ്ടായിരുന്നുവെന്നും, അവയിൽ ചിലപ്പോൾ ഒന്നിലധികം വിഗ്രഹങ്ങൾ സ്ഥാപിക്കാറുണ്ടായിരുന്നുവെന്നും,ബാഹ്യങ്ങളായ ചിഹ്നങ്ങളിൽനിന്നു ദേവതയെന്തെന്നു അറിയാവുന്നതാണെന്നും പൌർണ്ണമാസി ഒരു വിശേഷദിവസമാണെന്നും മററും പല സംഗതികളും ഭരതന്റെ വാക്കിൽനിന്നു സ്പഷ്ടമാകുന്നുണ്ട്. ആകപ്പാ-

ടെ ഭാസൻെറ കാലത്തു വിഗ്രഹാരാധന ഉന്നതപദവിയിൽ എത്തിയിരുന്നു എന്നു തീൎച്ചതന്നെ. പ്രതിമാഗൃഹവൃത്താന്തത്തിൽനിന്നു ഭാസൻെറ കാലത്ത് കാരണവന്മാരുടെ പ്രതിമ കൊത്തി വെച്ചുപൂജിക്കുന്ന സമ്പ്രദായവും ആൎയ്യന്മാരുടെ ഇടയിൽ നടപ്പുണ്ടായിരുന്നുവെന്നു വിചാരിക്കാം. ഈ സംഗതിയും ഭാസൻെറ ദേശകാലാദികളെ നിൎണ്ണയിക്കുന്നതിന്നു ഉപയോഗമായിത്തീരുന്നു. സാഹിത്യദൃഷ്ട്യാ അപ്രധാനമായ ഈ ചരിത്രവിഷയം ഇവിടെ ഇതിലധികം വിസ്തരിക്കുന്നില്ല.

വസ്തുഘടന.

ദിനംപ്രതി വൎദ്ധിച്ചുവരുന്ന വാൎദ്ധക്യബാധയാൽ പ്രേരിതനായ ദശരഥമഹാരാജാവ് ശ്രീരാമനെ യുവരാജാവായി അഭിഷേകം ചെയ്യുവാൻ നിശ്ചയിച്ചു. സൎവ്വമംഗളമായ ഈ അഭിഷേകം നിറവേററുകയാണ് പ്രസ്തുത നാടകത്തിലെ സാദ്ധ്യമായ കാൎയ്യം. 'ശുഭസ്യശീഘ്രം' എന്നു വെച്ച് സന്നിഹിതമായ ഒരു സുദിനത്തിൽ പ്രിയപുത്രനെ സഭാമദ്ധ്യേ വരുത്തി അഭിഷേകോദകം തലയിൽ വീഴ്ത്തുവാൻ തുടങ്ങുമ്പോൾ അതൎക്കിതമായ ഒരു പ്രതിബന്ധം നേരിടുന്നു. ആ പ്രതിബന്ധത്തെ ശാഖോപശാഖമായി രസാനുഗുണ്യേന പോഷിപ്പിച്ച്, ഒടുവിൽ, ഓരോന്നോരോന്നായി നിരാകരിച്ച് ഉദ്ദിഷ്ടമായ രാമപട്ടാഭിഷേകത്തെ സാധിക്കയാണ് നാടകത്തിലെ കഥാവസ്തു. കഥാഗങ്ങളായ സന്ദൎഭങ്ങളെ കൂട്ടിയിണക്കുന്നതിലും പാത്രസ്വഭാവങ്ങളെ ആവിഷ്കരിക്കുന്നതിലും നമ്മുടെ കവി, സുപ്രസിദ്ധമായ വാത്മീകിയുടെ കാവ്യപന്ഥാവിനെ പരിത്യ

ജിച്ച് അവയിൽ സ്വമേധയാ ചില ഭേദഗതികഠം അവിടവിടെ ചെയ്തിട്ടുണ്ട്.

കൈകേയിയുടെ പ്രേരണനിമിത്തം "മന്ഥരയണഞ്ഞെന്തോ പറഞ്ഞു കൈ ശ്രവസ്സിങ്കൽ ചൊല്ലി"യതോടുകൂടി രാമാഭിഷേകം വിഘടിതപ്രായമായിത്തീരുന്നു. ആ പ്രതിബന്ധത്തെ മൂന്നായി ഉടച്ചുവാത്ത്, ഓരോന്നും ഓരോ പാത്രങ്ങളെക്കൊണ്ടു വഴിക്കുവഴിയായി പ്രത്യക്ഷപ്പെടുത്തുന്നു. ഒന്നാമതു്, മഹാരാജാവുതന്നെ "അഭിഷേകം തൽക്കാലം നിൽക്കട്ടെ" എന്നു് അരുളിച്ചെയ്തു. വിഘ്നത്തിൻെറ പ്രയോജനം ഭരതാഭിഷേകമാണെന്നു കാഞ്ചുകീയൻെറ മുഖത്തിൽനിന്നു വെളിവായപ്പോഠം രാമാഭിഷേകം എന്നന്നേയ്ക്കും ഇല്ലെന്നകൂട്ടത്തിൽതന്നെയായി. അവസാനം, കൈകേയീകൃത്യത്തിൻെറ ക്രൂരതമമായ മൂന്നാമത്തെ ഭാഗവുംകൂടി ലക്ഷ്മണൻ "നില്ലാതെ ചെന്നു വനഭൂമിയിലേഴുമേഴും കൊല്ലങ്ങളോളമവിടന്നരുളേണമത്രേ" എന്നിങ്ങിനെ പറഞ്ഞതോടുകൂടി നായകൻെറ ദേഹാപായത്തിന്നുള്ള മാൎഗ്ഗംതന്നേയും വെട്ടിത്തെളിയിച്ചുകഴിഞ്ഞു. കൈകേയീകൃതമായ വിഘ്നത്തെ ഇങ്ങിനെ ഓരോന്നോരോന്നായി ഘടിപ്പിച്ചതുകൊണ്ടു അതിന്നു അസാധാരണമായ പൂൎത്തിയും ശക്തിയും സിദ്ധിച്ചു. പുത്രവിരഹദുഃഖം ഹേതുവായിട്ടു ദശരഥൻ മരിച്ചതോടുകൂടി വിഘ്നനിവാരണത്തിന്നുള്ള മാൎഗ്ഗവും അടഞ്ഞുപോകുന്നു. ആകപ്പാടെ രണ്ടാമങ്കത്തിൻെറ അവസാനത്തിലെത്തുമ്പോഴയ്ക്കു രാമപട്ടാഭിഷേകം ഇനി എപ്പോഴെങ്കിലും ഉണ്ടാകുമെന്നു മോഹിപ്പാൻതന്നെയും വഴിയില്ലാത്തവിധത്തിലാണു് കഥ ബന്ധിച്ചിരിക്കുന്നതു്.

ഇങ്ങിനെ വിഘ്നങ്ങളുടെ എണ്ണവും വണ്ണവും കൂടി ക്കൂടി അവസാനത്തിൽ അവ ഒരു കട്ടംകെട്ടായിത്തീൎന്നു. പക്ഷെ, മീതക്കുമീതെ കെട്ടുവീഴുമ്പോൾ മുറുകുന്നതിനുപകരം അഴിഞ്ഞുപോകുന്നപോലെ, ദശരഥൻെറ ദേഹവിയോഗം വിഘ്നങ്ങളുടെ ഒരു നിവാരണമാൎഗ്ഗമായി കലാശിച്ചു. പിതാവിൻെറ അകാലവിയോഗത്താൽ ഭരതൻ ഉടനേ അയോദ്ധ്യയിലെത്തി; തനിക്കു രാജ്യം വേണ്ടെന്നുപറഞ്ഞതോടുകൂടി ആസന്നമായി കരുതിയിരുന്ന ഭരതാഭിഷേകം ഇല്ലാതായി. വനവാസിയായ രാമൻ ചതുൎദ്ദശവൎഷാനന്തരം രാജ്യം സ്വീകരിച്ചുകൊള്ളാമെന്നു പറഞ്ഞു കഴിഞ്ഞപ്പോൾ രാമപട്ടാഭിഷേകം ഒരു കാലത്ത് ഉണ്ടാകാമെന്നും തീൎച്ചയായി. ഈ അവസ്ഥയിലാണ് നാലാമങ്കത്തിൻെറ അവസാനത്തിൽ കഥ ഇരിക്കുന്നത്.

പ്രഥമദശയിൽ തീരെ വിഘടിതപ്രായമായ ഉദ്ദിഷ്ട കാൎയ്യം യഥാകാലം സിദ്ധമായിത്തീരുമെന്നു വിചാരിച്ച് ഒരു ദീൎഘശ്വാസമിട്ട് ദീൎഘമായ കാലത്തിൻെറ യാനംമാത്രം കാംക്ഷിച്ചിരിക്കുമ്പോൾ അതാ പെട്ടെന്ന് ഒരു പുതിയ വിഘ്നം നേരിടുന്നു. രാവണൻ സീതയെ അപഹരിച്ചു. നായികയുടെ അപായം നിശ്ചിതമായിത്തീൎന്നു. ഇന്ദ്രാദികൾക്കുകൂടി അജയ്യനായ രാവണനോടുകൂടി യുദ്ധംചെയ്യേണ്ടതായിവന്നതിനാൽ നായകാപായവും ആശങ്കിക്കേണ്ടതായിത്തന്നെവന്നു.

ഈ ദുൎദ്ദശയിൽ രാമനെ സഹായിച്ചു തന്മൂലം ഈ പ്രതിബന്ധത്തെ നിരാകരിക്കുന്നതിനായിട്ടുള്ള ഭരതൻെറ യുദ്ധയാത്രാരംഭത്തെ വൎണ്ണിക്കുന്നതോടുകൂടി ആറാമങ്കവും അവസാനിക്കുന്നു.

ഒരു പ്രതിബന്ധത്തിൻെറ നിലയിൽ ഘടിപ്പിച്ചിട്ടുള്ള സീതാപഹരണവൃത്താന്തം വേറവിധത്തിലും ഉപകാരപ്രദമായിത്തീരുന്നുണ്ട്. കാലകൃതമായ വിഘ്നം കാലംകൊണ്ടുമാത്രമേ നീങ്ങുകയുള്ളു. ഇതരവിഘ്നങ്ങളെല്ലാം തീൎന്നിരിക്കെ ഇതു വാസ്തവത്തിൽ നീരസത്തെ ജനിപ്പിക്കും. ഈ ഒരു ദോഷത്തെ നിരാകരിപ്പാനും നാടകദ്രഷ്ടൃാ ശുഷ്കപ്രായമായ ആ ദീൎഘകാലത്തെ രസവത്താക്കിത്തീൎപ്പാനും ഇതുപകരിക്കുന്നു.

ഇതിന്നുംപുറമേ സ്ഥായിയായി നിൽക്കുന്ന ഒരു വിഘ്നവും കൂടിയുണ്ടു്. അതു രാമാഭിഷേകം കൈകേയി സമ്മതിക്കുമോ എന്നുള്ളതാണ്. സീതാപഹരണവൃത്താന്തംകേട്ട് മാതാവിനെ ഉപാലംഭനം ചെയ്വാനായി ഭരതൻ ചെന്നപ്പോൾ കൈകേയി സ്വകൃത്യത്തിൻെറ ഉദ്ദേശം ഐശ്വൎയ്യലാഭമല്ലെന്നും നേരമറിച്ച് മഹാരാജാവിൻെറ സത്യപരിപാലനം മാത്രമാണെന്നും സ്പഷ്ടമാക്കിയതോടുകൂടി പ്രതിബന്ധങ്ങൾ എല്ലാം നിരാകൃതങ്ങളായിത്തീരുന്നു. രാമൻ രാവണനെ നിഗ്രഹിച്ചു സീതയെ വീണ്ടെടുത്തു സ്വാശ്രമത്തിലേക്കു് എത്തുമ്പോഴേക്കും ഭരതൻ ഗുരുജനങ്ങളോടും മന്ത്രിമുഖ്യന്മാരോടും പൌരപ്രധാനന്മാരോടും കൂടി അവിടെ എത്തുന്നു. കാലകൃതമായ വിഘ്നവുംകൂടി അന്നേക്കു തീൎന്നുകൊണ്ടു് ആ പുണ്യാശ്രമത്തിൽവെച്ചുതന്നെ സൎവ്വലോകഹിതമായ പട്ടാഭിഷേകമംഗളം നിറവേറുകയും ചെയ്യുന്നു.

ഇപ്രകാരമാണ് പ്രകൃതനാടകത്തിൽ കഥാവസ്തു സംഘടിപ്പിച്ചിട്ടുള്ളതു്. പ്രസിദ്ധമായ രാമായണകഥയെ

ഇങ്ങിനെ ഉടച്ചുവാൎത്തു കൂട്ടിയിണക്കുന്നതിൽ നമ്മുടെ കവി അനിതരസാധാരണമായ പാടവം പ്രദൎശിപ്പിച്ചിരിക്കുന്നു.

* കവികല്പിതമായ വൈചിത്ര്യങ്ങൾ.

പ്രസ്തുത നാടകത്തിലെ കവികല്പിതമായ വൈചിത്ര്യങ്ങളിൽ പ്രധാനമായവ ചീരവസനവൃത്താന്തം, പ്രതിമാഗൃഹം, രാമരാവണസംവാദം, ഭരതന്റെ യുദ്ധയാത്രാരംഭം എന്നിവയാണ്. ഇവ ഓരോന്നും പ്രകൃതത്തിൽ എത്രത്തോളം ഉചിതമായിരിക്കുന്നു എന്നു പരിശോധിക്കാം.

കാവ്യത്തിൽ രാമാദികൾക്കു ചീരവസനം കൊടുക്കുന്നതു കൈകേയിതന്നെയാണ്. നാടകത്തിലാകട്ടെ സംഗീതശാലയിൽനിന്നാണ് ഇവക്ക് ഇതു കിട്ടുന്നതു്. ചീരവസനത്തെ ഇങ്ങിനെ സമ്പാദിച്ചതു വളരെ ഉചിതമായിട്ടുണ്ട്. സൎവ്വൎക്കും ഒരുപോലെ സന്തോഷാവഹമായിട്ടുള്ള മംഗളകൎമ്മവും അതിന്റെ വിഘ്നവും ഒരിടത്തു നടക്കുമ്പോൾ ഇതൊന്നുമറിയാതെ വേറെ ഒരു ദിക്കിൽ സീതാദേവി ചീരവസനം അണിഞ്ഞു നേരം പോക്കുന്നു. മംഗളം അമംഗളമായി പരിണമിച്ചപ്പോൾ നേരംപോക്കു 'കാൎയ്യംപോക്കാ'യും തീരുന്നു. പരസ്പരവിരുദ്ധം എന്ന മാതിരിയിലുള്ള കാൎയ്യദ്വയത്തെ ഒരേസമയത്തു വൎണ്ണിച്ചുകൊണ്ടുവന്ന് അവസാനത്തിൽ അംഗാംഗിയുടെ നില

---

* ഭരതൻ ലക്ഷ്മണന്റെ അനുജനെന്നും മററുമുള്ള വ്യത്യാസങ്ങളെ നോക്കുമ്പോൾ ഭാസന്റെ മൂലം വാല്മീകിരാമായണമാണോ എന്നുകൂടെ ശങ്കിക്കേണ്ടിയിരിക്കുന്നു.

യിൽ ഘടിപ്പിച്ചിട്ടുള്ളതു എത്രയും പ്രശംസാർഹമായിരിക്കുന്നു.

പ്രതിമാഗൃഹവൃത്താന്തത്തെ അടിസ്ഥാനപ്പെടുത്തീട്ടാണ് പ്രസ്തുത നാടകത്തിന്നു പ്രതിമാനാടകം എന്നു പേർ വന്നിട്ടുള്ളതെന്നു മുമ്പേ പറഞ്ഞിട്ടുണ്ടല്ലോ. പ്രഥമദൃഷ്ടിയിൽ നീചമെന്നു തോന്നുന്ന കൈകേയീകൃത്യത്തിന്റെ പ്രധാനഫലങ്ങളെ ഇവിടെവെച്ചാണ് ഭരതൻ ആദ്യമായി ധരിക്കുന്നതു്. ഇതുകൊണ്ടും, ഇവിടെനിന്നു മേല്പോട്ടു വിഘ്നങ്ങൾ ഓരോന്നോരോന്നായി നിരാകരിക്കപ്പെടുന്നതുകൊണ്ടും—അതായതു സംഘടനയിൽ ഇതൊരു കേന്ദ്രസ്ഥാനമായിരിക്കുന്നതുകൊണ്ടുമാണു് ഈ സംഗതിക്കു് ഇത്ര പ്രാധാന്യം കൊടുത്തിട്ടുള്ളതു. സർവ്വലോകത്തേയും സന്താപസാഗരത്തിൽ നിമഗ്നമാക്കിച്ചെയ്ത സ്വമാതാവിന്റെ കർമ്മത്തെപ്പററി പ്രതിമാസ്ഥനായ പിതാവിന്റെ മുമ്പിൽവെച്ചു് ഒരു മൂന്നാമങ്കൽനിന്നാണ് ഭരതൻ ധരിക്കുന്നതു്. ഇതിന്റെ ഔചിത്യത്തെക്കുറിച്ചു് ഇവിടെ അധികം പ്രസ്താവിക്കേണമെന്നില്ല. അഹമഹമികയാ തന്റെ മനസ്സിൽ കിടന്നു മല്ലിടുന്ന സന്താപക്രോധാദികൾ ലക്ഷ്യാഭാവം ഹേതുവായി സ്വയമേവ വിലയം പ്രാപിക്കുന്നു. തൽഫലമായി ഇടക്കിടെ മോഹംഗതനായും തീരുന്നു. ഒരിക്കൽ മോഹാലസ്യപ്പെട്ടുകിടക്കുമ്പോഴാണ് ദേവിമാർ പ്രതിമാഗൃഹം സന്ദർശിക്കുവാനായി എഴുന്നള്ളുന്നത്. ദേശകാലാദികളുടെ വൈഭവത്താൽ കൈകേയിക്കു് അധികമായി ശകാരം കേൾപ്പാനോ ഈ ദുർദ്ദശാപരിണാമത്തിന്നുണ്ടായ വാസ്തവഹേതുവെന്താണെന്നു വെളിവാക്കുവാനോ ഇടവന്നില്ല. കൈ

കേയിയുടെ യഥാൎത്ഥമായ ഉദ്ദേശം ദുഷ്ടമല്ലെന്നു വരുത്തീട്ടുള്ള സ്ഥിതിക്കു ഈ സന്ദൎഭം ഇങ്ങിനെ ഘടിപ്പിച്ചതു എത്രയും ഉചിതമായിരിക്കുന്നു.

കവികല്പിതമായ മൂന്നാമത്തെ സംഗതി, സീതാപഹരണത്തിൻെറ ഒരു പ്രസ്താവനപോലെ വൎണ്ണിച്ചിട്ടുള്ള രാമരാവണസംവാദമാകുന്നു. സ്ത്രീകൾക്കു പ്രതിനിമിഷം ഉണ്ടായിക്കൊണ്ടിരിക്കുന്ന ഒരു വെറുംമോഹത്തെ സാധിപ്പിക്കുന്നതിനല്ല, തൻെറ പിതാവിൻെറ വാൎഷികമായ ശ്രാദ്ധം യഥാവിധി നിൎവ്വഹിപ്പാനാണു നായകൻ പൊന്മാനിൻെറ പിന്നാലെ പോയതു എന്നാണു ഈ സംവാദത്തിൽനിന്നു വന്നുകൂടുന്നതു. ഇങ്ങിനെ വൎണ്ണിച്ചതുകൊണ്ടു നായകനെക്കുറിച്ചുള്ള നമ്മുടെ ഭക്തിബഹുമാനാദികൾ വൎദ്ധിക്കുന്നതേയുള്ളു. തീരെ അപരിചിതനായ ഒരുവങ്കൽ സീതാദേവിയെ ഏല്പിച്ചുപോയതിൽ അപ്രതീക്ഷ്യകാരിത കാണുന്നു എന്നു ഒരു ദുസ്തൎക്കം പുറപ്പെടുവിക്കാം. പക്ഷെ, അപരിചിതനാണെങ്കിലും അതിഥി ഒരു പരിവ്രാജകനാണു. എന്നുമാത്രമല്ല, 'ആത്മവൽ സൎവ്വഭൂതാനി' കണ്ടുകൊണ്ടുവരുന്ന ശ്രീരാമൻ ആൎജ്ജവാദിഗുണങ്ങളെ വേഷഭാഷാദികളെക്കൊണ്ടു വിശിഷ്ടനായ ഒരു സാധുവിങ്കൽ പ്രതീക്ഷിക്കാതിരുന്നാൽ അതുതന്നെയായിരിക്കുമല്ലൊ ഒരു പ്രധാനന്യൂനത.

സീതാപഹരണവൃത്താന്തം ഭരതൻ ധരിച്ചതായും രാമസാഹായ്യത്തിന്നായി സൈന്യസമേതം പുറപ്പെടുന്നതായിട്ടുമാണു നാലാമങ്കത്തിൽ വൎണ്ണിച്ചിട്ടുള്ളതു. വനവാസികളായ ഭ്രാതാക്കന്മാരുടെ വൃത്താന്തം അന്വേഷി

ച്ചിരുന്നതായും, ആപത്തുകാലത്ത് അവരെ സഹായിപ്പാനായി സൈന്യസമേതം പുറപ്പെട്ടതായും കല്പിച്ചിരിക്കുന്നതിൽനിന്നു ഭരതന്റെ സ്വഭാവത്തിന്നു അധികതരമായ ഒരു സ്വാഭാവികത സിദ്ധിച്ചിരിക്കുന്നു. കാവ്യദ്രഷ്ടൃാ ഭരതന്റെ മേൽ ചുമത്താവുന്ന ന്യൂനതയ്ക്കു് ഇതുകൊണ്ട് അവകാശമില്ലാതേയും വന്നു.

## പാത്രസൃഷ്ടി.

വസ്തുഘടനയിലെന്നപോലെ പാത്രസൃഷ്ടിയിലും കവി വാത്മീകിപന്ഥാവിനെ അല്പാല്പം അതിലംഘിച്ചിട്ടില്ലെന്നില്ല. ശ്രീരാമൻ, ഭരതൻ, കൈകേയി എന്നീ മൂന്നു പാത്രങ്ങളെ ഒന്ന് ഉടച്ചുവാർത്തിരിക്കുന്നു എന്നുതന്നെ പറയാം. ആകയാൽ ആ പാത്രങ്ങളെക്കുറിച്ചു മാത്രം ഇവിടെ അല്പം പ്രസ്താവിക്കുന്നത് ഉചിതമായിരിക്കും.

വാത്മീകി രാമനെ ഒരു ലൌകികപുരുഷനായിട്ടാണു വർണ്ണിച്ചിട്ടുള്ളത്. തന്നിമിത്തം രാമായണത്തിൽ ഏതുഭാഗം വായിച്ചുനോക്കുമ്പോഴും ഇദ്ദേഹത്തെക്കുറിച്ച് ഒരു സജാതീയനെന്ന ബുദ്ധിയും മമതയും നമുക്കു തോന്നുന്നു. എന്നാൽ ഭാസന്റെ രാമനിലാകട്ടെ ഒരു ലോകാതിശായിത്വം മുന്നിട്ടു നിൽക്കുന്നു. കൈകേയീകൃതമായ അവസ്ഥാന്തരത്തെപ്പററി ഇദ്ദേഹം ശ്രദ്ധമായിട്ടുപോലും ഒരിക്കലും അതൃപ്തിഭാവിക്കുന്നില്ല. വാത്മീകി പറയുംപോലെ സീതയുടെ അഭിലാഷപൂർത്തിക്കായിട്ടല്ല, ഇവിടെ പൊന്മാനിനെ തേടുന്നത്. പിന്നെയോ, അച്ഛന്റെ ശ്രാദ്ധകർമ്മം നിർവ്വഹിപ്പാനായിട്ടാണ്. ഈ വക സംഗതികളാൽ പ്രത്യക്ഷമായ ലോകാതിശായിത്വം നിമിത്തം ഭാ

സൻെറ രാമനിൽ നമുക്കു മമതയെക്കാറം അധികം ഭക്തിജനിക്കുന്നതിൽ അത്ഭുതമില്ല.

ഭരതനെ സംബന്ധിച്ചേടത്തോളം ഇതു നേരേ മറിച്ചാണ്. വാത്മീകിയുടെ ഭരതനെക്കാറം ഭാസൻെറ ഭരതൻ ലൌകികനായിരിക്കുന്നു. ഈ ലൌകികസ്വഭാവം അധികമായി പ്രത്യക്ഷപ്പെട്ടിരിക്കുന്നത് ആറാമങ്കത്തിലാണ്. പതിന്നാലു സംവത്സരക്കാലം രാമോദന്തം ഒട്ടുംതന്നെ അന്വേഷിക്കാത്തവിധത്തിലാണ് ആദികാവ്യത്തിൽ ഭരതനെ വൎണ്ണിച്ചിട്ടുള്ളത്. ഈ അലൌകികത നാടകത്തിൽ തീരെ കളഞ്ഞിട്ടുണ്ട്.

കൈകേയിയുടെ സ്വഭാവാവിഷ്കരണത്തിൽ നമ്മുടെ കവി ആദികവിയുടെ ടപന്ഥാവിൽനിന്ന് അത്യധികം അകന്നുനിൽക്കുന്നു. ആദികാവ്യത്തിൽ വൎണ്ണിച്ചിരിക്കുന്ന ചാപല്യം നാടകത്തിലെ കൈകേയിയിൽ ലേശമെങ്കിലുമില്ല. ഭൎത്താവിൻെറ സത്യരക്ഷണം മാത്രമല്ലാതെ, രാമവിവാസനമോ ഭരതാഭിഷേകമോ ഉദ്ദേശിച്ചല്ലാ ദേവി ആ വിധം പ്രവൎത്തിച്ചത്. അതുതന്നെ വസിഷ്ഠവാമദേവാദികളുടെ അറിവോടും അനുമതിയോടും കൂടിയുമാകുന്നു. അതിയായ പുത്രവാത്സല്യത്താൽ സത്യത്തേയും ശാപത്തേയും മറന്ന് ഉദാസീനനായിരിക്കുന്ന മഹാരാജാവിനെ സത്യപ്രതിജ്ഞനും ശാപവിമുക്തനും ആക്കിത്തീൎപ്പാൻ ഉത്സാഹിക്കേണമെന്നും അങ്ങിനെ ചെയ്യുന്നതുകൊണ്ടു വരാവുന്ന അപകീൎത്തിയെ സഹിച്ചുകൊള്ളാമെന്നും നിശ്ചയിച്ചിട്ടാണ് ആ സതീരത്നം അഭിഷേകം വിഘ്നപ്പെടുത്തിയത്. പക്ഷേ ഹതവിധിയുടെ ദുൎവ്വിലസിതത്താൽ ക

ൎമ്മം ഉദ്ദേശിച്ചവിധത്തിൽതന്നെ ഫലിച്ചില്ല. താൻ വിധവയായിത്തീൎന്നു സ്വപുത്രന്റെ നിന്ദയ്ക്കുകൂടിയും താൻ പാത്രമായിത്തീൎന്നു. വസ്തുസ്ഥിതി ഇങ്ങിനെ ഇരിക്കെ ദേവീവിഷയമായ അനുകമ്പയും ഭക്തിബഹുമാനവും നമുക്കു പ്രതിപദം വൎദ്ധിച്ചുതന്നെ വരുന്നു.

## സ്ഥലകാലങ്ങൾ.

ഒന്നും, രണ്ടും, മൂന്നും, ആറും അങ്കങ്ങൾകൊണ്ടു വിവരിച്ച സംഗതികളെല്ലാം നടക്കുന്നതു് അയോദ്ധ്യയിൽ വെച്ചാകുന്നു. ശേഷമുള്ള മൂന്നു് അങ്കങ്ങളുടേയും രംഗം രാമാശ്രമമാണു്. ഒരങ്കത്തിലുംതന്നെ സ്ഥലമാററങ്ങൾ ഇല്ലാത്തതുകൊണ്ടു സ്ഥലകൃതമായി യാതൊരു അസൌകൎയ്യവും പ്രയോഗത്തിൽ വന്നുകൂടുന്നതല്ല.

കാലവിനിമയവിഷയത്തിൽ കവി അനിതരസാധാരണമായ പാടവം പ്രദൎശിപ്പിച്ചിട്ടുണ്ടു്. നാടകഗതമായ കഥയുടെ യഥാൎത്ഥകാലം 14 സംവത്സരമാണു്. രംഗത്തിലാകട്ടെ ഓരോ അങ്കങ്ങളും അനുസ്യൂതങ്ങളായി പ്രയോഗിക്കേണ്ടവയാകകൊണ്ടു് അവയെ ആ വിധത്തിലാണു് സംഘടിപ്പിച്ചിട്ടുള്ളതു്. രാമവിവാസനം, ദശരഥമരണം, ഭരതാഗമനം, രാമദൎശനം, എന്നീ വിഷയങ്ങളോടുകൂടിയ ആദ്യത്തെ 4 അങ്കങ്ങൾ തുടരെത്തുടരെ സംഭവിക്കുന്നതാണെന്നു സ്പഷ്ടമാണു്. നാലും, അഞ്ചും, തമ്മിലുള്ള അനുസ്യൂതത്വം "ചട്ടററീടുന്നയോദ്ധ്യാപുരി" എന്നാദിയായ വാക്യംകൊണ്ടും, അഞ്ചും, ആറും തമ്മിലുള്ളതിനെ ആറാമങ്കപ്രാരംഭത്തിലുള്ള ജടായുവൃത്താന്തംകൊണ്ടും, ആറും, ഏഴും തമ്മിലുള്ളതിനെ രാമഭരതന്മാരുടെ സമാഗമം

കൊണ്ടും നല്ലവണ്ണം വ്യക്തമാകുന്നു. ഇങ്ങിനെ ദീർഘകാലാന്തരിതങ്ങളായ കഥാംശങ്ങളെക്കൂടി തുടരെത്തുടരെ എന്നു തോന്നുമാറ് കൂട്ടി ഇണക്കി തദ്വാരാ പ്രയോഗദശയിൽ യാഥാർത്ഥ്യം വരുത്തീട്ടുള്ളതു ഏറ്റവും സ്തുത്യർഹമായിട്ടുള്ളതാണ്.

പക്ഷേ ഇതോടുകൂടി സൂക്ഷ്മദൃഷ്ടിക്കു വിഷയമാകാവുന്നവിധത്തിൽ വാസ്തവത്തിലുള്ള ദൈർഘ്യത്തേയും അവിടവിടെയായി സൂചിപ്പിച്ചിട്ടുണ്ട്. അയോദ്ധ്യയിൽനിന്നു ശൃംഗിവേരപുരത്തേയ്ക്കു ഒന്നരദിവസത്തിലധികം വഴിയില്ലാത്തതുകൊണ്ടു രാമവിവാസനം കഴിഞ്ഞു മൂന്നാംദിവസമാണ് ദശരഥന്റെ മരണം. അഭിഷേകം നിശ്ചയിച്ചിരുന്നതു * പുഷ്യനക്ഷത്രംകൊണ്ടായിരുന്നു. ഭരതൻ അയോദ്ധ്യയിൽ എത്തുന്നതു കാർത്തികനക്ഷത്രത്തിലാണല്ലോ. ഇത് അടിസ്ഥാനപ്പെടുത്തി നോക്കുമ്പോൾ രാമവിവാസനവും ഭരതാഗമനവും തമ്മിൽ കുറഞ്ഞത് 23 ദിവസത്തിന്റെ അന്തരമുണ്ടായിരിക്കണം. (പക്ഷേ ഭരതാഗമനത്തിന്നുമുമ്പുതന്നെ മഹാരാജാവിന്റെ പ്രതിമ സ്ഥാപിച്ചുകഴിഞ്ഞിട്ടുള്ളതുകൊണ്ടു ഇതിലധികം താമസം ഉണ്ടായി എന്നുവേണം നിശ്ചയിക്കുവാൻ.) മൂന്നും, നാലും, അങ്കങ്ങൾ തമ്മിൽ മൂന്നു നാലു ദിവസങ്ങളിലധികം അന്തരമില്ല. അതുകൊണ്ടു രാമവിവാസനവും ഭ്രാതാക്കളുടെ സമാഗമവും തമ്മിൽ ഒരു ചാന്ദ്രമാസത്തിലധികം അകലമില്ല എന്നു നിശ്ചയിക്കാം. "നാളെ അച്ഛന്റെ ശ്രാദ്ധദിവസമാണ്." എന്ന വാക്യത്തിൽനിന്നു ദശരഥന്റെ മ

* ആദികാവ്യം അയോദ്ധ്യാകാണ്ഡം നോക്കുക.

രണം കഴിഞ്ഞ് ഒരു കൊല്ലം തികയുന്നതിന്നു ഒരുദിവസം മുമ്പാണ് സീതാപഹരണമെന്നു വരുന്നുണ്ട്. ആറാമങ്കത്തിൽ ഭരതൻ രാമാശ്രമത്തിലേക്കു പുറപ്പെട്ടുന്നതുകൊണ്ടും ഏഴാമങ്കത്തിൽ അവിടെ എത്തുന്നതുകൊണ്ടും ഈ രണ്ടു അങ്കങ്ങൾതമ്മിൽ കുറച്ചുദിവസത്തെ അന്തരം മാത്രമേ പാടുള്ളൂ. രാമാശ്രമത്തിൽവെച്ചു അഭിഷേകമംഗളം നിറവേററുന്നതുകൊണ്ട് അന്നത്തേക്കു 14 കൊല്ലം പൂത്തിയായിരിക്കണം. ഈ സ്ഥിതിക്ക് അഞ്ചും, ആറും, അങ്കങ്ങൾ തമ്മിൽ 13 സംവത്സരത്തിന്റെ അന്തരം സമ്മതിച്ചേ തീരു. അതിദീർഘമായ ഈ കാലവിളംബത്തെ മറയ്ക്കുവാൻ വേണ്ടിയാണ് ജടായുവൃത്താന്തം ആറാമങ്കത്തിന്റെ പ്രാരംഭത്തിൽ വൎണ്ണിച്ചിട്ടുള്ളതു്. ഇത്രയും സംഗതികൾകൊണ്ടു ഈ വിഷയത്തിൽ കവി പ്രദശിപ്പിച്ചിട്ടുള്ള പാടവം ഏതാനും വ്യക്തമായിട്ടുണ്ടല്ലോ.

## ഉപസംഹാരം.

ഇതിലെ അംഗിയായ രസം ധമ്മവീരമാണ്. പിതാവിന്റെ സത്യപരിപാലനം വിഷയമായ നായകന്റെ ഉത്സാഹം സ്ഥായിയായിനിന്ന് വീരരസമായി പരിണമിക്കുന്നു. കരുണം രൌദ്രം മുതലായ ഇതരരസങ്ങൾ അംഗങ്ങളായിനിന്നു ഈ രസത്തെ യഥോചിതം പോഷിപ്പിച്ചിരിക്കുന്നു.

ഉദ്ദിഷ്ടകാൎയ്യം ഹസ്തലബ്ധമെന്നപോലെ ഇരിക്കുമ്പോൾ ഓരോ പ്രതിബന്ധങ്ങളെ കഥയിൽ യഥാവസരം ഘടിപ്പിക്കുന്നതിലും അവയെ നിരാകരിപ്പാനുള്ള ബീജങ്ങൾ നട്ടുവളൎത്തി അവസരോചിതമായി ഫലിപ്പിക്കുന്ന

തിലും കഥാഗതങ്ങളായ പാത്രങ്ങളെക്കൊണ്ടു ലോകസ്വഭാവാനുസാരേണ പ്രവൎത്തിപ്പിക്കുന്നതിലും തദ്വാരാ തന്മയമായിത്തീരുന്ന ഹൃദയംകൊണ്ടു സുഖദുഃഖാദി വികാരങ്ങളെ അനുഭവിപ്പിച്ചു സാമാജികന്മാരെ രസാസ്വാദഭരിതഹൃദയന്മാരാക്കിത്തീൎക്കുന്നതിലുമാണല്ലോ ഒരു ദൃശ്യകാവ്യനിർമ്മാതാവായ മഹാകവി തന്റെ അസാധാരണമായ സാമൎത്ഥ്യത്തെ കാണിക്കുന്നതു്. ആ സാമൎത്ഥ്യം തന്നെയാണല്ലോ കവിയുടെ ലോകോത്തരമായ യശസ്സിനു കാരണവും. എന്നാൽ ഈ വിഷയത്തിൽ മഹാകവി ഭാസന്റെ ഉൽകൃഷ്ടത്തെ ഏതാനുമെങ്കിലും വെളിപ്പെടുത്തുവാൻ എന്റെ ഈ ഉദ്യമം സഹായിക്കുമെങ്കിൽ ഞാൻ കൃതാൎത്ഥനായി.

എറണാകുളം
11—10—97

കെ. രാമപ്പിഷാരോടി.

# പ്രതിമാനാടകം.

## ഒന്നാം അങ്കം

(നാന്ദിയുടെ അവസാനത്തിൽ സൂത്രധാരൻ പ്രവേശിക്കുന്നു.)

സൂത്രധാരൻ—

സീതാസുഖപ്പൊരുകം ദശാനനജന്മവൈരി
സുഗ്രീവനപ്രതിമനേഷ വിഭീഷണാംഗൻ
ദേവീയുതൻ ഭരതനായ്യസുമന്ത്രതുഷ്ടൻ
പാലിക്ക സൽഗ്ഗമനു ലക്ഷ്മണനൊത്തരാമൻ. ൧

(അണിയറയിലേക്ക നോക്കീട്ട്)

ആയ്യേ! ഇത്രത്തോളം.

നടി—(പ്രവേശിച്ചിട്ട്) ആയ്യ! ഞാൻ ഇതാ.

സൂത്ര—ആയ്യേ! ഈ ശരൽകാലത്തെക്കുറിച്ചുതന്നെ ഒരു പാട്ടുപാടു.

നടി—അങ്ങിനെതന്നെ. (പാടുന്നു.)

സൂത്ര—ഈ കാലത്താകട്ടെ,

കാശാംശുകം ചാൎത്തിയ ഹംസീ ഹഷ-
പൂൎവ്വം മണത്തിട്ടിൽ നടന്നിടുന്നു.

(അണിയറയിൽ)

ആയ്യ! ആയ്യ!

സൂത്ര—(കേട്ടിട്ട്) ഓ, മനസ്സിലായി,

സന്തുഷ്ടയായ് കോവിലകത്തു ബദ്ധ-
പ്പെട്ടങ്ങുമിങ്ങും പ്രതിഹാരിപോലെ. ൨

(രണ്ടുപേരും പോയി)

സ്ഥാ പ ന.

---

തവണക്കാരി—(പ്രവേശിച്ചിട്ട്) ആര്യ! ഹരിക്കാരന്മാരിൽ ആരാണ് ഇവിടെയുള്ളത്?

ഹരിക്കാരൻ—(പ്രവേശിച്ചിട്ട്) ആര്യേ! ഇതാ ഞാനുണ്ട്. എന്താണു വേണ്ടത്?

തവണ—ആര്യ! ദേവാസുരയുദ്ധങ്ങളിൽപോലും പള്ളിത്തേരിനു തടവില്ലാത്ത ദശരഥമഹാരാജാവ് കല്പിച്ചിരിക്കുന്നു—കൊച്ചുതമ്പുരാൻ രാമനെ, രാജാവാക്കി അഭിഷേകം ചെയ്യുന്നതിനു വേണ്ട വട്ടങ്ങൾ ക്ഷണത്തിൽ കൊണ്ടുവരേണമെന്ന്.

ഹരി—ആര്യേ! മഹാരാജാവ് കല്പിച്ചിട്ടുള്ളതുപോലെ എല്ലാം തയ്യാറാക്കിക്കഴിഞ്ഞിരിക്കുന്നു. നോക്കു!

ഛത്രം ചാമരമൊത്തു നന്ദിപടഹം
ഭദ്രം മണിപ്പീഠവും
ന്യസ്തം പുഷ്പകശങ്ങൾചേൎന്നു വിലസീ
പൊൻതീൎത്ഥകുംഭങ്ങളും
യുക്തം പുഷ്യമഹാരഥം, സചിവരും
വന്നെത്തിനാർ പൌരരും
വ്യക്തം സച്ഛുഭം വസിഷ്ഠ ഭഗവാൻ
വാഴുന്നു വേദിക്കുമേൽ. ൩

തവണ—ഓ! എന്നാൽ എല്ലാം വെട്ടപ്പായി.

ഹരി—അഹോ!

ശ്രീരാമനെന്നായ് പറയുന്നപൂർണ്ണ-
താരാധിപന്നിങ്ങഭിഷേകകർമ്മം
നേരായ് നടത്തും നൃപനേകിടുന്നു
പൌരാവലിക്കിന്നു കൃതാൎത്ഥഭാവം.

തവണ—ക്ഷണത്തിലാകട്ടെ, ആൎയ്യ! ക്ഷണത്തിലാകട്ടെ.

ഹരി—ആൎയ്യെ! ഇതാ ക്ഷണത്തിൽപോയി (പോയി)

തവണ—(ചുററിനടന്നു നോക്കീട്ട്) ആൎയ്യ! സംഭവക, സംഭവക, അങ്ങും പോയി മഹാരാജാവ് അരുളിച്ചെയ്തപ്രകാരം ആൎയ്യപുരോഹിതനെ ധൃതിപ്പെടുത്തണം. (മറെറാരേടത്തു ചെന്നിട്ടു) സാരസികെ, സാരസികെ, നീ സംഗീതശാലയിൽ ചെന്നു നാടകക്കാരെ അറിയിക്കൂ,—സമയോചിതമായ ഒരു നാടകം ആട്ടുവാൻ തയ്യാറായി ഇരുന്നുകൊള്ളേണമെന്ന്. ഞാനും എല്ലാം ഒരുങ്ങിക്കഴിഞ്ഞിരിക്കുന്ന വിവരം മഹാരാജാവിനെ ചെന്നു ഉണൎത്തിക്കട്ടെ.

(പോയി)

(അനന്തരം വല്ക്കലവും എടുത്തുകൊണ്ട് അവദാതിക പ്രവേശിക്കുന്നു)

അവദാതിക—അയ്യോ! മഹാ അപകടം. ഒരു നേരംപോക്കിന്നായി ഈ വല്ക്കലം കൈക്കലാക്കിയ എനിക്കുകൂടി ഇത്ര ഭയം. അപ്പോൾ ദുരാഗ്രഹംകൊണ്ടു പരധനം ഹരിക്കുന്ന ഒരുവൻെറ കഥ എന്താണ്! എനിക്കു കുറെ ചിരിച്ചാൽകൊള്ളാമെന്നു മോഹമുണ്ട്. ഒററക്കിരുന്നു ചിരിപ്പാൻ വയ്യല്ലോ.

(അനന്തരം പരിവാരങ്ങളോടുകൂടി സീത പ്രവേശിക്കുന്നു.)

സീത—നോക്കുവിൻ! അവദാതിയ്ക്കു് എന്തോ ഒരു പരിഭ്രമം ഉള്ളപോലെ തോന്നുന്നുണ്ടല്ലോ. ഇതെന്തായിരിക്കാം?

ചേടി—തമ്പുരാട്ടി, ഭൃത്യവൎഗ്ഗത്തിന്നു് എന്തെങ്കിലും തെററു പറവാൻ എളുപ്പമല്ലെ? അവർ വല്ല തെററും ചെയ്തിരിക്കാം.

സീത—അല്ലല്ല, അവൾ ചിരിക്കാൻ ഭാവിക്കുന്നുണ്ട്.

അവദാതിക--(അടുത്തുചെന്നു്) തമ്പുരാട്ടി ജയിച്ചാലും! ഞാൻ തെററൊന്നും ചെയ്തിട്ടില്ല.

സീത--ആരു ചോദിച്ചു നിന്നോടു്? അവദാതികെ, നിന്റെ എടത്തേ കൈയ്യിലെന്താണ്?

അവദാതിക--തമ്പുരാട്ടി, ഇതൊരു വല്ക്കലമാണ്.

സീത—ഇതു എവിടെനിന്നു കൊണ്ടുപോന്നു?

അവദാതിക—തമ്പുരാട്ടി കേട്ടാലും. അണിയറ വിചാരിപ്പുകാരത്തിയായ ആൎയ്യരേവയോടു രംഗത്തിലെ ആവശ്യം കഴിഞ്ഞാൽ ഒരു അശോകത്തളിർ തരേണമെന്നു ഞാൻ അപേക്ഷിച്ചിട്ടുണ്ടായിരുന്നു. അവർ തന്നില്ല എന്നാൽ അവരെ ഒന്നു തോല്പിക്കാമെന്നുവെച്ചു് ഇതു ഞാൻ കൈക്കലാക്കി.

സീത—ഒരു ചെറിയ പാപമാണ് നീ ചെയ്തത്. പോയി തിരിച്ചുകൊടുത്തേക്കു.

അവദാതിക—തമ്പുരാട്ടി, ഒരു നേരമ്പോക്കിന്നായിട്ടല്ലെ ഞാൻ ഇതു കൊണ്ടുപോന്നത്?

സീത—ഭ്രാന്തത്തീ, ഇങ്ങിനെയാണ് ദോഷം വൎദ്ധിക്കുന്ന

ത്. പോയി തിരികെ കൊട്ടത്തോക്കു, തിരികെ കൊട്ടത്തോക്കു.

അവദാതിക—തമ്പുരാട്ടിയുടെ കല്പനപോലെ (പോകാൻ ഭാവിക്കുന്നു.)

സീത – അവദാതികേ, ഇവിടെ വരു.

അവദാതിക—തമ്പുരാട്ടി, ഇതാ ഞാൻ വന്നിരിക്കുന്നു.

സീത—അവദാതികേ, ഇത് എനിക്കും ഭംഗിയാകുമോ?

അവദാതിക—തമ്പുരാട്ടി, സൌന്ദൎയ്യം എന്തിനേയും ഭംഗിയാക്കും. തമ്പുരാട്ടി ഉടുത്തുനോക്കു.

സീത—ആട്ടെ കൊണ്ടുവരു, (വല്ക്കലം വാങ്ങി ഉടുത്തിട്ട്) അവദാതികേ, നോക്കു, ഭംഗിയുണ്ടോ?

അവദാതിക—നല്ല ഭംഗിയുണ്ട്. മരവിരി പൊന്നുകൊണ്ടുണ്ടാക്കിയപോലെയായി.

സീത—ചേടീ, നീ ഒന്നും പറയുന്നില്ലല്ലോ.

ചേടി—പറയുന്നത് എന്തിനാണ്. അടിയന്റെ ഈ രോമാഞ്ചം കണ്ടാൽ അറിയാമല്ലോ. (രോമാഞ്ചം കാണിക്കുന്നു)

സീത—നീ ആ കണ്ണാടി എടുത്തുകൊണ്ടുവാ.

ചേടി—കല്പനപോലെ. (പുറത്തുപോയി തിരിച്ചുവന്നിട്ട്) തമ്പുരാട്ടി, ഇതാ കണ്ണാടി.

സീത—(ചേടിയുടെ മുഖത്തു സൂക്ഷിച്ചു നോക്കീട്ട്) കണ്ണാടി അവിടെ ഇരിക്കട്ടെ. നീ എന്തോ പറവാൻ വിചാരിക്കുന്നതുപോലെ തോന്നുന്നു.

ചേടി—തമ്പുരാട്ടി, അടിയൻ ഇങ്ങിനെ കേട്ടു. ഹരി

ക്കാരൻ ആൎയ്യബാലാകി പറയുന്നു—അഭിഷേകം അഭിഷേകം എന്നു്.

സീത—ആരോ ഒരാൾ രാജ്യത്തിലെ രാജാവാകുവാൻ പോകുന്നു. (മറെറാരു ചേടി പ്രവേശിച്ചു്)

ചേടി—തമ്പുരാട്ടി, സന്തോഷവൎത്തമാനം സന്തോഷവൎത്തമാനം.

സീത—എന്തിനെ ഉദ്ദേശിച്ചാണു് നീ പറയുന്നതു്?

ചേടി—കൊച്ചുതമ്പുരാനെ അഭിഷേകം ചെയ്യുന്നുപോലും.

സീത—അച്ഛനു സുഖമല്ലേ?

ചേടി—മഹാരാജാവുതന്നെയാണു് അഭിഷേകം ചെയ്യുന്നതു്.

സീത—എന്നാൽ ഞാൻ കേട്ടതു് രണ്ടാമത്തെ സന്തോഷവൎത്തമാനമാണു്; മടി നിവൎത്തി കാണിക്കു്.

ചേടി—തമ്പുരാട്ടി, അങ്ങനെതന്നെ. (അപ്രകാരംചെയ്യുന്നു.)

(സീത ആഭരണങ്ങൾ അഴിച്ചു സമ്മാനിക്കുന്നു)

ചേടി—തമ്പുരാട്ടി, പെരുമ്പറയുടെ ശബ്ദമല്ലേ കേൾക്കുന്നതു്?

സീത—അതുതന്നെ.

ചേടി—പെട്ടെന്നു പെരുമ്പറയുടെ ഒച്ച നിന്നുപോയല്ലോ.

സീത—അഭിഷേകം ആരംഭിപ്പാനുള്ള ഹേതു എന്തായിരിക്കാം. അല്ലെങ്കിൽ കോവിലകങ്ങളിൽ പല കഥകൾ ആണു്.

ചേടി—തമ്പുരാട്ടി, അടിയൻ ഇങ്ങിനെ കേട്ടു. കൊച്ചു തമ്പുരാനെ അഭിഷേകംചെയ്തു മഹാരാജാവ് വനത്തിലേക്ക് എഴുന്നെള്ളുമെന്ന്.

സീത—എന്നാൽ അത് അഭിഷേകമല്ല, മുഖോദകമാണ്.

(രാമൻ പ്രവേശിക്കുന്നു.)

രാമൻ—അഹോ,

ഭേരീനാദം മുഴങ്ങി, ഗുരുജനമുപവേ-
ശിച്ചു, ഭദ്രാസനത്തിൽ
കേറീഞാൻ, മന്ത്രപൂതം കലശസലിലമോ
വീണമട്ടായ് കഴിഞ്ഞു;
ആരാൽ വേണ്ടന്നയച്ചു നൃപനിവനെയുടൻ,
ചിത്രമെൻ ധൈര്യമെന്നായ്
പൌരന്മാർ, തൻപിതാവിൻ മൊഴിയൊരുതനയൻ
കേൾപ്പതാശ്ചര്യമാണോ.

"മകനെ ഇനി പോയി വിശ്രമിക്കാം" എന്നു മഹാരാജാവുതന്നെ അരുളിച്ചെയ്തു അയച്ചതിനാൽ എനിക്ക് ഒരു ചുമട് ഇറക്കിയാലെന്നപോലെ ആശ്വാസം തോന്നുന്നു. ഭാഗ്യത്താൽ ഞാൻ ആ രാമൻതന്നെയായി—മഹാരാജാവുതന്നെ മഹാരാജാവ്. ഇനി മൈഥിലിയെ ഒന്നു ചെന്നു കാണാം.

അവദാതിക—തമ്പുരാട്ടി, കൊച്ചുതമ്പുരാനാണല്ലോ എഴുന്നെള്ളുന്നത്. ഇവിടുന്നു വല്ക്കലം അഴിച്ചു കളഞ്ഞിട്ടില്ല.

രാമൻ—മൈഥിലി, എന്താണ് വിശേഷം?

സീത—അല്ലാ, ആൎയ്യപുത്രനോ! ആൎയ്യപുത്രൻ ജയിച്ചാലും.

രാമൻ—മൈഥിലി, ഇരിക്കു! (ഇരിക്കുന്നു)

സീത—ആൎയ്യപുത്രൻ കല്പിക്കുംപോലെ (ഇരിക്കുന്നു)

അവദാതിക—തമ്പുരാട്ടി, കൊച്ചുതമ്പുരാന്റെ വേഷം അതുതന്നെ. കേട്ടതു പൊളിയായിരിക്കാം.

സീത—അങ്ങിനെയുള്ളവർ പൊളി പറയുമോ? അല്ലെങ്കിൽ കോവിലകങ്ങളിൽ പല കഥകളും ആണ്.

രാമൻ—മൈഥിലി, എന്താണ് പറയുന്നതു്?

സീത—ഒന്നുമില്ല. ഈ പെൺകിടാവു പറയുന്നു—അഭിഷേകം, അഭിഷേകം എന്നു്.

രാമൻ—മനസ്സിലായി ഭവതിയുടെ ആഗ്രഹം. അഭിഷേകം ഉള്ളതുതന്നെ കേൾക്കു. ഇന്നു മഹാരാജാവ് ആചാൎയ്യരുടേയും അമാത്യന്മാരുടേയും പൌരന്മാരുടേയും മുമ്പിൽവെച്ച്, കോസലരാജ്യത്തെ ഒരേപ്രകാരത്തിൽ സംഗ്രഹിച്ച കുട്ടിക്കാലത്തു പരിചയമുള്ള അവിടുത്തെ മടിയിൽ എന്നെ ഇരുത്തി മാതൃഗോത്രത്തെ സ്നേഹത്തോടെ ഉച്ചരിച്ച് 'മകനേ, രാമാ, രാജ്യം ഏററുവാങ്ങുക' എന്നു അരുളിച്ചെയ്തു.

സീത—അപ്പോൾ ആൎയ്യപുത്രൻ എന്തുപറഞ്ഞു?

രാമൻ—മൈഥിലി, ഭവതി എന്താണൂഹിക്കുന്നത്?

സീത—ഞാൻ ഊഹിക്കുന്നു, ആൎയ്യപുത്രൻ ഒന്നും പറയാതെ നെടുവീൎപ്പിട്ട് മഹാരാജാവിന്റെ കാക്കൽ വീണിരിക്കുമെന്നു്.

രാമൻ—ഊഹം ശരിയായി. ഒരേ സ്വഭാവത്തോടുകൂടിയ

DEFINITORY 1287

ഭാൎയ്യാഭൎത്താക്കന്മാർ ദുർല്ലഭമാണ്. ഞാൻ അവിടെ കാക്കൽ വീഴുകതന്നെയാണു ചെയ്തത്.

ചൊരിഞ്ഞു കണ്ണീർ മുകളിൽ പിതാവും
താഴത്തു ഞാനും പരമൊന്നുപോലെ
എന്മൌലിയച്ഛൻ മുഴുവൻ നനച്ചി-
തച്ഛന്റെ തൃക്കാലുകളങ്ങു ഞാനും. ൬

സീത—പിന്നെയെന്താണുണ്ടായത്?

രാമൻ—അനുനയവാക്കുകൾക്കൊന്നും ഞാൻ വഴിപ്പെട്ടുന്നില്ലെന്നുകണ്ടപ്പോൾ അവിടുന്നു ജരാശിഥിലമായ തന്റെ പ്രാണനെക്കൊണ്ട് ആണയിട്ടു.

സീത—അപ്പോൾ

രാമൻ—ആ സമയം.

തങ്കപ്പൊങ്കലശങ്ങളാട്ടുവതിനായ്
സൌമിത്രിശത്രുഘ്നരും,
വെണ്കൊററക്കുട ബാഷ്പമാൎന്നവനിപൻ
താൻതാനു മേന്തിടവേ,
തങ്കം സംഭ്രമമോടു മന്ഥരയണ-
ഞ്ഞെന്തോ പതുക്കെ ശ്രവ-
സ്സിങ്കൽച്ചൊല്ലി മഹീമഹേന്ദ്രനൊടു. ഞാൻ
രാജാവുമല്ലാതെയായ്. ൭

സീത—എനിക്കു സന്തോഷമായി. മഹാരാജാവുതന്നെ മഹാരാജാവ്. ആൎയ്യപുത്രൻതന്നെ ആൎയ്യപുത്രൻ.

രാമൻ—മൈഥിലീ, ഭവതിയെന്താണ് ആഭരണങ്ങളൊന്നും വേണ്ടെന്നു വെച്ചത്?

സീത—ഒന്നുമല്ല. കെട്ടിയില്ലെന്നേയുള്ളു.

രാമൻ—അതല്ല, ആഭരണങ്ങളെല്ലാം ഇപ്പോഠം അഴിച്ച തായിരിക്കണം. എന്തെന്നാൽ,

കാണുന്നു കമ്മലുടനൂരി വളഞ്ഞു കാതും
കൈരണ്ടുമേ വളയഴിച്ചതിനാൽ വിളത്തും
എന്നല്ല, മെയ്യിൽ മണിഭൂഷകളിട്ട താണ-
ഭാഗങ്ങളിപ്പൊഴുമുയന്നു നികന്നതില്ല. വൃ

സീത—ഇല്ലാത്തതും ഉള്ളതെന്നു തോന്നത്തക്കവണ്ണം പറ വാൻ ആയ്യപുത്രനു നല്ല സാമത്ഥ്യമുണ്ട്.

രാമൻ—എന്നാൽ ആഭരണങ്ങഠം ധരിക്കുന്നതാൻ കണ്ണാ ടി പിടിക്കാം. (അങ്ങിനെ ചെയ്തുനോക്കീട്ട്)

നില്ക്കൂ. വരട്ടെ.

വരമുകുരതലത്തിലെന്തിതാവോ
മരവിരിപോലരുണൻെറ രശ്മിയാണോ
ശരിശരി ചിരികൊണ്ടു ഞാനറിഞ്ഞേ-
നൊരു കളിതാൻ പരമീ വ്രതാഭിലാഷം. ൻ

അവദാതികേ, ഇതെന്താണ്?

അവദാതിക—തിരുമേനി, ഭംഗിയായിരിക്കുമോ ഇല്ല യോ എന്നറിവാനുള്ള കൌതുകംകൊണ്ടു അവിടുന്ന് ഉടുത്തുനോക്കിയതാണ്.

രാമൻ— മൈഥിലി, എന്തിനാണ് ഇക്ഷ്വാകുരാജാക്ക ന്മാരുടെ വയസ്സുകാലത്തെ ഈ അലങ്കാരം ഭവതി ധ രിച്ചത്? എനിക്കതിൽ താൽപ്പയ്യമുണ്ട്. ഇങ്ങോട്ടു തരൂ.

സീത—അരുത്, അരുത്. ആൎയ്യപുത്രൻ അമംഗളം പറയരുത്.

രാമൻ—മൈഥിലി, ഭവതി എന്തിനു തടുക്കുന്നു?

സീത—അഭിഷേകം വേണ്ടെന്നുവെച്ച ആൎയ്യപുത്രന് ഇത് ഒരമംഗളംപോലെയാണ് എനിക്കു തോന്നുന്നത്.

രാമൻ—വ്രത്ത്ര്സ്ഥ്ഴ്ൽ ത്രന്നത്താൻ,

ഫ്രിഹാസ്ത്തിലെവ്ട്ടമേ
പ്ര്മെൻ പ്രാത്തിമെത്സാംനീ
ധ്രിച്ചല്ലോ ഇ്ത്താദ്ര്യമായ്. ൧൦

(അണിയറയിൽ)

അയ്യോ! അയ്യോ! മഹാരാജാവ്.

സീത—ആൎയ്യപുത്ര, ഇതെന്താണ്?

രാമൻ—(കേട്ടിട്ട്)

ഒപ്പം സ്ത്രീപുരുഷന്മാ-
രുച്ചതരമായി നിലവിളിക്കുകയാൽ
സുസ്പഷ്ടമായി, ദൈവം
കെല്പൊന്നു മുരട്ടിലേ പ്രയോഗിച്ചു. ൧൧

നിലവിളി എന്താണെന്ന് ഉടനെ അറിഞ്ഞുവരട്ടെ.

ഹരിക്കാരൻ—(പ്രവേശിച്ചിട്ട്) കൊച്ചുതമ്പുരാൻ രക്ഷിച്ചാലും! രക്ഷിച്ചാലും!

രാമൻ—ആൎയ്യ, ആരേയാണ് രക്ഷിക്കേണ്ടത്?

ഹരിക്കാരൻ—മഹാരാജാവിനെ.

രാമൻ—മഹാരാജാവിനേയോ? ആൎയ്യ! എന്നാൽ ഏകശരീരത്തിൽ അടങ്ങിയിരിക്കുന്ന ഭൂമിയെ രക്ഷിക്കണം എ

നല്ലേ പറയേണ്ടത്? ആകട്ടെ എവിടെനിന്നാണ് ഈ തരക്കേട്ട പററിയത്?

ഹരിക്കാരൻ—ബന്ധുജനത്തിൽനിന്ന്.

രാമൻ—ബന്ധുജനത്തിൽനിന്നോ? എന്നാൽ മറുകൈയില്ല.

॥ പ്രതിയോഗി മെയ്യിലത്രേ
പ്രഹരിപ്പൂ, ബന്ധുവോ മനക്കാമ്പിൽ
ഹന്ത! നമുക്കിന്നാരുടെ
ബന്ധുപദം ലജ്ജ നൽകുമാറായി? ൧൨

ഹരിക്കാരൻ—തത്ര ഭവതി കൈകേയിയുടെ.

രാമൻ—എന്ത്. അമ്മയുടേയോ? എന്നാൽ അതു ശുഭമായിട്ടേ വരികയുള്ളു.

ഹരിക്കാരൻ—എങ്ങിനെ?

രാമൻ—കേൾക്കുക!

ആർക്കു ശുക്രസമൻ ഭർത്താ-
വാരെന്നാൽ പുത്രശാലിനി
അവരാശിപ്പതെന്തൊന്നാ-
ണകൃത്യം ചെയ്തു നേടുവാൻ? ൧൩

ഹരിക്കാരൻ—കുമാരാ, സ്ത്രീവർഗ്ഗത്തിൻെറ ദുർബുദ്ധിയിൽ അവിടുത്തെ ആർജ്ജവം ആരോപിക്കേണ്ട. അവരുടെ വാക്കുകൊണ്ടുതന്നെയാണല്ലൊ ഇവിടുത്തെ അഭിഷേകം നടക്കാതെ പോയത്.

രാമൻ—ആര്യ, ഇതിൽ ഗുണമല്ലേ ഉള്ളു?

ഹരിക്കാരൻ—എങ്ങിനെ?

രാമൻ—ഒന്നാലോചിക്കുകൊന്നാമതു നരപതിതാൻ
കാട്ടുപൂകണ്ടിവന്നി-
ല്ലെന്നല്ലുണ്ടെന്നു നോക്കാൻ ജനകനരികിൽ ഞാ-
നിന്നുമക്കുട്ടിതന്നെ;
ഇന്നാട്ടാക്ഷേപമില്ലാ പുതിയൊരരചനായ്
വാഴ്കയെന്നോർത്തു,നിക്കോ
പിന്നെബ് ഭ്രാതാക്കൾക്കാർക്കും വലിയപദവിയാ-
യെന്നുമേ വന്നതില്ല. ൰൪

ഹരിക്കാരൻ—എന്നുമാത്രമല്ല, അവർ വിളിക്കാതെ കട
ന്നുവന്ന് ഭരതനെ രാജ്യത്തിൽ അഭിഷേകം ചെയ്യണം
എന്നു ആവശ്യപ്പെട്ടു. അതു ലോഭമില്ലായ്മയാണോ?

രാമൻ—ആര്യ! ആര്യൻ നമ്മെക്കുറിച്ചുള്ള പക്ഷപാതം
കൊണ്ടു കാര്യം ആലോചിക്കുന്നില്ല. എന്തെന്നാൽ
അവനിയിതു ശുല്കമെന്നു-
ള്ളവകാശം വഴി മകനു ചോദിച്ചാൽ
അവരോ ലോഭം പൂണ്ടവ,-
രവരജരാജ്യം കവൎന്ന നാമല്ലേ? ൰൫

ഹരിക്കാരൻ—പിന്നെ—

രാമൻ—വേണ്ട, അമ്മയെപ്പററിയുള്ള അപവാദമൊന്നും
എനിക്കു കേൾക്കേണ്ട. മഹാരാജാവിൻെറ വൃത്താ
ന്തം പറയൂ.

ഹരിക്കാരൻ—അതിനുശേഷം,
ഖിന്നതയാലേ മിണ്ടാ-
തെന്നെയൊരാംഗ്യത്തിനാലയച്ചു നൃപൻ

മന്നൻ മോഹവുമാന്നാ-
നൊന്നോക്കുമ്പോ ളതൊട്ട നന്നായി. ൧൬

രാമൻ—എന്തു്, മോഹാലസ്യപ്പെട്ടുവോ?

(അണിയറയിൽ)

എന്തു്, എന്തു്, മോഹാലസ്യപ്പെട്ടുവെന്നോ?

കണ്ടാവില്ലാ സഹിപ്പാൻ നൃപനുടെയഴലെ-
ന്നാകിൽ വില്ലങ്ങെടുക്കു
വേണ്ടാ കാരുണ്യലേശം,

രാമൻ—(കേട്ടിട്ടു് മുമ്പോട്ടു നോക്കീട്ടു്)

ആരാണു ലക്ഷ്മണനെ യുള്ളിളകാത്ത ധൈര്യ-
വാരാശിയെ ദ്രുതമിളക്കി മറിച്ചതാവോ?
ആരാലവൻ കുപിതനായതുകൊണ്ടു പത്തു-
നൂറായ് ചമഞ്ഞപടി മുന്നിലിതാ വരുന്നു. ൧൭

(അനന്തരം വില്ലും അമ്പും ധരിച്ചു ലക്ഷ്മണൻ പ്രവേശിക്കുന്നു.)

ലക്ഷ്മണൻ—(കോപത്തോടുകൂടി) എന്തു്, എന്തു്, മോഹാലസ്യപ്പെട്ടുവെന്നോ?

കണ്ടാവില്ലാ സഹിപ്പാൻ നൃപനുടെയഴലെ-
ന്നാകിൽ വില്ലങ്ങെടുക്കു
വേണ്ടാ കാരുണ്യലേശം, സ്വജനവശഗനാം
പാവമെങ്ങും കുഴങ്ങും,
കൊണ്ടാടുന്നില്ലിതെന്നാൽ വിടുകിവനെ,യിനി
സ്ത്രീകളില്ലെന്നതാക്കി-
ക്കൊണ്ടാലേ ഞാനടങ്ങു ജഗതിയി;ലവർതാ-
നല്ലി നമ്മെച്ചതിച്ചു. ൧൮

സീത—ആര്യപുത്ര, നിലവിളിക്കേണ്ടുന്ന സമയത്തു ലക്ഷ്മണൻ വില്ലെടുത്തിരിക്കുന്നു. ഈ ശ്രമം തീരെ അസാധാരണമാണല്ലൊ.

രാമൻ—സൌമിത്രേ, ഇതെന്താണു്?

ലക്ഷ്മണൻ—എന്തു്, എന്തു്, ഇതെന്താണെന്നോ?

മുറപോലെയണഞ്ഞ നാടുപോയി,
നരപാലൻ ഭുവി ശോച്യനായ് ചമഞ്ഞു,
പരമിപ്പൊഴുമുണ്ടു ശങ്കതന്നെ,
പറയേണം ക്ഷമയെന്തധൈര്യമാണോ? ൧൯

രാമൻ—സൌമിത്രേ, എന്റെ രാജ്യഭ്രംശം ആണോ തന്നെ ഇളക്കിത്തീർത്തതു്? കഷ്ടം! എന്നാൽ താൻ നിശ്ചയമായും ഒരറിവില്ലാത്ത ആളാണു്.

ഭരതനരചനാവാ, മല്ലെയെന്നാകിൽ ഞാനോ,
പറകി,രുവരിലാരായാലുമങ്ങൊപ്പമല്ലേ?
ഉരപെരുകിന വില്ലൻ ഹന്ത! താനെങ്കിലന്നാ-
യരചനെയരികേനിന്നാവതോളം തുണയ്ക്കാം. ൨൦

ലക്ഷ്മണൻ—എനിക്കു കോപം അടക്കുവാൻ കഴിയുന്നില്ല. ആകട്ടെ, ആകട്ടെ, ഞാൻ പോകുന്നു. (പുറപ്പെടുന്നു)

രാമൻ—

ഉടനുലകു മൂന്നുമൊന്നായ് -
ച്ചുടുവാനോ ലക്ഷ്മണന്റെ നിടിലത്തിൽ
കുടിലഭ്രുകുടിയുളവായ്
കുടികൊണ്ടീടുന്നു നിയതിയെന്നവിധം. ൨൧

സൌമിത്രി ഇവിടെവരു.

ലക്ഷ്മണൻ—ആൎയ്യാ! ഞാൻ ഇതാ.

രാമൻ—തന്നെ നിലയ്ക്കാക്കുവാനാണ് ഞാൻ ഇങ്ങിനെ പറഞ്ഞത്. ഇപ്പോൾ ഞാനൊന്നു ചോദിക്കട്ടെ.

സത്യം കാത്തുവസിക്കുമച്ഛനെതിരായ്
ചാപം നമിപ്പിക്കയോ?
വിത്തം സ്വന്തമെടുക്കുമമ്മയുടെ നേ-
ൎക്കസ്ത്രം പ്രയോഗിക്കയോ?
കുററം തീരെയകന്നെഴും ഭരതനാം
ഭ്രാതാവിനെക്കൊൽകയോ?
ദുഷ്ടാത്മാവിനു മൂന്നിലേതധികമാ-
യിഷ്ടപ്പെട്ടും പാതകം. ൨൨

ലക്ഷ്മണൻ—(കണ്ണുനീരോടുകൂടി)

അയ്യോ! അവിടന്നു വാസ്തവം മനസ്സിലാക്കാതെ ആക്ഷേപിക്കുകയാണ്.

വല്ലാത്തദുൎദ്ദശപിണച്ചതിൽമാത്രമാണി-
ങ്ങല്ലാതെ, യൂഴിയിതുപോയതിലാക്കുദണ്ഡം
നില്ലാതെചെന്നു വനഭൂമിയിലേഴമേഴും
കൊല്ലങ്ങളോളമവിടന്നരുളേണമത്രെ. ൨൩

രാമൻ—ഇതുകൊണ്ടായിരിക്കാം അവിടന്നു മോഹാലസ്യപ്പെട്ടത്? കഷ്ടം! അധൈൎയ്യം ആണ് വെളിവാക്കിയത്. മൈഥിലി,

ഈ നല്ല കാൎയ്യത്തിനെനിക്കുകൊണ്ടുവ-
ന്നേകീടണം നീയിവൾ തന്ന വല്ക്കലം
ചെയ്യേനഹം ധൎമ്മമൊരന്യപാൎത്ഥിവൻ
ചെയ്യാത്തതും ഹന്ത! കൊടുത്തിടാത്തതും. ൨൪

സീത – ആൎയ്യപുത്രൻ വാങ്ങിക്കോളു!

രാമൻ—മൈഥിലി എന്തിനാണ് ഭാവിക്കുന്നത്.

സീത—ഞാൻ സഹധൎമ്മചാരിണിയല്ലെ?

രാമൻ--ഒററക്കാണല്ലോ ഞാൻ പോകേണ്ടത്.

സീത--അതുകൊണ്ടുതന്നെയാണ് ഞാൻ കൂടെ പോരുന്നത്.

രാമൻ--കാട്ടിലാണു പാൎക്കേണ്ടത്.

സീത--അതെനിക്കു കോവിലകമാണ്.

രാമൻ--അച്ഛനമ്മമാരെ ശുശ്രൂഷിക്കേണ്ടുന്ന ഭാരവും ഭവതിക്കുണ്ടല്ലോ.

സീത— അതുദ്ദേശിച്ചു ഞാൻ ഈശ്വരന്മാരെ ഭജിച്ചു കൊള്ളാം.

രാമൻ—ലക്ഷ്മണ, മൈഥിലിയെ തടുക്കൂ.

ലക്ഷ്മണൻ—ആൎയ്യ, അഭിനന്ദിക്കേണ്ടതായ കാൎയ്യത്തിൽ അത്ര ഭവതിയെ തടുക്കുവാൻ ഞാൻ ഒരുമ്പെടുന്നില്ല. എന്തെന്നാൽ,

താരേശൻ തന്നെ രാഹുഗ്രഹണവിനയിലും
താര സേവിച്ചിടുന്നു
പാരിൽ കാന്താരവൃക്ഷം വിഴുമളവുടനേ
വള്ളിയും വീണിടുന്നു
തീരെപ്പങ്കത്തിലാഴും കരിവരനെ വിടു-
ന്നില്ല പെണ്ണാനതാനും
പോരട്ടേ ചെയ്തിടട്ടേ മുറക,ളബലമാ-॥
ൎക്കീശ്വരൻകാന്തനല്ലോ. ൨൭

ചേടി—(പ്രവേശിച്ചിട്ട്) തമ്പുരാട്ടി ജയിച്ചാലും. അണിയറ വിചാരിപ്പുകാരത്തിയായ ആര്യരേവ വണക്കത്തോടുകൂടി ഉണർത്തിക്കുന്നു. അവദാതിക സംഗീതശാലയിൽനിന്നു ആരുമറിയാതെ ഒരു മരവിരി എടുത്തുകൊണ്ടു പോന്നിരുന്നു. ഈ അയക്കുന്ന മരവിരികൾ ഉപയോഗപ്പെടുത്താത്തവയാണ്. ഇതുകൊണ്ട് അവിടുത്തെ ആവശ്യം നടത്താം.

രാമൻ— ഭദ്രേ, ഇവിടെ കൊണ്ടുവരു. ഇവർ തൃപ്തിപ്പെട്ടിരിക്കുന്നു. ഇനി എനിക്കാണാവശ്യം.

ചേടി—തിരുമേനി, ഇതാ (കൊടുത്തുപോകുന്നു) (രാമൻ വാങ്ങി ഉടുക്കുന്നു.)

ലക്ഷ്മണൻ—ആര്യൻ പ്രസാദിച്ചാലും

ഹാരങ്ങൾ പൂമാലകൾ തൊട്ടതൊന്നും
നേരേ പകുത്തിങ്ങു തരാതെയില്ല
ചീരം ഭവാൻ ഹന്ത! തനിച്ചുടുത്തു
ചീരത്തിലോ മത്സരിയായിടുന്നു. വന്ത

രാമൻ—മൈഥിലി, ഈയാളെ തടുത്തു നിർത്തു.

സീത—സൌമിത്രി പോരേണ്ട.

ലക്ഷ്മണൻ—ആര്യേ,

ഹാ! ദേവിതാൻതന്നെ നടത്തുമാര്യ-
പാദാംബുജത്തിൻ പരിചര്യയെന്നോ?
പാദം വലത്തേതവിടക്കുതന്നേ
വാദംവിനാ വാമമെനിക്കുവേണം. ഉ.ജ

സീത—ആര്യപുത്ര, മരവിരി കൊടുത്തേക്കൂ. സൌമിത്രിക്കു വളരെ ദുഃഖമുണ്ട്.

രാമൻ—ലക്ഷ്മണ, ഇതാ മരവിരി വാങ്ങിക്കൊള്ളൂ.

തപസ്സമീകത്തിനു ചട്ടയും വ്രത-
ദീപത്തെ നിൎത്തുന്നതിന്നൊത്ത തോട്ടിയും
ഒരിന്ദ്രിയാശ്വക്കടിഞ്ഞാണുമാമിതോ-
ധരിച്ചുകൊൾകുത്തമധൎമ്മസാരഥി. ൨൮

ലക്ഷ്മണൻ—ഞാൻ അനുഗൃഹീതനായി (വാങ്ങിയുടുക്കുന്നു)

രാമൻ—വൎത്തമാനമെല്ലാം അറിഞ്ഞ പുരവാസികളെക്കൊണ്ടു രാജമാൎഗ്ഗം നിറഞ്ഞിരിക്കുന്നു. മാറിനില്ക്കുവിൻ! മാറിനില്ക്കുവിൻ!

ലക്ഷ്മണൻ—ആൎയ്യ, ഞാൻ മുമ്പേ നടക്കാം. മാറിനില്ക്കുവിൻ! മാറിനില്ക്കുവിൻ!

രാമൻ—മൈഥിലി, മൂടുപടം നീക്കിക്കളയു.

സീത—ആൎയ്യപുത്രന്റെ കല്പനപോലെ (നീക്കുന്നു)

രാമൻ—അല്ലയോ, അല്ലയോ! പുരവാസികളേ! നിങ്ങൾ കേൾക്കുവിൻ! കേൾക്കുവിൻ!

വല്ലാതശ്രുപൊഴിഞ്ഞു ദീനവദനന്മാരായിട്ടും നിങ്ങളി-
ന്നെല്ലാരുംമറവിട്ടമദ്ദയിതയെസ്വച്ഛന്ദമായ് കാണുവിൻ!
ഇല്ലാ ദോഷമശേഷവും കുലവധൂവൃന്ദങ്ങളെക്കാണുകിൽ -
ക്കല്യാണം,സവനം,വനം,വ്യസനമെന്നീനാലുഘട്ടത്തിലും

ഹരിക്കാരൻ—(പ്രവേശിച്ചിട്ട്)കൊച്ചുതമ്പുരാൻ എഴുന്നെള്ളരുതേ, എഴുന്നെള്ളരുതേ! ഇതാ മഹാരാജാവ്.

ഇന്നിപ്പോൾ പോയിടുന്നു വധുവൊടു മിവിടു-
ന്നാത്മസൌഭ്രാത്രവാപ്ത്യാ-
ലൊന്നിച്ചെത്തും സുമിത്രാസുതനൊടുമടവി-
ക്കെന്നു കേട്ടോരുമൂലം

ഒന്നാപ്പുററുന്ന ഭൂരേണുവിൽ മുഴുകിയെഴു-
ന്നേററ രൂപത്തിലാരാൽ
വന്നെത്തുന്നുണ്ടു വല്ലാത്തൊരു നിലയിൽ വയ-
സ്സായ കാട്ടാനപോലെ. ൩൦

ലക്ഷ്മണൻ—ആൎയ്യ,
കാണേണ്ടതോ പറക വല്ക്കലമായ വസ്ത്രം
മാത്രംധരിച്ച വനവാസികളായ നമ്മെ
രാമൻ—കാണട്ടെ ഭൂമിപതി നാം നടകൊണ്ടശേഷം
പാൎത്തട്ടിൽ നമ്മുടെ ശിരസ്സു പതിഞ്ഞഭാഗം.

(എന്ന് നമസ്കരിച്ച് എല്ലാവരും പോയി)

ഒന്നാം അങ്കം കഴിഞ്ഞു.

---

## രണ്ടാം അങ്കം

---

(ഹരിക്കാരൻ പ്രവേശിക്കുന്നു)

ഹരിക്കാരൻ—ഹേ! ഹേ! കാവൽ നില്ക്കുന്നവരെ! നിങ്ങൾ ജാഗ്രതയോടെ നിന്നുകൊള്ളുവിൻ!

ശ്രവണക്കാരി—(പ്രവേശിച്ച്) ആൎയ്യ! അതെന്താണ്?

ഹരിക്കാരൻ—ഇതാ മഹാരാജാവ്, സത്യം രക്ഷിക്കുവാനുള്ള ഇച്ഛയാൽ, രാമനെ വനയാത്രയിൽനിന്നു വിലക്കുവാൻ ശക്തനല്ലാതെ ചമഞ്ഞ്, പുത്രൻ പിരിഞ്ഞുപോയതുകൊണ്ടു ദുഃഖാഗ്നിയാൽ സന്തപ്തചിത്തനായി ഉന്മത്തനെന്നപോലെ അതുമിതും പുലമ്പിക്കൊണ്ടു സമുദ്രഗൃഹത്തിൽ ശയിക്കുന്നു:

കനകമലയുഗാന്തത്തിങ്ക ലാടുന്നപോലെ
കനമുടയമഹത്താമാഴി വററുന്നപോലെ
ദിനമണിനിറമാകെക്കെട്ടുവീഴുന്നപോലെ
മനമുരുകിമയങ്ങീ മാൽവളൎന്നീമഹീന്ദ്രൻ. ൭

തവണക്കാരി—അയ്യോ! ഈ നിലയിലാണോ മഹാരാജാവ്?

ഹരിക്കാരൻ—ഭവതി പോയ്ക്കോള്ളൂ.

തവണക്കാരി—ആയ്യ്! അങ്ങനെയാവട്ടെ. (പോയി)

ഹരിക്കാരൻ—(ചുററും നോക്കീട്ട്) കഷ്ടം! രാമൻപോയ ദിവസം മുതൽ ഈ അയോദ്ധ്യ തീരെ ശൂന്യമായിരിക്കുന്നു; എന്തെന്നാൽ,

തിന്നാതെ കണ്ണുനീരാൎന്നിഭവരർ കുടികൊ-
ള്ളുന്നു, തീരെച്ചിനച്ചീ-
ട്ടുന്നില്ലാവാജിവൃന്ദം, വധു കിഴവർ കിടാ-
വാദിയാം പൌരരെല്ലാം
ദൈന്യംപൂണ്ടൂണമില്ലാതുയരെ നിലവിളി-
ക്കുന്നു, ജായാനുജന്മാ-
രൊന്നിച്ചെങ്ങോട്ടുപോയോ രഘുവര, നിവർനോ-
ക്കുന്നിതങ്ങോട്ടുതന്നേ. ൨

എന്നാൽ ഇനി ഞാനും മഹാരാജാവിന്റെ അടുക്കലേക്കുതന്നെ പോകട്ടെ. (ചുററിനടന്നു നോക്കീട്ട്) അഹോ! ഇതാ മഹാരാജാവ്, പുത്രവിരഹത്താലുണ്ടായ ദുഃഖം എത്ര ദുസ്സഹമായിരുന്നിട്ടും, അതെല്ലാം നിശ്ശേഷം അടക്കി ധൈൎയ്യത്തെ അവലംബിച്ചിരിക്കുന്ന മഹാരാജ്ഞിയാലും സുമിത്രയാലും ശുശ്രൂഷിക്കപ്പെട്ടുകൊണ്ടു സ്ഥിതിചെയ്യു

സൂ. ഈ സ്ഥിതി വലിയ കഷ്ടംതന്നെ. ഇതാ ഇതാ മഹാരാജാവ്.

വീഴുന്നുവല്ലാതെഴുന്നേററുവീണ്ടും
വീണ്ടും വിടാതേ വിലപിച്ചു ദീനം
നോക്കുന്നു ഹാ ഹന്ത, രഘുപ്രവീരൻ
പ്രയാതനായോരുവഴിക്കുതന്നെ. ൯

പോ യി.

(മി ശ്ര വി ഷ്കം ഭം.)

---

(അനന്തരം മുൻവിവരിച്ചപ്രകാരം രാജാവും രാജ്ഞിമാരും പ്രവേശിക്കുന്നു)

രാജാവ്—ഹാ! വത്സ!രാമ!രമണീയഗുണാഭിരാമ!
ഹാ! വത്സ!ലക്ഷ്മണ!സുലക്ഷണ പൂർണ്ണമൂർത്തേ!
ഹാ! സാധ്വി! മൈഥിലി! പതിസ്ഥിതചിത്തവൃത്തേ!
ഹാ! ഹാ! മഹാവനമണഞ്ഞു മദാത്മജന്മാർ. ൪

അഹോ! ഇതാശ്ചര്യം. സോദരസ്നേഹം നിമിത്തം ലക്ഷ്മണൻ അച്ഛനെക്കുറിച്ച് അശേഷം സ്നേഹമില്ലാതെ പ്രവൎത്തിച്ചു. എന്നിട്ടും, ഇപ്പോഴും ഞാൻ അവനെ കാണുവാൻ ആഗ്രഹിക്കുന്നു. മകളേ! വൈദേഹി!

രാമനുമെന്നെവെടിഞ്ഞു,
ലക്ഷ്മണനും വിട്ടുപോയ് പെരുക്കുകയാൽ,
മന്നിൽ ദുഷ്ടേർ പെരുകിയൊ-
രെന്നെയുപേക്ഷിച്ചിതോ നിയും? ൫

മകനേ രാമ! ഉണ്ണി ലക്ഷ്മണ! മകളേ! വൈദേഹി! നി

ങ്ങൾ എന്താണ് വിളികേൾക്കാത്തത്? ഹേ! ഇവിടെ ആരുമില്ലല്ലോ! ഒരാളും വിളികേൾക്കുന്നില്ല. കൌസല്യാനന്ദന! നീ എവിടെയാണ്?

സത്യസന്ധ! ജിതക്രോധ!
വിമത്സര! ജഗൽപ്രിയ!
ഗുരുശുശ്രൂഷചെയ്യാനെ!
വിളികേൾക്കാത്തതെന്തു നീ?

ഹാ! സർവ്വജനങ്ങൾക്കും ഹൃദയനയനാഭിരാമനായ രാമൻ എവിടെ? ആ പിതൃശുശ്രൂഷകൻ എവിടെ? ആ പാവപ്പെട്ടവരുടെ അവലംബം എവിടെ? രാജ്യവും പദവിയുമെല്ലാം പുല്ലുപോലെ ഉപേക്ഷിച്ച ആയാൾ എവിടെ? മകനേ രാമ! വൃദ്ധനായ അച്ഛനെ ഉപേക്ഷിച്ചിട്ടുള്ള ഈ അസംഗതമായ ധർമ്മംകൊണ്ടു നിനക്കെന്താണു കാര്യം? ഹാ! കഷ്ടം! ഹാ! കഷ്ടം!

ഗമിച്ചു രാമൻ രവിയെന്നവണ്ണം,
സൌമിത്രിപിമ്പേ പകലെന്നവണ്ണം,
രവിക്കുശേഷം പകലിന്നുശേഷം
വൈദേഹിയും പോയ് നിഴലെന്നവണ്ണം.

(മേല്പോട്ടുനോക്കീട്ട്) ഹാ! ഹാ! ദുർവ്വിധേ!

എന്നെയനപത്യനായോ
രാമനെ മറുമന്നവന്നു മകനായോ
എന്തേ ചമച്ചിടാഞ്ഞൂ
കൈകേയിയെ യങ്ങു കാട്ടുപുലിയായോ?

കൌസല്യ— (കരഞ്ഞുംകൊണ്ട്) അവിടുന്നിങ്ങിനെ കല്

ശലായി ദുഃഖിച്ച് ആയാസപ്പെടരുത്. നിശ്ചയിച്ച കാലം കഴിഞ്ഞാൽ അവളേയും ആ കുട്ടികളേയും അവിടേയ്ക്കുകാണാമല്ലോ.

രാജാവ്—ഹേ! നീ ആരാണ്?

കൌസല്യ—ഞാൻ ആ സ്നേഹമില്ലാത്ത പുത്രനെ പ്രസവിച്ചവൾതന്നെ.

രാജാവ്—എന്തെന്ത്? സർവ്വജനങ്ങൾക്കും ഹൃദയനയനാഭിരാമനായ രാമൻെറ അമ്മ കൌസല്യയോ?

കൌസല്യ—മഹാരാജാവേ! ആ ഭാഗ്യംകെട്ടവൾ തന്നെയാണ് ഞാൻ.

രാജാവ്—കൌസല്യേ! നീ കരുത്തുള്ളവൾതന്നെ. നീയാണല്ലോ രാമനെ ഗർഭത്തിൽ ധരിച്ചത്.

ഞാനോ ചെന്തീയ്യുപോലാളി-
ക്കത്തുമീ യത്തലേതുമേ
പൊറുപ്പാനും കെടുപ്പാനു-
മാളല്ലാകുലിതേന്ദ്രിയൻ. ൻ

(സുമിത്രയെ നോക്കി) ഇവളാരാണ് വേറെ ഒരുവൾ?

കൌസല്യ—മഹാരാജാവേ! കുമാരലക്ഷ്മണ—(എന്നു പകുതി പറഞ്ഞപ്പോഴയ്ക്ക്)

രാജാവ്—(പെട്ടെന്നെഴുന്നേററു) എവിടെ? എവിടെ ലക്ഷ്മണൻ? കാണുന്നില്ലല്ലോ. ഹാ! കഷ്ടം!

(രാജ്ഞിമാർ രണ്ടുപേരും പരിഭ്രമിച്ച് എഴുന്നേററു രാജാവിനെ താങ്ങുന്നു)

കൌസല്യ—മഹാരാജാവേ! കുമാരലക്ഷ്മണൻെറ അമ്മ സുമിത്ര എന്നു പറവാനാണു ഞാൻ തുടങ്ങിയത്!

രാജാവ് —സുമിത്രേ!

നനു തവസുതനേ സൽസുത-
നനുദിന മനുരാത്രമായവൻ വിപിനേ
മനുകുലവരനാം രാമനെ
യനുവർത്തിക്കുന്നു നിഴലിനോടൊപ്പം. ൧൦

ഹരിക്കാരൻ—(പ്രവേശിച്ച്) മഹാരാജാവു ജയിച്ചാലും! ഇതാ ശ്രീമാൻ സുമന്ത്രൻ വന്നിരിക്കുന്നു.

രാജാവ് —(പെട്ടെന്നെഴുന്നേററു സന്തോഷത്തോടെ) രാമനേയുംകൊണ്ടോ?

ഹരിക്കാരൻ—അല്ല, രഥവുംകൊണ്ട്.

രാജാവ് — എന്ത്, വെറും രഥവുംകൊണ്ടോ? (എന്നു മൂർച്ഛിച്ചു വീഴുന്നു).

രാജ്ഞിമാർ—മഹാരാജാവ് ആശ്വസിച്ചാലും, ആശ്വസിച്ചാലും [തലോടുന്നു]

ഹരിക്കാരൻ—ഹാ! കഷ്ടം! ഇങ്ങനെയുള്ള വിശിഷ്ടപുരുഷന്മാർ ഈ വിധം ആപത്തിൽ അകപ്പെട്ടുകാണുമ്പോഠം, വിധി അലംഘ്യമെന്നുതന്നെ തോന്നുന്നു. മഹാരാജാവ് ആശ്വസിച്ചാലും, ആശ്വസിച്ചാലും.

രാജാവ് —(അല്പം ആശ്വസിച്ച്) ബാലാകേ! സുമന്ത്രൻ തനിയെ തന്നെയാണോ വന്നിരിക്കുന്നത്?

ഹരിക്കാരൻ—മഹാരാജാവേ! അതെ.

രാജാവ് — രഥ മഹഹ! തനിച്ചുവന്നി തെന്നാ-
ലിതുപൊഴുതെൻെറ മനോരഥം തകർന്നു
ദശരഥനെ നയിക്കുവാനയച്ചു
രഥ മിവിടേക്കു കൃതാന്തനെന്നുറക്കാം. ൧൧

എന്നാൽ അയാളെ വേഗം വിളിച്ചുകൊണ്ടുവരൂ!
ഹരിക്കാരൻ— മഹാരാജാവിൻെറ കൽപ്പനപോലെ-
(പോയി)
രാജാവ്—വടിവൊട്ട കളിർപൊയ്കയിൽച്ചരിക്കും
വനപവനൻ പരമെത്രപുണ്യശാലി!
അതു കുവലയനീലവർണ്ണനാകും
രഘുവരനെ സ്സുസുഖം തലോടുമല്ലോ.
(സുമന്ത്രൻ പ്രവേശിക്കുന്നു)
സുമന്ത്രൻ—(പുറവും നോക്കി വ്യസനത്തോടെ)
ഇന്നിബ് ഭൃത്യജനങ്ങൾ വേലമുഴുവൻ
കൈവിട്ട കാകുൽസ്ഥനിൽ
കന്നിക്കും പ്രണയത്തിനാൽ തെരുതെരെ
കണ്ണീർ പൊഴിച്ചങ്ങിനേ
ഒന്നൊന്നായ് പലചിന്തപൂണ്ടവശരായ്
ദുഃഖത്തിനാൽ ദഗ്ദ്ധരായ്
നിന്ദിക്കുന്നു നിരന്തരം നിലവിളി-
ച്ചീടും നിജസ്വാമിയെ.
(അടുത്തുചെന്ന്) മഹാരാജാവ് ജയിക്കട്ടേ!
രാജാവ്—ഭ്രാതാവേ! സുമന്ത്ര!
എങ്ങാണെൻ ജേഷ്ഠപുത്രൻ—അല്ലല്ല, ഞാൻ
പറഞ്ഞതു ശരിയായില്ല.
എങ്ങാനിൻജ്യേഷ്ഠപുത്രൻ സുതനിഹിതമതേ!
രാമനെങ്ങാണു ചിത്തേ
തിങ്ങും ഭക്ത്യാ ഗുരുക്കൾ ക്കനിശമടിമയാ-
മാവിദേഹേന്ദ്രപുത്രി?

എന്താസ്സൌമിത്രി? യെല്ലാവരെയു മഴലല-
ക്കോളിലുൾച്ചേർത്തു ചാകാ-
നോങ്ങുന്നിട്ടുഷ്ടനാകും ജനകനൊ ടവരേ-
താനുമോ താൻ പറഞ്ഞോ? ൫൪

സുമന്ത്രൻ—മഹാരാജാവേ! അവിടുന്ന് ഇങ്ങനെ അമംഗളമായ വാക്കുകൾ അരുളിച്ചെയ്യരുത്. അവരെ താമസിയാതെ അവിടേക്കു കാണാറാകും.

രാജാവ്—സത്യംതന്നെ, ഞാൻ പറഞ്ഞതു അയുക്തമാണ്. ഇതു തപസ്വികൾക്കു യോജിച്ച ചോദ്യമല്ല. എന്നാൽ പറയൂ തപസ്വികളുടെ തപസ്സുവർദ്ധിക്കുന്നുവോ? ബാധയും ക്ഷീണവും കൂടാതെയാണല്ലൊ വൈദേഹി വനങ്ങളിൽ സഞ്ചരിക്കുന്നത്?

സുമിത്ര—സുമന്ത്ര! വല്ക്കലങ്ങളും ധരിച്ച്, ബാലയാണെങ്കിലും, അബാലചാരിത്രയായി ഭർത്താവിനെ അനുവർത്തിക്കുന്ന അവൾ ഞങ്ങളോടും മഹാരാജാവിനോടും ഒന്നും പറവാൻ പറഞ്ഞയച്ചിട്ടില്ലേ?

സുമന്ത്രൻ—എല്ലാവരും മഹാരാജാവിനെ——

രാജാവ്—പോര, പോര, കണ്ണാമൃതവും എൻ്റെ മനോവ്യാധിക്കു ദിവ്യൌഷധവും ആയ അവരുടെ പേരുകളോടുകൂടിത്തന്നെ പറഞ്ഞുകേൾപ്പിക്കൂ!

സുമന്ത്രൻ—മഹാരാജാവിൻ്റെകല്പനപോലെ. ശ്രീമാൻ രാമൻ.

രാജാവ്—രാമൻ എന്നോ! ഇതു രാമൻ. പേർ കേട്ടതുകൊണ്ടുതന്നെ അവനെ തൊട്ടതുപോലെ എനിക്കു തോന്നുന്നു. പിന്നെ പിന്നെ.

സുമന്ത്രൻ—ശ്രീമാൻ ലക്ഷ്മണൻ.

രാജാവ്—ഇതു ലക്ഷ്മണൻ. പിന്നെ പിന്നെ.

സുമന്ത്രൻ—ശ്രീമതി ജനകരാജപുത്രിയായ സീത.

രാജാവ്—ഇതു വൈദേഹി. രാമൻ, ലക്ഷ്മണൻ, വൈദേഹി എന്നീ ക്രമം തെററാണ്.

സുമന്ത്രൻ—പിന്നെ ഏതാണു ക്രമം?

രാജാവ്—രാമൻ, വൈദേഹി, ലക്ഷ്മണൻ എന്നിങ്ങനെ പറയണം.

കാകുൽസ്ഥനും ലക്ഷ്മണനും നടുക്കായ്
നിൽക്കട്ടെയിങ്ങും മിഥിലേന്ദ്രപുത്രി.
കാടെന്നതൊട്ടേറെ വിപത്തുകൾക്കു
കൂടാ,ണവൾക്കിങ്ങതി രക്ഷവേണം. ൧൭

സുമന്ത്രൻ—മഹാരാജാവിൻെറ കൽപ്പനപോലെ. ശ്രീമാൻ രാമൻ.

രാജാവ്—ഇതു രാമൻ.

സുമന്ത്രൻ—ശ്രീമതി ജനകരാജപുത്രി.

രാജാവ്—ഇതു വൈദേഹി.

സുമന്ത്രൻ—ശ്രീമാൻ ലക്ഷ്മണൻ.

രാജാവ്—ഇതു ലക്ഷ്മണൻ. രാമ! വൈദേഹി! ലക്ഷ്മണ! കിടാങ്ങളെ എന്നെ ആലിംഗനം ചെയ്യുവിൻ!

രാമനെയൊന്നുതൊടാനോ
കാണുന്നതിനോ കഴിഞ്ഞുവെന്നാകിൽ,
അമൃതാൽ മൃതനെന്നവിധം
ജീവിക്കാമെന്നെനിക്കുതോന്നുന്നു. ൧൮

സുമന്ത്രൻ—ശൃംഗിവേരപുരത്തിൽ എത്തിയപ്പോൾ, തേ

തിൽനിന്നിറങ്ങി അവരെല്ലാവരും അയോദ്ധ്യക്കു് അഭിമുഖമായിനിന്നു് മഹാരാജാവിനെ നമസ്കരിച്ചു തിരുമനസ്സുണർത്തിപ്പാൻ ആരംഭിച്ചു.

എന്തോകഥിപ്പാനവരെന്നേരം
ചിന്തിച്ചുചുണ്ടൊന്നിളക്കുംപൊഴേക്കും
കണ്ണീരിനാൽ കണ്ഠമടഞ്ഞമൂല-
മൊന്നും കഥിക്കാതെ വനംഗമിച്ചു. ൬൧

രാജാവു്—എന്തു്, ഒന്നുംപറയാതെകണ്ടുതന്നെ കാട്ടിലേക്കു പോയ്ക്കളഞ്ഞോ? (വല്ലാതെ മൂർച്ഛിക്കുന്നു)

സുമന്ത്രൻ—(സംഭ്രമിച്ചു്) ബാലാകെ! മന്ത്രിമാരോടു പറയൂ, "മഹാരാജാവു് പ്രതിവിധിയില്ലാത്ത നിലയിൽ എത്തിയിരിക്കുന്നു" എന്നു്.

ഹരിക്കാരൻ—അങ്ങനെതന്നെ (പോയി)

രാജ്ഞിമാർ—മഹാരാജാവു് സമാശ്വസിച്ചാലും, സമാശ്വസിച്ചാലും.

രാജാവു്—(അല്പം ആശ്വസിച്ചു്)

എന്നെത്തൊടുകകൌസല്യേ!
കണ്ണാൽ കാണ്മീലനിന്നെഞാൻ
വരുന്നില്ലിനിയുംഹന്ത!
രാമനിൽപ്പോയരെൻമനം. ൬൨

മകനേ! രാമ! വളരെ കാലമായിട്ടു ഞാൻ
നിന്നെ ഭൂഭാരമേല്പി, ച്ചരിയൊരരചനാൽ
നാട്ടുകാർക്കിഷ്ടമേകി,
പ്പിന്നെത്വത്സോദരക്കും വിഭവമവിരതം
നല്കുകാമാനുരൂപം

എന്നുംചൊല്ലി; തപസ്സിന്നുടനടവിയണ-
ഞ്ഞീടുവാനോർത്തിരുന്നേ-
നെന്നേ! കൈകേയിതാനങ്ങൊരുഞൊടിയിൽമറി-
ച്ചാക്കിയല്ലോസമസ്തം! ൧൯

സുമന്ത്ര! കൈകേയിയോടു ഇങ്ങനെ പറയൂ;
പോയീ രാമൻ, നിനക്കൊന്നു
മോഹം, ചാകാറുമായിഞാൻ
വേഗംവരുത്താംമകനേ,
ഫലിച്ചീടട്ടെദുഷ്കൃതം. ൨൦

സുമന്ത്രൻ—മഹാരാജാവിന്റെ കല്പനപോലെ.

രാജാവ്—(മേല്പോട്ടുനോക്കീട്ട്) ഓ! രാമന്റെ കഥ കേട്ടതിൽ മനസ്സുരുകിയ എന്നെ ആശ്വസിപ്പിക്കാനായി പിതൃക്കൾ വന്നിരിക്കുന്നു, ആരവിടേ?

ഹരിക്കാരൻ—(പ്രവേശിച്ച്) മഹാരാജാവു ജയിച്ചാലും.

രാജാവ്—കുറെ വെള്ളം.

ഹരിക്കാരൻ—മഹാരാജാവിന്റെ കല്പനപോലെ. (പോയി തിരിച്ചുവന്ന്) മഹാരാജാവ് ജയിച്ചാലും ഇതാ വെള്ളം.

രാജാവ്—(ആചമനംചെയ്തു നോക്കീട്ട്)

ഇദ്ദേഹമിന്ദ്രസഖനായ് പുകഴും ദിലീപ-
നിദ്ദേഹമോരഘുവിതെന്റെ പിതാവജൻതാൻ;
ഉദ്ദേശമെന്തിവിടെവന്നതിൽ, നിങ്ങളൊന്നു
തദ്ദേശമാന്നമരുവാനണയുന്നുഞാനും. ൨൧

രാമാ! വൈദേഹി! ലക്ഷ്മണ! ഞാൻ ഇവിടെനിന്നു പിതൃ

ക്കളുടെ സമീപത്തേക്കു പോകയാണ് അല്ലയോ പിതൃക്ക
ളേ! ഇതാ ഞാൻ വരുന്നു. (മൂഛബാധിക്കുന്നു.)

(ഹരിക്കാരൻ തിരശ്ശീലയിടുന്നു)

എല്ലാവരും—അയ്യോ! അയ്യോ! മഹാരാജാവ

(എല്ലാവരും പോയി)

രണ്ടാമങ്കം സമാപ്തം.

---

# മൂന്നാം അങ്കം

---

(അനന്തരം സുധാകാരൻ പ്രവേശിക്കുന്നു)

സുധാകാരൻ—(തേപ്പുമുതലായവ നിവ്വഹിച്ച്) ആവൂ! സം ഭാവകനാണ്ടുന്നു കല്പിച്ചതെല്ലാം ചെയ്തുകഴിഞ്ഞു. ഇനി കുറച്ചുകിടന്നുറങ്ങട്ടെ (ഉറങ്ങുന്നു)

ഭടൻ—(പ്രവേശിച്ച് വേലക്കാരനെ ചെന്നു അടിച്ചിട്ട്) എട കഴുവേറി, നീ എന്താണ് വേലചെയ്യാത്തത്? (അ ടിക്കുന്നു)

സുധാകാരൻ—(ഉണന്നു) എന്നെ അടിക്കിൻ എന്നെ അ ടിക്കിൻ

ഭടൻ—അടിച്ചാൽ നീ എന്തു കാണിക്കും?

സുധാകാരൻ—ഭാഗ്യംകെട്ട എനിക്കു കാൎത്തവീൎയ്യനെപ്പോ ലെ ആയിരം കൈയില്ലല്ലോ

ഭടൻ—ഉണ്ടെങ്കിൽ നീ എന്തുചെയ്യും?

സുധാകാരൻ—നിങ്ങളെ തച്ചുകൊല്ലും.

ഭടൻ—എട, കഴുവേറി, ഇവിടെ വാ, ഞാൻ നിന്നെ കൊ ന്നെ വിടൂ.

സുധാകാരൻ—(കരഞ്ഞുംകൊണ്ടു) എജമാനെ, എൻെറ കുററം എന്താണെന്നു അറിഞ്ഞാൽകൊള്ളാം.

ഭടൻ—ഉവ്വോ ഒരു കുററവുമില്ല! എടോ നിന്നോടു ഞാൻ പറഞ്ഞിരുന്നില്ലേ, രാമകുമാരൻെറ രാജ്യഭ്രംശം നിമിത്തം ഉണ്ടായ ദുഃഖത്താൽ തീപ്പെട്ടുപോയ ദശരഥമഹാരാജാവിൻെറ പ്രതിമാഗൃഹം സന്ദർശിക്കുവാൻ ഇന്നു കൌസല്യ മുതലായ എല്ലാ അന്തഃപുരസ്ത്രീകളും ഇങ്ങോട്ട് എഴുന്നെള്ളുമെന്നു. എന്നിട്ടു നീ ഇപ്പോൾ എന്താണിവിടെ ചെയ്തിട്ടുള്ളതു്.

സുധാകാരൻ—എജമാനൻ നോക്കു! അകത്തെ കരടും പൊടിയുമെല്ലാം അടിച്ചുകളഞ്ഞു. ചുമരുകളിലെല്ലാം വെള്ള വീശി ചന്ദനംകൊണ്ടു കൈപ്പടങ്ങൾ പതിച്ചു. നടയ്ക്കൽ മുഴവനും പൂമാലകൾ ചാൎത്തി. മണൽ വിരിച്ചു. ഇവിടെ ഞാൻ ഇപ്പോൾ എന്താണ് ചെയ്യാതിരുന്നിട്ടുള്ളതു്?

ഭടൻ—എന്നാൽ നിനക്കു പേടിക്കാനില്ല, പോകാം. എല്ലാം ശരിയായിരിക്കുന്നു എന്നു ഞാൻ മന്ത്രിയെ ചെന്നറിയിക്കട്ടെ (രണ്ടുപേരും പോയി)

---

## പ്ര വേ ശ കം.

(അനന്തരം രഥത്തിൽ ഇരുന്നുംകൊണ്ടു ഭരതനും സൂതനും പ്രവേശിക്കുന്നു.)

ഭരതൻ—(പരിഭ്രമത്തോടുകൂടി) സൂത! വളരെ നാളായി അമ്മാമന്റെ പാൎശ്വവരുന്നതുകൊണ്ടു വൎത്തമാനമൊന്നും അറിയാറില്ല. മഹാരാജാവിനു തീരെ ശരീരസുഖമില്ലെന്നു കേട്ടു അതിനാൽ പറയൂ.

എന്താണച്ഛൻ്റെ ദീനം?

സൂതൻ—ഉള്ളിൽ വലുതായുള്ളോരു സന്താപമാണ്

ഭരതൻ—എന്തു വൈദ്യർ പറഞ്ഞതു?

സൂതൻ—ഒന്നുമവരാലാവില്ലതിൽ ചെയ്യുവാൻ

ഭരതൻ—എന്തെന്തുണ്ട് കിടപ്പുമെങ്ങിനെ?

സൂതൻ—നിലത്തുണ്ണാതെ

ഭരതൻ—ആശിക്കുവാനെന്തുള്ളു?

സൂതൻ—വിധി

ഭരതൻ—ചഞ്ചലം മമമനം, വേഗം തെളിക്കുരഥം. ൩

സൂതൻ—തിരുമേനിയുടെ കല്പനപോലെ (രഥം തെളിക്കുന്നു)

ഭരതൻ—(രഥവേഗംനടിച്ചിട്ടു) അഹോ, രഥത്തിൻെറ വേഗം ഇതാ,

ഓടുന്നോ എന്നുതോന്നും തരുതതിരഥവേ-
ഗത്തിനാൽ മങ്ങിമങ്ങി,-
ച്ചാടുന്നൂ ഭൂമിനേമിക്കിടയിലതിർകവി-
ഞ്ഞുള്ളൊരാറെന്നപോലെ,
കൂടുന്നില്ലേറുകാൽപേർത്തറിവതി,നുരുളോ
നിന്നമട്ടായി,മുന്നിൽ
ക്കൂടുന്നൂ ഘോടകോത്ഥം പൊടിപടലമതി-
ങ്ങൊപ്പമെത്തുന്നതില്ല. ൪

സൂതൻ—തിരുമേനി! ചുററുമുള്ള വൃക്ഷങ്ങളുടെ പശിമപ്പററുകൊണ്ട് അയോദ്ധ്യ അടുത്തിരിക്കുന്നതുപോലെ തോന്നുന്നു.

ഭരതൻ—അഹോ, സജ്ജനങ്ങളെ കാണാനുള്ള ഔൽസു

ക്യം നിമിത്തം എന്റെ മനസ്സിനുള്ള ബദ്ധപ്പാടു! ഇപ്പോഴാകട്ടേ.

തൃക്കാലിൽച്ചെന്നുവീണേ, നടനരിയപിതാ-
വെന്നെ യമ്പോടെടുത്തു
വെക്കും ഭ്രാതാക്കൾവന്നു, ജനനികളിവനെ
കണ്ണുനീരാൽ നനച്ചു
ഊക്കൻ ഞാൻ യോഗ്യനെന്നായ് പരിജനമുപശാ-
സിച്ചു, സൌമിത്രിവേഷം
നോക്കിബ് ഭാഷിച്ചുവെന്നിങ്ങിനെ പലതുനട-
ന്നെന്നപോൽതോന്നിടുന്നു. ൩

സൂതൻ—(ആത്മഗതം) കഷ്ടം! മഹാരാജാവിന്റെ മരണവൃത്താന്തം അറിയാതെ ഭാവിയെപ്പററി വെറുതെ ഓരോന്നു ആശിച്ചുകൊണ്ടാണ് കുമാരൻ അയോദ്ധ്യയിൽ പ്രവേശിക്കുവാൻ പോകുന്നതു്. എനിക്കു അറിയാമെങ്കിലും പറഞ്ഞുകൂടാ.

അച്ഛൻമരിച്ചെന്നു, മമന്ദമമ്മ-
യ്ക്കൈശ്വര്യലോഭം പിടിപെട്ടുവെന്നും,
ജ്യേഷ്ഠൻ ഗൃഹംവിട്ടുഗമിച്ചുവെന്നു
മൊന്നിച്ചൊരാളെങ്ങിനെ ചൊല്ലിടുന്നു. ൪

ഭടൻ—(പ്രവേശിച്ച്) കുമാരൻ ജയിച്ചാലും!

ഭരതൻ—ഭദ്ര! ശത്രുഘ്നൻ എന്റെ അടുക്കലേക്കു എതിരേല്ക്കാൻ വരുന്നുണ്ടോ?

ഭടൻ—കുമാരൻവരുന്നുണ്ട്. എന്നാൽ ഉപാദ്ധ്യായന്മാർ അവിടുത്തെ അറിയിക്കുന്നു.

ഭരതൻ—എന്തെന്നു, എന്തെന്നു?

ഭടൻ—കാൎത്തിക ഒരു നാഴികകൂടി കൂടിയുണ്ട്. അതുകൊണ്ടു രോഹിണി തുടങ്ങിയതിനു ശേഷമേ കുമാരന് അയോദ്ധ്യയിൽ പ്രവേശിക്കാവൂ എന്ന്.

ഭരതൻ—അങ്ങിനെയാവട്ടെ ഗുരുവാക്യം ഞാൻ ഒരിക്കലും ലംഘിച്ചിട്ടില്ല. നിനക്കു പോകാം.

ഭടൻ—കല്പനപോലെ. (പോയി)

ഭരതൻ—ഇനി ഞാൻ എവിടെയാണ് വിശ്രമിക്കേണ്ടത്. ആകട്ടെ ഇങ്ങിനെയാകാം. ഈ വൃക്ഷങ്ങളുടെ ഇടയിൽക്കൂടെ കാണുന്ന ക്ഷേത്രത്തിൽ പോയിരുന്നു കുറച്ചു വിശ്രമിക്കാം. എന്നാൽ ഈശ്വരാരാധനവും വിശ്രമവും സാധിക്കാമല്ലൊ. എന്നു മാത്രമല്ലാ അൎദ്ധ എവിടെയെങ്കിലും വിശ്രമിച്ചതിനു ശേഷമേ നഗരങ്ങളിൽ പ്രവേശിക്കാവൂ എന്നാണല്ലോ നാട്ടുനടപ്പും അതിനാൽ രഥം നിറുത്തുക.

സൂതൻ—കല്പനപോലെ (രഥം നിൎത്തുന്നു)

ഭരതൻ—(രഥത്തിൽനിന്നിറങ്ങി) സൂത, കുതിരകളെ ജനബാധയില്ലാത്ത ഒരു ദിക്കിൽ അഴിച്ചുവിടു.

സൂതൻ— കല്പനപോലെ (പോയി)

ഭരതൻ—(അല്പം നടന്നുനോക്കീട്ടു) യഥാവിധി പൂവും മലരും ചേൎത്തു ബലി തൂവിയിരിക്കുന്നു, ഭിത്തികളിൽ ചന്ദനംകൊണ്ടു കൈപ്പടങ്ങൾ പതിച്ചിരിക്കുന്നു, നടകളിൽ പൂമാലകൾ ചാൎത്തിയിരിക്കുന്നു, മണൽ വിരിച്ചിരിക്കുന്നു. ഇന്നു വല്ല വിശേഷദിവസമായിരിക്കുമോ? അതോ പതിവായി ചെയ്യാറുള്ള ആരാധനം മാത്രമോ? ഇവിടെ ഏതൊരു ദൈവത്തെയായിരിക്കാം പ്രതിഷ്ഠിച്ചിട്ടുള്ളതു്? അടയാളമായിട്ടു പുറത്തു ഏതുമി

ങ്കിലും ആയുധമോ ധ്വജമൊ ഒന്നുംതന്നെ ഇവിടെ കാണുന്നില്ല. ആകട്ടെ അകത്തു കടന്നു നോക്കാം. (കടന്നുനോക്കീട്ട്) ഹാ കല്ലുകളിൽ എത്ര മനോഹരമായി കൊത്തുവേല ചെയ്തിരിക്കുന്നു! ആകൃതികളുടെ ശോഭം എത്ര ആശ്ചര്യകരമായിരിക്കുന്നു' ദൈവങ്ങൾ എന്നാണു സങ്കൽപ്പിച്ചിട്ടുള്ളതെങ്കിലും ഈ പ്രതിമകളിൽ ഒരു മനുഷ്യച്ഛായ തോന്നുന്നു. ഇതേതായിരിക്കാം നാലു ദൈവങ്ങൾ ഒന്നിച്ചു ചേർന്നിരിക്കുന്നതു? ഏതെങ്കിലുമാവട്ടെ എനിക്കു മനസ്സിന്നു വളരെ ആഹ്ളാദം തോന്നുന്നുണ്ട്.

ഒത്തകമ്മമിഹദൈവമെന്നതാ-
നോത്തു കുമ്പിടുകയാണുകേവലം
ശൂദ്രജാതിയുടെ മന്ത്രശൂന്യമാം
ദേവവന്ദന വിധാനമില്ലയൊ. ൮

ശാന്തിക്കാൻ—(പ്രവേശിച്ച്) ഹേ! ഞാൻ നിത്യകമ്മമെല്ലാം കഴിച്ച് പുറത്തേയ്ക്ക് ഒന്നു പോയപ്പോൾ ഇതാരാണ് ഈ പ്രതിമകളിൽനിന്നു വളരെ ഭേദപ്പെടാത്ത ആകൃതിയോടുകൂടിയ ഒരാൾ പ്രതിമാഗൃഹത്തിൽ പ്രവേശിച്ചിരിക്കുന്നതു്. ആകട്ടെ അകത്തു കടന്നുനോക്കാം (കടന്നുചെല്ലുന്നു.)

ഭരതൻ—നമസ്കാരം

ശാന്തിക്കാരൻ—അരുതു്, നമസ്കരിക്കരുതു്.

ഭരതൻ—അരുതെന്നോ!

ദോഷംനമുക്കൊനിയലുന്നുവെന്നോ
വിശിഷ്ടനെക്കാത്തമരുന്നുവെന്നോ

ഹേമൂലമെന്താണുതടുപ്പതിന്നു
മാമൂലിനൊക്കാത്തനടപ്പിതെന്നോ? ൫

ശാന്തിക്കാരൻ—ഇതൊന്നുമല്ല ഞാൻ അങ്ങയെ തടുക്കുന്നതിന്നുകാരണം. ദൈവങ്ങളാണെന്നു വെച്ചു ബ്രാഹ്മണർ നമസ്കരിച്ചുകൂടാ; ഇവർ ക്ഷത്രിയരാണ്.

ഭരതൻ—അങ്ങിനെയോ? ഇവർ ക്ഷത്രിയരാണ് അല്ലേ? എന്നാൽ ഇവർ ആരാണ്?

ശാന്തിക്കാരൻ—ഇക്ഷ്വാകുക്കൾ.

ഭരതൻ—(സന്തോഷത്തോടുകൂടി) ഇക്ഷ്വാകുക്കളോ? എന്നാൽ ഇവർ അയോദ്ധ്യാ രാജാക്കന്മാരാണല്ലോ

ഇക്കാണുന്നവർ വാനവർക്കസുരരെ-
ക്കൊല്ലാൻ തുണയ്ക്കുന്നുവോ-
രിക്കണ്ടോർ സുകൃതത്തിനാൽ പ്രജകളോ-
ടൊന്നിച്ചു വിണ്ണേറുവോർ
ഇക്കാണുന്നവർ പാരിടം മുഴുവനും
കൈയ്യൂക്കിനാൽ വെല്ലുവോ-
രിക്കണ്ടോർ ഹിതകാംക്ഷിയായ യമനാൽ
തീണ്ടപ്പെടാത്തോർ ചിരം. ൬

ആശ്ചര്യം; യദൃച്ഛയായി ഒരു വലിയഫലം എനിക്കു സിദ്ധമായല്ലോ. പറയൂ, ഇദ്ദേഹമാരാണ്.

ശാന്തിക്കാരൻ—ഇദ്ദേഹം സർവ്വരത്നസമ്പൂർണ്ണമായ വിശ്വജിത്ത് എന്ന യാഗം നടത്തി ധർമ്മപ്രദീപത്തെ പ്രകാശിപ്പിച്ച ദിലീപനാണ്.

ഭരതൻ—ധാർമ്മികനായ അവിടുത്തേക്കു നമസ്കാരം. പറയൂ, ഇദ്ദേഹമാരാണ്?

ശാന്തിക്കാരൻ—ഇദ്ദേഹം, കിടക്കുമ്പോഴും എഴുന്നേല്ക്കുമ്പോഴും അനേകായിരം ബ്രാഹ്മണരുടെ പുണ്യാഹോച്ചാരണത്തിന്നു വിഷയമായിരുന്ന രഘുവാണ്.

ഭരതൻ—ആശ്ചര്യം! ബലവാനായ മൃത്യു ഈ രക്ഷയേയും അതിക്രമിച്ചു കളഞ്ഞു. രാജ്യസമ്പത്തു മുഴുവനും ബ്രാഹ്മണർക്കായി ദാനംചെയ്ത അവിടുത്തേയ്ക്കു നമസ്കാരം. പറയൂ, ഇദ്ദേഹമാരാണ്?

ശാന്തിക്കാരൻ—ഇദ്ദേഹം പ്രിയാവിയോഗത്താലുണ്ടായ വൈരാഗ്യംനിമിത്തം രാജ്യഭാരം ഉപേക്ഷിച്ചു നിത്യാവഭൃഥസ്നാനനിർമ്മലനായ അജനാണ്.

ഭരതൻ—ശ്ലാഘ്യമായ പശ്ചാത്താപത്തോടുകൂടിയ അവിടുത്തേയ്ക്കു നമസ്കാരം. (ദശരഥന്റെ പ്രതിമയെ നോക്കി വ്യസനത്തോടെ) ഹേ! ബഹുമാനംനിമിത്തം മതിമറന്നുപോയ ഞാൻ വേണ്ടപോലെ ധരിച്ചില്ല. പറയൂ, ഇദ്ദേഹമാരാണ്.

ശാന്തിക്കാരൻ—ഇദ്ദേഹം ദിലീപൻ

ഭരതൻ—മഹാരാജാവിന്റെ മുതുമുത്തച്ഛൻ. പിന്നെ.

ശാന്തിക്കാരൻ—ഇദ്ദേഹം രഘു.

ഭരതൻ—മഹാരാജാവിന്റെ മുത്തച്ഛൻ. പിന്നെ.

ശാന്തിക്കാരൻ—ഇദ്ദേഹം അജൻ.

ഭരതൻ—അച്ഛന്റെ അച്ഛൻ. ഹേ! എങ്ങിനെ, എങ്ങിനെ?

ശാന്തിക്കാരൻ—ഇതു ദിലീപൻ, ഇതു രഘു, ഇതു അജൻ.

ഭരതൻ—ഞാൻ അജ്ജയോട് ഒന്നു ചോദിക്കട്ടെ, ജീവിച്ചിരിക്കുന്നവരുടേയും പ്രതിമകൾ സ്ഥാപിക്കാറുണ്ടോ?

ശാന്തിക്കാരൻ—ഇല്ല, കഴിഞ്ഞുപോയവരുടെ മാത്രം.

ഭരതൻ—എന്നാൽ ഞാൻ പോകട്ടെ.

ശാന്തിക്കാരൻ—നില്ക്കൂ.

ജീവനു മവനിയൊടൊപ്പം
യാതൊരുവൻ ശുല്കമായുപേക്ഷിച്ചു
എന്തു്ശരഥനുടെനൽ
പ്രതിമയിലണ്ടുന്ന മൂകനായ്ക്കീന്നു? ഷ്യ

ഭരതൻ—അയ്യോ! അച്ഛാ! (മൂർച്ഛിച്ചുവീഴുന്നു. പിന്നെ ബോധം വന്നിട്ട്)

സന്ദേഹിച്ചതുസാമ്പ്രതം ഹൃദയമേ,
സത്യസ്ഥിതിക്കൊത്തതായ്
വന്നൂകേൾക്കപിതാവുതൻെറ നിധനം
ധൈര്യത്തെയും കൊൾകനീ
ഇന്നീനിന്ദിതമായ ശുല്കപദമൊ-
ന്നെന്നെത്തൊട്ടുമട്ടിലാ-
ണെന്നാൽ പങ്കിലമായദേഹമിവിടെ
ശുദ്ധിപ്പെടുത്തീടണം. ന്ദു്

ആര്യ്യ!

ശാന്തിക്കാരൻ—ആര്യ്യനെന്നോ. ഇതു് ഇക്ഷ്വാകുരാജാക്കന്മാർ വിളിക്കുന്ന രീതിയാണല്ലോ-അല്ലെ, അവിടുന്നു കൈകേയീപുത്രനായ ഭരതനായിരിക്കുമോ?

ഭരതൻ—അതെ, അതെ, ഞാൻ ദശരഥൻെറപുത്രനായ ഭരതനാണ്. കൈകേയിയുടെ അല്ല.

ശാന്തിക്കാരൻ—എന്നാൽ ഞാൻ പോകുന്നതിന്നു വിട ചോദിക്കട്ടെയോ?

ഭരതൻ—നില്ക്കൂ, ശേഷം പറയൂ,

ശാന്തിക്കാരൻ—എന്താണ് നിവൃത്തി? കേൾക്കണം. ദശരഥ മഹാരാജാവ് അന്തരിച്ചു—സീതയോടും ലക്ഷ്മണനോടുംകൂടെ രാമൻ കാട്ടിലേക്കു പോയതു് എന്തു സംഗതിയാലാണെന്നെനിക്കറിഞ്ഞുകൂട.

ഭരതൻ—എന്തു് എന്തു്, ആര്യൻ കാട്ടിലേയ്ക്കും പോയോ?

(കലശലായി മോഹാലസ്യപ്പെടുന്നു.)

ശാന്തിക്കാരൻ—കുമാരൻ ആശ്വസിച്ചാലും, ആശ്വസിച്ചാലും.

ഭരതൻ—(ആശ്വസിച്ചു്)

പിതാവുമെൻപൂർവ്വജനും വെടിഞ്ഞു
കാടായ്ക്കിടന്നീടുമയോദ്ധ്യനോക്കി
ഓടുന്നു ഞാൻ വററിയൊരാററിലേയ്ക്കു
ദാഹം മുഴുത്തുള്ളവനെന്നപോലെ. ൧൦

ആര്യ, വിസ്തരിച്ചു പറഞ്ഞുകേൾക്കുന്നതുകൊണ്ടു് എൻെറ മനസ്സിന്നു കുറെ ആശ്വാസം തോന്നുന്നതാണ്—അതുകൊണ്ടു ഒന്നും ബാക്കി വെക്കാതെ പറയണം.

ശാന്തിക്കാരൻ—കേട്ടാലും, മഹാരാജാവ് ശ്രീരാമനെ അഭിഷേകം ചെയ്യാൻ ആരംഭിച്ചപ്പോൾ അവിടത്തെ അമ്മ പറഞ്ഞുപോലും.

ഭരതൻ—നില്ക്കൂ.

അശ്ശ്ലേഷ്ലംശമോർത്തൻ മകനവനിഭരി-
　　ക്കേണമെന്നോതിനേരെ-
തദ്ധൈര്യാലാശ്വസിച്ചാത്മജ! വനമണകെ-
　　ന്നാര്യനോടും പറഞ്ഞാൾ
പൂക്കാനൊക്കാത്തവണ്ണം മൃതിമരവുരിപൂ-
　　ണ്ടാര്യനെക്കണ്ടരാജാ-
വിക്കാലംബാക്കിനാട്ടാരുടെ പഴികൾമൂറ-
　　ശ്ശ്ലോന്നിലല്ലീപതിപ്പൂ? ൧൧

(മോഹാലസ്യപ്പെടുന്നു)
(അണിയറയിൽ)
മാറുവിൻ, മാറുവിൻ-

ശാന്തിക്കാരൻ—(നോക്കീട്ട്) ഓ ഹോ!

തനയൻ മോഹിച്ചളവേ
തക്കൊരുനേരത്തുദേവിമാരെത്തി
ജലമില്ലാത്തജലാഞ്ജലി-
യല്ലോമാതാക്കൾതൻ കരസ്പർശം. ൧൨

(അനന്തരം ദേവിമാരും സുമന്ത്രനും പ്രവേശിക്കുന്നു)

സുമന്ത്രൻ—ദേവിമാർ ഇതിലെ ഇതിലെ

ഹർമ്മ്യങ്ങൾക്കുമലഭ്യമായവലിയോ-
　　രൌന്നത്യമോടൊത്തിതാ-
രമ്യം നമ്മുടെ തമ്പുരാൻപ്രതിമയാ-
　　യുൾച്ചേർന്നെഴും മന്ദിരം
ചെമ്മേ പാന്ഥജനങ്ങളിങ്ങുതവണ-
　　ക്കാരാരുമില്ലാതെയും
മുന്മട്ടിൽപണിയാതെയും തടവൊഴി-
　　ഞ്ഞെത്തീബ് ഭജിക്കുന്നുതേ. ൧൩

[അകത്തുകടന്നുനോക്കീട്ട്] അരുതരുത്. ദേവിമാർ അകത്തു കടക്കരുത്.

ആരോ കിടക്കുന്നിതൊരാളകത്തു
വയസ്ഥനാം പാർത്ഥിവനെന്നപോലെ. ൧൪

ശാന്തിക്കാരൻ—ശങ്കിക്കുവാനില്ലകടന്നുചെല്ലാം
മററാരുമല്ലാ, ഭരതൻകുമാരൻ ൧൫
(പോയി)

ദേവിമാർ—(വേഗം അടുത്തുചെന്ന്) അയ്യോ! ഉണ്ണി ഭരത.

ഭരതൻ—(അല്പം ആശ്വസിച്ച്) ആര്യ്!

സുമന്ത്രൻ—ജയിച്ചാലും മഹാ—(എന്നു പാതിപറഞ്ഞ ദുഃഖത്തോടെ) അഹോ! സ്വരത്തിൻെറ സാദൃശ്യം. പ്രതിമയായിരിക്കുന്ന മഹാരാജാവ് തന്നെ സംസാരിക്കുകയാണെന്നു തോന്നിപ്പോയി.

ഭരതൻ—അമ്മമാരുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ്?

ദേവിമാർ—മകനേ, ഇതാണ് ഞങ്ങളുടെ സ്ഥിതി.

(മൂടുപടം മാററുന്നു)

സുമന്ത്രൻ—ദേവിമാർ ദുഃഖത്തെ അടക്കണം.

ഭരതൻ—(സുമന്ത്രനെനോക്കി) പഴയ നാട്ടുനടപ്പുകൾ എല്ലാം കാണുന്നതുകൊണ്ട് ഞാൻ ഊഹിക്കുന്നു താത! അവിടുന്നു സുമന്ത്രനല്ലേ?

സുമന്ത്രൻ—കുമാര! അതേ, ഞാൻ സുമന്ത്രൻതന്നെ.

ആയുസ്സുകൂടിയൊരുദോഷമിയന്നു നിന്ദ്യ-
നായിപ്രകാരമൊരു നന്ദിവെടിഞ്ഞമൂലം
വാസമന്നൃപതിവിട്ടുളവിങ്കലുംഞാൻ
ചാവാതെയുന്നൃരഥ സാരഥിയായിരിപ്പൂ. ൧൬

ഭരതൻ—ഹാ! താത! (എഴുന്നേററ്) താത! അമ്മമാരെ അഭിവാദനം ചെയ്യാനുള്ള ക്രമം ഉപദേശിച്ചുതരൂ.

സുമന്ത്രൻ—അങ്ങിനെയാവട്ടെ ഇവർ ശ്രീമാനായ രാമന്റെ അമ്മ കൌസല്യാദേവിയാണ്.

ഭരതൻ—അമ്മേ! നിരപരാധിയായ ഞാൻ അഭിവാദനം ചെയ്യുന്നു.

കൌസല്യ—ഉണ്ണീ ദുഃഖിക്കാതിരിക്കൂ!

ഭരതൻ—(ആത്മഗതം) ഇതൊരു ശകാരംപോലെയാണ്. (പ്രകാശം) ഞാൻ അനുഗ്രഹീതനായി. പിന്നെ?

സുമന്ത്രൻ—ഇതു ശ്രീമാൻ ലക്ഷ്മണന്റെ അമ്മ സുമിത്രാദേവി—

ഭരതൻ—അമ്മേ, ലക്ഷ്മണനാൽ വഞ്ചിതനായ ഞാൻ അഭിവാദനംചെയ്യുന്നു.

സുമിത്ര—ഉണ്ണി യശോഭാഗിയായിരിക്കുക.

ഭരതൻ—അമ്മേ, പ്രയത്നിച്ചുനോക്കാം. ഞാൻ അനുഗ്രഹീതനായി. പിന്നെ?

സുമന്ത്രൻ—ഇത് അവിടുത്തെ അമ്മ.

ഭരതൻ—(കോപത്തോടെ എഴുന്നേററ്) ആ പാപെ,

എന്നുടെ ജനനികളാമിവർ
തന്നുടവിൽപററുകില്ലനിയ്യോർത്താൽ
നിമ്മലഗംഗായമുനകൾ
തന്മദ്ധ്യേ കുനദിപോലെയാകുന്നു. ൧൩

കൈകേയി—മകനേ, ഞാൻ എന്തുചെയ്തു?

ഭരതൻ—എന്തുചെയ്തുവെന്നോ ചോദിക്കുന്നത്?

ദൃഷ്ടേരിന്നിവ,നാഥനോ മരവിരി-
ക്കുവ്വീമഹേന്ദ്രൻമുതി-
ക്കെപ്പോഴും തൊഴികൾക്കയോദ്ധ്യ,മൃഗചാ-
രിതചത്തിന്നോ, ലക്ഷ്മണൻ
ദുഃഖത്തിന്നാലമമ്മമാർ, വധുവഴി-
ക്ലേശത്തിനാത്മാവഹോ!
ധിക്കാരത്തിന്നമത്രപാത്രതവഹി-
ക്കേണ്ടും വിധംചെയ്യുനീ. ൧൭

കൌസല്യ—ഉണ്ണി, എല്ലാ സമുദായാചാരങ്ങളേയും അനുസരിക്കുന്ന നീ അമ്മയെ വന്ദിക്കാത്തതെന്താണ്?

ഭരതൻ—അമ്മയെ എന്നോ? അമ്മേ! അവിടുന്നുതന്നെയാണല്ലൊ എൻെറ അമ്മ. അമ്മേ, ഞാൻ അഭിവാദനംചെയ്യുന്നു.

കൌസല്യ—അല്ലല്ലാ, ഇതാണു നിൻെറ അമ്മ.

ഭരതൻ—ആയിരുന്നു. ഇപ്പോൾ അല്ല. നോക്കു അമ്മേ;

സ്നേഹംവെടിഞ്ഞുവലുതായൊരുശീലദോഷം
കൈക്കൊണ്ടിടുന്നളവുപുത്രരപുത്രരാകും
ഇന്നാദ്യമായ് നിയമമാക്കുവനിങ്ങു, ഭർത്തൃ-
ദ്രോഹംനടത്തിടുമൊരമ്മയുമമ്മയല്ല. ൧൮

കൈകേയി—മകനേ. മഹാരാജാവിൻെറ സത്യവചനം രക്ഷിപ്പാനാണ് ഞാൻ അങ്ങിനെ പറഞ്ഞത്.

ഭരതൻ—എങ്ങിനെ, എങ്ങിനെ?

കൈകേയി—എൻെറ പുത്രൻ രാജാവാകേണമെന്ന്—

ഭരതൻ—എന്നാൽ അപ്പോൾ ആ ആര്യൻ അവിടുത്തെ ആരാണ്?

പിതാവു തന്നൌരസപുത്രനല്ലേ?
മുറയ്ക്കുചേരുന്നൊരഭിഷേകമല്ലേ?
സഹോദരന്മാരിലിണക്കമില്ലേ?
മഹാജനത്തിന്നുരുചിച്ചതല്ലേ? ൧൯

കൈകേയി—മകനെ, അതു ശ്രൂഷ്ഠത്തിൽ ആഗ്രഹമുള്ളവരോടല്ലേ ചോദിക്കേണ്ടതു?

ഭരതൻ—മരവിരിയാൽ നൃപനെന്നൊരു
നിലനീങ്ങിക്കാൽനടയ്ക്കു ഭാര്യയുമായ്
വനഭുവി വാഴ്കെന്നരുളാ-
നതുമുണ്ടോ ചൊല്ലിയിട്ട ശ്രൂഷ്ഠത്തിൽ? ൨൦

കൈകേയി—മകനെ, ദേശവും കാലവും നോക്കി അറിഞ്ഞു ധരിപ്പിക്കാം.

ഭരതൻ—

വല്ലാത്തൊരയശസ്സിനെങ്കിലിവനെ-
പ്പൊക്കിപ്പുകഴ്ത്തേണമെ-
ന്നില്ലല്ലൊ, ധനലാഭമെങ്കിലഖിലം
രാജാവുനൽകില്ലയോ?
അല്ലാ, ഭൂപസവിത്രിയെന്നപദമാ-
ണിച്ഛിപ്പതെന്നാലിനി-
ച്ചൊല്ലേണം ഭവതിയ്ക്കഹന്ത! മകന-
ല്ലെന്നോമദീയാഗ്രജൻ. ൨൧

അവിടുന്നു ചെയ്തതു കടുപ്പമായിപ്പോയി.

ഒട്ടല്ലാതുഴിമോഹിച്ചരചനരുതി-
വന്നീടുവാൻ ഹേതുവാക്കീ
കാട്ടിൽപ്പോകെന്നുചൊല്ലിച്ച് ഭവതി തനയരിൽ
ജ്യേഷ്ഠനേയും വെടിഞ്ഞു

പൊട്ടിപ്പോയീലവൈദേഹിയെ മരവിരിയും
പൂണ്ടുകണ്ടിട്ടമയ്യോ
കഷ്ടം! നിന്നന്തരംഗം കുലിശകഠിന-
മായിട്ടുതീർന്നു വിരിഞ്ചൻ. ൨൨

സുമന്ത്രൻ—കുമാര, വസിഷ്ഠവാമദേവന്മാർ അഭിഷേകത്തിന്നായി പ്രകൃതികളോടൊപ്പം അവിടുത്തെ എതിരേററുവന്നു അറിയിക്കുന്നു.

ഇടയനൊഴിഞ്ഞോരു മാട്ടുക-
ളുടനേ മുടിയുന്നുരക്ഷയില്ലാതെ
മുടിയുമതുപോലെതന്നേ
കുടികളുമവനീശനില്ലാഞ്ഞാൽ. ൨൩

ഭരതൻ—പ്രജകൾ എന്നെ അനുഗമിക്കട്ടെ

സുമന്ത്രൻ—അഭിഷേകം വേണ്ടെന്നുവെച്ച് അവിടുന്ന് എങ്ങോട്ടു പോകുന്നു?

ഭരതൻ—അഭിഷേകമെന്നോ, അത് ഇവിടെ അത്രഭവതിക്കു ചെയ്യേക്കൂ!

സുമന്ത്രൻ—അവിടുന്ന് എങ്ങോട്ട് പോകുന്നു?

ഭരതൻ—

അങ്ങോട്ടുപോകുന്നതിനായുറച്ചു ഞാൻ;
എങ്ങോ വസിക്കുന്നതു ലക്ഷ്മണപ്രിയൻ.
അയോദ്ധ്യകാകുൽസ്ഥനെഴുന്ന ദിക്കതാ-
നയോദ്ധ്യയല്ലേതുമയോദ്ധ്യയന്യഥാ. ൨൪

എല്ലാവരും പോയി.

(മൂന്നാം അങ്കം കഴിഞ്ഞു)

---

# നാലാം അങ്കം

(അനന്തരം രണ്ടു ചേടികൾ പ്രവേശിക്കുന്നു.)

വിജയ—സഖി, നന്ദിനികെ' പറയു, പറയു, ഇന്നു കൌസല്യ മുതലായ എല്ലാ തമ്പുരാട്ടിമാരും പ്രതിമാഗൃഹം കാണുവാൻ പോയപ്പോൾ, അവിടെവെച്ച് അവർ കൊച്ചുതമ്പുരാൻ ഭരതനെ കണ്ടുവത്രെ. ഭാഗ്യംകെട്ട ഞാൻ വാതുക്കൽ നിന്നതേ ഉള്ളൂ.

നന്ദിനിക—സഖി! ഞങ്ങൾ കൊച്ചുതമ്പുരാനെ നല്ലവണ്ണം കണ്ടു.

വിജയ—കുമാരൻ തമ്പുരാട്ടിയോട് എന്തുപറഞ്ഞു?

നന്ദിനിക—എന്തു പറഞ്ഞു: കാണ്മാൻപോലും കുമാരനു ഇഷ്ടമില്ലായിരുന്നു.

വിജയ—അയ്യോ, വലിയ കഷ്ടം! രാജ്യം കൊതിച്ചിട്ട് ആ കൊച്ചുതമ്പുരാനെ നാട്ടിൽനിന്നു പറഞ്ഞയച്ചു; തനിക്കു വൈധവ്യവും വലിച്ചിട്ടു. നാട്ടിനും നാശമുണ്ടാക്കി. തമ്പുരാട്ടി തീരെ ദയ ഇല്ലാത്ത കൂട്ടത്തിൽതന്നെ; വലിയ കടുപ്പം ചെയ്തു.

നന്ദിനിക—സഖി! കേൾക്കു, പ്രജകൾ ഒരുക്കിയ അഭിഷേകം വേണ്ടെന്നുവെച്ചു കുമാരൻ രാമൻ ഇരിക്കുന്ന തപോവനത്തിലേക്കു പോയി.

വിജയ—(ദുഃഖത്തോടെ) ഉം, കുമാരനും പോയോ? നന്ദിനികേ, വരു, നമുക്കു തമ്പുരാട്ടിയെ ചെന്നുകാണാം.

(രണ്ടുപേരും പോയി)

പ്രവേശകം.

(അനന്തരം രഥത്തിൽ ഇരുന്നു സുമന്ത്രനോടും സൂതനോടുംകൂടെ ഭരതൻ പ്രവേശിക്കുന്നു.)

ഭരതൻ—

വാരഞ്ചും സുകൃതങ്ങളൊത്തവനിപൻ
 വിണ്ണാൻവാണീടവേ
പൌരന്മാരുടെ ബാഷ്പവാരിവിസരം
 പിൻചേൎന്നുകൊണ്ടങ്ങിനെ
ശ്രീരാമാഖ്യ കലന്നമറ്റൊരുലക-
 പ്പൂൎത്തികളെക്കാണുവാ-
നാരാൽപുണ്യ തപോവനക്ഷിതിയിലേ-
 ക്കായിട്ടുപോകുന്നു ഞാൻ. ൧

സുമന്ത്രൻ—ആയുഷ്മാനായ ഭരതൻ,

ഭീമം സുരാരിവരഗൎവ്വംതകൎത്തനര-
 നാഥന്റെ സൂനു, വിഭവ-
സ്തോമംസമസ്തമിഹയജ്ഞത്തിനാക്കിയ
 നരേന്ദ്രന്റെപൌത്രനമലൻ,
ആ മട്ടു താത ഹിതകാരിത്വമാൎന്നപൃക-
 ളേറുന്നലോകഹിതനാം
രാമന്റെസോദരനിതാ പോയിടുന്നു ബത
 രാമന്നുചേൎന്നവഴിയെ. ൨

ഭരതൻ—താത!

സുമന്ത്രൻ—കുമാര! എന്താണ്?

ഭരതൻ—എവിടെയാണ് എന്റെ ജ്യേഷ്ഠനായ തത്രഭവാൻ രാമൻ? എവിടെയാണ് ആ മഹാരാജാവിന്റെ പ്രതിനിധി? എവിടെയാണ് മഹാത്മാക്കളുടെ ആ ഉ

ത്തുമോദാഹരണം? എവിടെയാണു രാജ്യലുബ്ധയായ കൈകേയിയുടെ പ്രത്യാദേശമായ അദ്ദേഹം? എവിടെയാണ് ആ യശോഭാജനം? എവിടെയാണ് മഹാരാജാവിന്റെ പുത്രനായ അദ്ദേഹം? എവിടെയാണ് ആ സത്യസന്ധൻ?

എന്നുടെമാതൃപ്രീതി-
ക്കേതൊരുവൻരാജ്യലക്ഷ്മിയെ വെടിഞ്ഞു
ആമൽപ്പരദേവതയെ-
ക്കാണ്മതിനായ് ഞാൻ കൊതിക്കുന്നു. ൩

സുമന്ത്രൻ—കുമാര! ഇതാ ആ ആശ്രമപദം.

ഇവിടെ വസിപ്പൂ രാമൻ
സീതയുമക്ഷീണ കീർത്തിലക്ഷ്മണനും
സത്യവുമഥശീലവുമൊരു-
ഭക്തിയുമുടലോടു കൂടിയെന്ന വിധം. ൪

ഭരതൻ—എന്നാൽ രഥം നിർത്തുക തന്നെ.

സൂതൻ—കല്പനപോലെ (അങ്ങനെ ചെയ്യുന്നു.)

ഭരതൻ—സൂത! ജനബാധയില്ലാത്ത ഒരിടത്തു കുതിരകളെ അഴിച്ചുവിടു.

സൂതൻ—കല്പനപോലെ (പോയി)

ഭരതൻ—ഹേ! താത! അറിയിക്കു, അറിയിക്കു.

സുമന്ത്രൻ—കുമാര! എന്താണ് അറിയിക്കേണ്ടത്?

ഭരതൻ—രാജ്യലുബ്ധയായ കൈകേയിയുടെ പുത്രൻ ഭരതൻ വന്നിരിക്കുന്നുവെന്ന്.

സുമന്ത്രൻ—കുമാര! ഗുരുജനങ്ങളെ നിന്ദിച്ചിട്ടാവശ്യമില്ല.

ഭരതൻ—ശരിതന്നെ. അന്യരെ ദൂഷിക്കുന്നത് അന്യായമാണല്ലൊ. അതിനാൽ ഇക്ഷ്വാകു കുലത്തിന്നു കളങ്കഭൂതനായ ഭരതൻ വന്നിരിക്കുന്നു എന്നു പറയൂ.

സുമന്ത്രൻ—എനിക്ക് ഇങ്ങിനെ പറവാൻ വയ്യ. എന്നാൽ ഭരതൻ വന്നിരിക്കുന്നു എന്നു പറയാം.

ഭരതൻ—പോര, പോര. അതു മാത്രമായാൽ പാപത്തിന്നു പ്രായശ്ചിത്തം ചെയ്യാത്തതുപോലെ എനിക്കു തോന്നുന്നു. ബ്രഹ്മഹത്യ ചെയ്തവർ വരുമ്പോഴും മററുള്ളവർ അറിയിക്ക പതിവുണ്ടോ? അതുകൊണ്ടു താതൻ നിൽക്കു, ഞാൻതന്നെ അറിയിച്ചുകൊള്ളാം. ഹേ! ഹേ! പിതൃവചനത്തെ അനുസരിച്ചു നടക്കുന്ന തത്രഭവാൻ രാമനെ അറിയിക്കണേ! അറിയിക്കണേ!

"നിർദ്ദയൻ നന്ദിയില്ലാത്തോൻ"
പ്രാകൃതൻ സാഹസപ്രിയൻ
വന്നിട്ടുണ്ടൊരുവൻ ഭക്തൻ;
നിൽക്കയോ വേണ്ടു? പോകയോ? എന്ന്. അ

(അനന്തരം സീതയോടും ലക്ഷ്മണനോടുംകൂടെ രാമൻ പ്രവേശിക്കുന്നു.)

രാമൻ—(കേട്ടിട്ടു ഹർഷത്തോടുകൂടി) ലക്ഷ്മണ! കേൾക്കുന്നില്ലേ? അല്ലയോ വൈദേഹി! ഭവതിയുംകേൾക്കുന്നില്ലേ?

അമ്പോ! താതൻെറയാണോ സ്വരമനഘമിതി-
ങ്ങൊരുടേതായിരിക്കാം
ഗാംഭീര്യംകൊണ്ടു മേഘധ്വനിയെഇതു മട-
ക്കുന്നതായ് തോന്നിടുന്നു.

അൻപേറും ബന്ധുവെന്നുള്ളൊരുനിനവിനെയുൾ-
ക്കാമ്പിലുണ്ടാക്കിമുററും
സമ്പന്നസ്നേഹമായ്യൊരിതുമമചെവിയിൽ
സ്വൈരമായ് പൂകിടുന്നു. ൬

ലക്ഷ്മണൻ—ആൎയ്യ! എനിക്കും ഈ സ്വരം ബന്ധുജനബ
ഹുമാനത്തെ ഉണ്ടാക്കുന്നുണ്ട്. ഇതാകട്ടേ,

ധീരമായ് സ്ഫുടഗംഭീരമായ് സമദഗോവൃ-
ഷസ്വരസമാനമായ്
സ്വൈരമുള്ളിലിടറാതുയൎന്നുഗളനാള-
മാൎന്നുകളമായ് ഭൃശം
ചാരുവായ് കരണവൎണ്ണസംഹതിതെളിഞ്ഞി-
ട്ടുംപടിനിലച്ചു;താൻ
പോരുമേനിഖിലവൎണ്ണരക്ഷണവിധിക്കു-
മെന്നുപറയുന്നുവോ. ൭

രാമൻ—ഏതുവിധവും ഈ സ്വരം ബന്ധുവല്ലാത്ത ഒരാളു
ടേതാവാൻ പാടില്ല. എൻെറ മനസ്സ് അലിഞ്ഞു
പോകുന്നതുപോലെ തോന്നുന്നു. വത്സ! ലക്ഷ്മണ! ചെ
ന്നുനോക്കു.

ലക്ഷ്മണൻ—ആൎയ്യൻെറ കല്പനപോലെ. (ചുററിനട
ക്കുന്നു)

ഭരതൻ—അല്ലാ ആരും ഒന്നും ഉത്തരം പറയുന്നില്ലല്ലോ.
പക്ഷെ, കൈകേയിയുടെ പുത്രൻ ഭരതനാണ് വന്നി
രിക്കുന്നതെന്നു അവർ മനസ്സിലാക്കിയിരിക്കുമൊ?

ലക്ഷ്മണൻ—(നോക്കീട്ട്) അല്ലാ, ഇതു ആൎയ്യനായ രാമ

നാണല്ലോ. അല്ലല്ല, അഹോ! രൂപത്തിന്റെ സാദൃശ്യം!

നിസ്തുല്യം മുഖബിംബമാൎയ്യവദനം
പോലേ ശശാങ്കോജ്ജ്വലം,
മാറത്തട്ടച്ഛനെഴുന്നപോലെ വിപുലം
ദേവാരി ബാണക്ഷതം,
അത്യന്തം പ്രഭപൂണ്ടു കാൺകിലെവനും
കൌതൂഹലം ചേൎക്കുവോ-
രിത്തേജോനിധിയാരുവാൻ നൃപതിയോ
വൃത്രാരിയോ ശൌരിയോ? വൃ

(സുമന്ത്രനെ കണ്ടിട്ട്) അല്ലാ. താതനോ?

സുമന്ത്രൻ—അല്ലാ കുമാര ലക്ഷ്മണൻ.

ഭരതൻ—എന്നാൽ ഇദ്ദേഹം ജ്യേഷ്ഠനാണ്. ആൎയ്യ! ഞാൻ വന്ദിക്കുന്നു.

ലക്ഷ്മണൻ—വരൂ, വരൂ, ആയുഷ്മാനായി ഭവിക്കട്ടെ. (സുമന്ത്രനെ നോക്കി) താത! ഇദ്ദേഹമാരാണ്?

സുമന്ത്രൻ—കുമാര,

നാലാമനാരഘുവിൽനിന്നജനെത്തുടൎന്നു
മൂന്നാമനച്ഛനയിതേ മുറയിൽദ്വിതീയൻ
അങ്ങാക്കുസോദരനിനാനജയകേതുവാകു-
മങ്ങോൎക്കുസോദരനിവൻ ഭരതൻ കുമാരൻ. ൻ

ലക്ഷ്മണൻ—വരൂ, വരൂ. ഇക്ഷ്വാകുകുമാര, വത്സ! ആയുഷ്മാനായി ഭവിച്ചാലും.

ദൈത്യേന്ദ്രായോധനാഗ്രേസരർ പവിയൊടിണ-
ക്കത്തൊഴും വില്ലിയന്നോ-
രത്യന്തം വീര്യമുള്ളോർ നിജകുലജരവ-
ർക്കൊത്തുവീര്യാഢ്യനായും
സത്രത്തിന്നായിവിത്തം സകലവുമുപയോ-
ഗിച്ച സാക്ഷാൽ രഘുവ്വീ-
ട്ടത്തിന്നൊപ്പം ഭവിച്ചീടുക വരഗുണസം-
ഘാതസങ്കേതമായും. ൧൭

ഭരതൻ—ഞാൻ അനുഗ്രഹീതനായി.

ലക്ഷ്മണൻ—കുമാര, ഇവിടെ നിൽക്കൂ, കുമാരൻ വന്നിരിക്കുന്ന വിവരം ഞാൻ ജ്യേഷ്ഠനെ അറിയിക്കാം.

ഭരതൻ—ആര്യ്യ! താമസിയാതെ അഭിവാദനം ചെയ്താൽ കൊള്ളാമെന്നുണ്ട്. വേഗം അറിയിക്കണം.

ലക്ഷ്മണൻ—ആവട്ടെ (അടുത്തുചെന്ന്) ആര്യ്യൻ ജയിച്ചാലും. ആര്യ്യ!

അരിമയെഴും തൽസോദര-
നരികിലിതാ സോദരപ്രിയൻ ഭരതൻ
ഒരു കണ്ണാടിയിൽ നിന്നുടെ
തിരുവുടൽ നിഴലിച്ചപോലെ നില്ക്കുന്നു. ൧൮

രാമൻ—വത്സ! ലക്ഷ്മണ! എന്ത് ഭരതൻ വന്നിട്ടുണ്ടോ?

ലക്ഷ്മണൻ—ആര്യ്യ! ഉവ്വ്.

രാമൻ—മൈഥിലി! ഭരതനെ കാണ്മാൻ ഭവതി കണ്ണുകൾ വിടർത്തിക്കൊള്ളൂ.

സീത—ആര്യ്യപുത്ര! ഭരതൻ വന്നിട്ടുണ്ടോ?

രാമൻ—ഉവ്വ്.

ഇന്നാണു ഞാൻ ദുഷ്കരമാണു ചെയ്ക-
തെന്നച്ഛനെന്നുള്ളതറിഞ്ഞതെല്ലാം
സഹോദരസ്നേഹമിതേവമെന്നാ-
ലഹോ! സുതസ്നേഹമതെത്രവേണം. ൨൨

ലക്ഷ്മണൻ—ആര്യ! കുമാരൻ പ്രവേശിക്കട്ടയോ?

രാമൻ—വത്സ! ഇതും എന്റെ അഭിപ്രായം അറിഞ്ഞിട്ടു വേണമെന്നുണ്ടോ? വേഗം കുമാരനെ സല്ക്കരിച്ചു കൂട്ടിക്കൊണ്ടുവരു.

ലക്ഷ്മണൻ—ആര്യന്റെ കല്പനപോലെ

രാമൻ—അല്ലെങ്കിൽ, താൻ നില്ക്കു.

തൂമഞ്ഞണിഞ്ഞാരിതളൊത്തകണ്ണാ-
ലാനന്ദബാഷ്പം മഴപോലെതൂകി
മാതാവുതൻ പുത്രനെയെന്നവണ്ണം
മാനിക്കുവാനായിവളുംതന്നെപോട്ടെ. ൨൩

സീത—ആര്യപുത്രന്റെ കല്പനപോലെ. (എഴുന്നേററു ചുററിനടന്ന് ഭരതനെ കണ്ടിട്ടു) എന്തു, ആര്യപുത്രൻ ഇത്രവേഗം അവിടെനിന്നു ഇവിടെ എത്തിയോ? അല്ലല്ല, രൂപസാദൃശ്യം!

സുമന്ത്രൻ—അഹോ! വധു!

ഭരതൻ—അല്ലാ, ഇത് അത്രഭവതി ജനകരാജപുത്രിയാണല്ലോ.

കരിയാലുഴുതുള്ളവുണ്ടാ-
യൊരുനാരീരൂപമാം മഹസ്സുതിതാ
നരപതി ജനകൻ ചെയ്തോ-
രരിയതപസ്സിന്റെ നല്ല ദൃഷ്ടാന്തം. ൨൪

ആര്യേ! ഭരതൻ ഇതാ അഭിവാദനംചെയ്യുന്നു.

സീത—(ആത്മഗതം) കേവലം രൂപം മാത്രമല്ല. സ്വരവും അതുതന്നെ. (പ്രകാശം) വത്സ! ഏറിയകാലം ജീവിച്ചിരിക്ക.

ഭരതൻ—ഞാൻ അനുഗ്രഹീതനായി.

സീത—വത്സ! വരു, ജ്യേഷ്ഠന്റെ ആഗ്രഹം നിറവേററു.

സുമന്ത്രൻ—കുമാരൻ അകത്തേക്കു പൊയ്ക്കൊള്ളു.

ഭരതൻ—താതൻ ഇപ്പോൾ എന്തുചെയ്യാൻ പോകുന്നു.

സുമന്ത്രൻ—

പിന്നെ വന്നിട്ടവനങ്ങു, മന്നവൻ
വിണ്ണണഞ്ഞരുളിയോരനന്തരം
ഇന്നു, തൽകഥയറിഞ്ഞരാമനെ
ച്ചെന്നുകാണുവതിതാദ്യമാണുഞാൻ. ൧൪

ഭരതൻ—ഓ, എന്നാലങ്ങനെയാകട്ടെ. (രാമന്റെ അടുക്കൽചെന്നിട്ട്) ആര്യ, ഭരതൻ ഇതാ അഭിവാദനം ചെയ്യുന്നു.

രാമൻ—(സന്തോഷത്തോടുകൂടി) വരു, വരു. ഇക്ഷ്വാകുകുമാര! നല്ലതുവരട്ടെ. ആയുഷ്മാനായി ഭവിച്ചാലും.

നന്നായ് വിടത്തുക കവാടമൊടൊത്തമാത്ത-
ട്ടെന്നെപ്പുണർന്നിടുക പീനഭുജങ്ങളാലെ
നന്ദിച്ചുയർത്തിടുക വാർമതിനേർമുഖം, മാൽ!
കുന്നിച്ചെരിഞ്ഞ മമ മെയ് കുളുർമപ്പെടുത്തു. ൧൫

ഭരതൻ—ഞാൻ അനുഗ്രഹീതനായി.

സുമന്ത്രൻ—(അടുത്തുചെന്നു) ആയുഷ്മാൻ ജയിച്ചാലും.

രാമൻ—ഹാ! താത!

പോരിന്നാർവാനിലെത്തിസ്സുമനിലയിൽ വിമാ-
നങ്ങളൊത്താത്തസൈന്യം
പേരന്നന്നാൻ ദേവാസുരലഹളിയില-
ദ്ദേഹമദ്ദേഹമെന്നായ്
ആരാജാവന്നരിച്ചിന്നനുപമസഖനാ-
മങ്ങയേയും വെടിഞ്ഞി-
ട്ടാരാൽ സ്വർഗ്ഗത്തിലെത്തിപ്പിതൃനൃപതികളൊ-
ന്നിച്ചു നന്ദിക്കുയാണോ. ൧൯

സുമന്ത്രൻ—(ദുഃഖത്തോടുകൂടി)

അരചനുടെവിനാശം താവകം വിപ്രവാസം
ഭരതനുജകുലത്തിൻ നാഥനില്ലായ്മയേവം
ഹരി! ഹരി! പലമട്ടായ് ദുസ്സഹം ദുഃഖമേറേ-
റുരുകിടുമിവനായുസ്സാവതോളം പിഴച്ചു. ൨൦

സീത—കരയുന്ന ആര്യപുത്രനെ താതൻ പിന്നേയും കരയിക്കുന്നു.

രാമൻ—മൈഥിലി! ഇതാ ഞാൻ ദുഃഖത്തെ അടക്കിക്കൊള്ളാം. ലക്ഷ്മണ! കുറെ വെള്ളം.

ലക്ഷ്മണൻ—ആര്യൻെറ കല്പനപോലെ.

ഭരതൻ—ആര്യ! ശരിയല്ല. മുറപ്രകാരം ഞാനാണു ശുശ്രൂഷിക്കേണ്ടത്. ഞാൻതന്നെ പോകാം. (കുടമെടുത്തു പുറത്തുപോയി തിരിച്ചുവന്നിട്ട്) ഇതാ വെള്ളം.

രാമൻ—(ആചമിച്ചു) മൈഥിലി! ലക്ഷ്മണനു വേലകുറഞ്ഞുപോകുന്നുവല്ലോ.

സീത—ആര്യപുത്ര! ഭരതനും അവിടുത്തെ ശുശ്രൂഷിക്കേണ്ടവൻ തന്നെയല്ലേ?

രാമൻ—ശരിതന്നെ, എന്നാൽ ലക്ഷ്മണൻ ഇവിടെ ഇരുന്നു ശുശ്രൂഷിക്കട്ടെ. ഭരതൻ അവിടെ ഇരുന്നും.

ഭരതൻ—ആൎയ്യൻ പ്രസാദിച്ചാലും.

ഇവിടെ വസിക്കാമുടലാ-
ലവിടെത്തൊഴിൽകൊണ്ടുമായവണ്ണം ഞാൻ
തവപേരുകൊണ്ടുതാനീ
യവനീവലയാവനം നടന്നീടും.

രാമൻ—വത്സ! കൈകേയിപുത്ര! അതു പാടില്ല.

കൊണ്ടാടേണ്ടും പിതാവിൻ വചനമനുസരി-
ച്ചിങ്ങുഞാൻ പോന്നു ഗൎവ്വം
കൊണ്ടല്ലാ, പേടികൊണ്ടല്ലയി സഹജ! വെറും
വിഭ്രമം കൊണ്ടുമല്ലാ
|| പണ്ടേസത്യം നമുക്കെല്ലാരു കുലധനമെ-
ന്നുള്ളതും ചൊല്ലിടുന്നേൻ
വേണ്ടാതെവ്വണ്ണമിന്നിക്കലുഷവഴിയിൽനീ
കാലുവെപ്പാനൊരുങ്ങീ? ൨൦

സുമന്ത്രൻ—എന്നാൽ ഇനി അഭിഷേകോദകം എവിടെയാണു വേണ്ടത്?

രാമൻ—എവിടെ വേണമെന്നാണ് എന്റെ അമ്മ പറഞ്ഞത്. അവിടെതന്നെ.

ഭരതൻ—ആൎയ്യൻ പ്രസാദിച്ചാലും. ആൎയ്യ! ഇനിയും പുണ്ണിൽ കൊള്ളിവെയ്ക്കരുതേ!

അല്ലയോ സുഗുണ! ചൊൽകനിൻപ്രഭവ-
മെന്റെയും പ്രഭവമല്ലയോ?
ചൊല്ലെഴും നിട്ടതബുദ്ധിശാലിതവ
താതനാണുമമതാതനും

കല്യസത് പുരുഷ! മാതൃദോഷമൊരു॥
ദോഷമല്ല പുരുഷക്ക്, ചെ-
ററില്ലയോ കരുണ, കാക്കണേ വരദ!
മാലെഴും ഭരതനെബ് ഭവാൻ. ൨൧

സീ—ആര്യപുത്ര! ഭരതൻ വളരെ വ്യസനത്തോടുകൂടിയാണു പറയുന്നത്. എന്താണിപ്പോൾ ആര്യപുത്രൻ ചിന്തിക്കുന്നത്?

രാമൻ—മൈഥിലി,
ചൊൽക്കൊള്ളും തനയൻെറയിശ്ശുഭഗുണം
കാണാതെ കണ്ടാവിധം
സ്വർഗ്ഗം പുക്കരുളുന്ന ഭൂമിപതിയെ-
ച്ചിന്തിക്കയാകുന്നു ഞാൻ
ഒക്കെണ്ടും ഗുണമീവിധം സകലവും
കൈക്കൊണ്ടൊരാളൊത്തെഴും
യോഗ്യന്മാർ വിധിവിക്രമത്തിനിരയാ-
മെന്നാലഹോ ദുസ്സഹം! ൨൨

വത്സ! കൈകേയീപുത്ര!
എന്നെത്തോഷിതചിത്തനാക്കി നിയതം
നിഷ്കന്മിഷാത്മാവു നീ
നിന്നിൽച്ചേർന്നഗുണങ്ങളാൽ വിജിതനായ്
നിന്റെ ചൊല്പടിക്കായിഞാൻ
എന്നാലിക്ഷിതിപൻെറ വാക്കനൃതമെ-
ന്നാക്കാൻ തുടങ്ങൊല്ല നീ
നിന്നോടൊത്തൊരപത്യമാന്ന ജനകൻ
മിത്ഥ്യാവചസ്സാകയോ! ൨൩

ഭരതൻ—

എന്നാലും മേദിനീവല്ലഭ! തവനിയമം
പൂൎണ്ണമാകുന്നതെന്നാ-
ണന്നാൾ ഭവച്ഛ്വവടികളുടെ സമീ-
പത്തുതന്നെവസിക്കാം

രാമൻ—

നന്നല്ലാ വേണ്ട, ഭൂപൻ നിജസുകൃതവശാൽ
സിദ്ധിനേടട്ടെ, നീ പോ-
യെന്നാണേ! സ്വന്തരാജ്യം പരിചൊടുപരിപാ-
ലിക്കതാൻചെയ്യവേണം. ൨൮

ഭരതൻ—അയ്യോ, ഇനി ഒന്നും പറവാൻ പാടില്ല. ആവട്ടേ, എന്നാൽ ഒരു നിശ്ചയം അനുസരിച്ചുമാത്രം ഞാൻ ഇവിടുത്തെ രാജ്യം പരിപാലിക്കാം.

രാമൻ—വത്സ! എന്താണ് നിശ്ചയം?

ഭരതൻ—എന്നെ ഏല്പിക്കുന്ന ഇവിടുത്തെ രാജ്യം ഇവിടുന്നു പതിന്നാലുവൎഷം കഴിഞ്ഞാൽ തിരിച്ചുവാങ്ങണം.

രാമൻ—അങ്ങിനെയാവട്ടെ.

ഭരതൻ—ആൎയ്യ! കേട്ടുവല്ലൊ ആൎയ്യ! കേട്ടുവല്ലോ. താത! അങ്ങുന്നും കേട്ടുവല്ലോ.

എല്ലാവരും—ഉവ്വ ഞങ്ങൾ കേട്ടിരിക്കുന്നു.

ഭരതൻ—ആൎയ്യ! മറെറാരുവരംകൂടെ കിട്ടിയാൽ കൊള്ളാമെന്നുണ്ട്.

രാമൻ—വത്സ! എന്താണ് വേണ്ടത് എന്താണ് ഞാൻ തരേണ്ടത്? എന്താണു ഞാൻ ചെയ്യേണ്ടത്?

ഭരതൻ—തവമെതിയടിരണ്ടുമാദരത്താ-
ലവനതനാകുമെനിക്കു നൽകിയാലും

ഇവനതിന്നവിധേയനായ് ഭരിക്കാ-
മവനിയെന്നിന്നുടെ കാൎയ്യസിദ്ധിയോളം. ൨൭

രാമൻ—(സ്വാഗതം) അഹോ!

എത്രയോ നാളുകൊണ്ടല്പം മാത്രമൎജ്ജിച്ചുകീൎത്തിഞാൻ
ചിത്രം ഭരതനിന്നൊററമാത്രയാൽ നേടിയത്രയും. ൨൮

സീത—ആൎയ്യപുത്ര! ഭരതൻ ആദ്യമായി അപേക്ഷിച്ചതു കൊടുക്കുകയല്ലേ?

രാമൻ—അങ്ങിനതന്നെ. വത്സ! വാങ്ങിക്കൊൾക!

ഭരതൻ—ഞാൻ അനുഗ്രഹീതനായി. (വാങ്ങി) ആൎയ്യ! ഞാൻ ഇതിനെ അഭിഷേകംചെയ്യാനാണ് ആഗ്രഹിക്കുന്നത്.

രാമൻ—താത! ഭരതന്റെ ഇഷ്ടമെന്തോ അതെല്ലാം ചെയ്തുകൊടുക്കണം.

സുമന്ത്രൻ—ആയുഷ്മാൻ കല്പിക്കുംപോലെ.

ഭരതൻ—(ആത്മഗതം) അഹോ.

നോക്കാവുന്നവനായ് ജഗത്തിന്നഖിലം
ദായാദവിശ്വാസ്യനായ്
സ്വൎഗ്ഗംപൂക്കുന്നൊരപ്പനുനല്ലമകനായ്
പൌരാവലിക്കിഷ്ടനായ്
ചൊൽക്കൊള്ളും സഹജൎക്കു മാന്യതരനായ്
കീൎത്തിക്കു വൻപാത്രമായ്
സത്തുക്കൾക്കഭികീൎത്ത്യനായ് കഥയിൽഞാൻ
ലബ്ധപ്രിയാതിപ്രിയൻ. ൨൯

രാമൻ—വത്സ! രാജ്യം എന്നത് ഒരു ക്ഷണനേരംപോലും ഉപേക്ഷിക്കുവാൻ പാടില്ലാത്തതാണ്. അതുകൊ

ണ്ടു കുമാരൻ ഇന്നുതന്നെ വിജയത്തിന്നായി രാജ്യത്തി ലേക്കു തിരിച്ചു പോകണം.

സീത—കുമാരഭരതൻ ഇന്നുതന്നെ പോകേണമോ?

രാമൻ—അതിസ്നേഹം മതി. കുമാരൻ ഇന്നുതന്നെ വി ജയത്തിന്നായി രാജ്യത്തിലേക്കു തിരിച്ചുപോകണം.

ഭരതൻ—ആൎയ്യ! ഇന്നുതന്നെ ഞാൻ പൊയ്ക്കൊള്ളാം.

പുരത്തിലുള്ളാളുകളൊക്കെയുംകൊതി-
ച്ചിരിക്കയാമങ്ങയെ യങ്ങുകാണുവാൻ
അവൎക്കൊരാമോദമണച്ചിടാം ഭവൽ-
പ്രസാദസന്ദശനമൊന്നുകൊണ്ടു ഞാൻ. ൨൧

സുമന്ത്രൻ—ആയുഷ്മൻ! ഞാൻ എന്താണ് ഇനി ചെയ്യേ ണ്ടത്?

രാമൻ—താതൻ കുമാരനെ മഹാരാജാവിനെപ്പോലെ കാത്തുകൊള്ളണം.

സുമന്ത്രൻ—ഞാൻ ജീവിച്ചിരിക്കുന്നപക്ഷം യത്നിച്ചുകൊ ള്ളാം.

രാമൻ—വത്സ! കൈകേയീപുത്ര എൻെറ മുമ്പിൻ വെ ച്ചുതന്നെ രഥത്തിൽ കയറു.

ഭരതൻ—ആൎയ്യൻ കല്പിക്കുംപോലെ.

(ഭരതനും സുമന്ത്രനും രഥത്തിൽ കയറുന്നു)

രാമൻ—മൈഥിലി! ഇങ്ങോട്ടുവരു വത്സ! ലക്ഷ്മണ! ഇ ങ്ങോട്ടുവരു. ആശ്രമത്തിൻെറ പടിവരെ എങ്കിലും ന മുക്കു ഭരതനെ അനുഗമിക്കാം. (എല്ലാവരും പോയി)

(നാലാമങ്കം കഴിഞ്ഞു)

---

# അഞ്ചാം അങ്കം

(അനന്തരം സീതയും ഒരു താപസിയും പ്രവേശിക്കുന്നു)

സീത—ആര്യേ! ചിന്നിച്ചിതറി കിടന്നിരുന്ന ഉപഹാരപുഷ്പങ്ങളെല്ലാം അടിച്ചു വാരിക്കളഞ്ഞു ആശ്രമം വെടുപ്പാക്കി. ആശ്രമപദത്തിൽ ഉണ്ടാവുന്ന വിഭവങ്ങളെക്കൊണ്ടു ദേവപൂജയും നിവൎത്തിച്ചു. അതുകൊണ്ടു, ഇനി ആൎയ്യപുത്രൻ വരുന്നവരെയും ഞാൻ ഈ ചെറിയ വൃക്ഷങ്ങളെ നനയ്ക്കാം.

താപസി—അതു വിഘ്നംകൂടാതെ നടക്കട്ടെ.

(അനന്തരം രാമൻ പ്രവേശിക്കുന്നു)

രാമൻ—(ദുഃഖത്തോടുകൂടി)

ചട്ടാററീടുന്നയോദ്ധ്യാപുരി ജനകനുമീ-
ഞാനുമില്ലായ്കമൂലം
വിട്ടെന്നെബ്ഭൂപനാക്കാൻ ഗുണനിധിഭരതൻ
വന്നുചേൎന്നോരുനേരം
പെട്ടെന്നങ്ങോട്ടുതന്നേ നിഭൃതമവനെ ഞാ-
നൂഴിവാഴാനയച്ചേൻ;
കഷ്ടം പാരിച്ച പൃത്ഥ്വീശ്വരഭരമവന-
ങ്ങേകനായേന്തിടുന്നു!

൧

(വിചാരിച്ചിട്ട്) ഇത് അങ്ങനെതന്നെ. എന്നാലിപ്പോൾ ഈ ദുഃഖത്തെ ശമിപ്പിക്കുന്നതിന്നായി സഹധൎമ്മചാരിണിയായ മൈഥിലിയെ ചെന്നുകാണാം. വൈദേഹി എവിടെ പോയിരിക്കുന്നു. (ചുററിനടന്നു നോക്കീട്ട്) ഹേ! ഈ വൃക്ഷങ്ങൾ നനച്ചിട്ടു അധികം നേരമാ

യിട്ടില്ല. അതുകൊണ്ടു മൈഥിലി ഇവിടെ അടുത്തുതന്നെ ഉണ്ടായിരിക്കണം എന്തെന്നാൽ,

ചുററുന്നുണ്ടാലവാലങ്ങളിൽ സരമെപെരുകും
 വാരി, തീരെക്കലക്കം
പററിക്കണ്ടിട്ടദാഹിക്കുകിലുമതുകുടി-
 ക്കുന്നതില്ലിക്ഖഗങ്ങൾ,
മുററുംപോരുന്ന തണ്ണീർ തടവിയ മടവി-
 ട്ടാർദ്രകീടങ്ങൾ, വെള്ളം-
വററിപ്പാടേററു ചോടേ പുതിയവളയമാ-
 ന്നോണമായീമരങ്ങൾ. ൮

(നോക്കീട്ട്) ഹേ! ഇതാ വൈദേഹി, അഹോ കഷ്ടം!

മല്ലാക്ഷിയാൾക്കു മണിദർപ്പണമേന്തിയാലും
മാഴ്കുന്ന കൈ കുടമെടുത്തു കുഴഞ്ഞതില്ല
വല്ലാത്ത കാട്ടു വനിതാജനസൌകുമാര്യം
വല്ലീസമം കഠിനമാക്കുകയായിരിക്കാം. ൯

(അടുത്തുചെന്നിട്ട്) മൈഥിലി! തപസ്സ് വർദ്ധിക്കുന്നുവോ?

സീത—ഓ! ആര്യപുത്രൻ ജയിച്ചാലും!

രാമൻ—മൈഥിലി! ഭവതിയുടെ ധർമ്മത്തിന്നു തടസ്ഥം നേരിടാത്തപക്ഷം ഇവിടെ ഇരുന്നാൽ കൊള്ളാം.

സീത—ആര്യപുത്രന്റെ ഇഷ്ടംപോലെ.

രാമൻ—മൈഥിലി! ഭവതി എന്തോ ചോദിപ്പാൻ ഇച്ഛിക്കുന്നതുപോലെ തോന്നുന്നു. എന്താണത്?

സീത—എന്തോ കലശലായ ദുഃഖം ഉള്ളതുപോലെയാണല്ലോ ആര്യപുത്രന്റെ മുഖഭാവം. അതെന്താണ്?

രാമൻ—മൈഥിലി വിചാരിച്ചതിൽ തെററില്ല.

അററം വരുത്തുമൊരു വേദനയുണ്ടുമെയ്യി-
ലേററം വ്രണങ്ങളിവനുള്ളിലുമപ്രകാരം
മുററും ഫലങ്ങളൊട്ടു ശോകശരാഭിഘാത-
മേററേടമേ വിവിധമേററു വരുന്നു വീണ്ടും. ൪

സീത—ആര്യപുത്രന്ന് എന്താണ് സന്താപം?

രാമൻ—നാളെ അച്ഛന്റെ സംവത്സരശ്രാദ്ധദിവസമാണ്. കല്പോക്തമായ ബലികർമ്മം ഇച്ഛിക്കുന്നവരാണല്ലോ പിതൃക്കൾ. അതു എങ്ങനെയാണ് നടത്തേണ്ടത് എന്നു ആലോചിക്കയാണ്, അല്ലെങ്കിൽ,

സന്തുഷ്ടരാംകേവലമെന്തുകൊണ്ടും,മ-
ജ്ജനങ്ങൾതാനെൻനില കാണ്മതില്ലയോ?
എന്നാലുമച്ഛിപ്പതിനാഗ്രഹിപ്പു ഞാൻ
പിതാവിനും രാമനുമൊത്തിടും വിധം. ൫

സീത—ആര്യപുത്ര! ഭരതൻ ശ്രാദ്ധം വിഭവസമൃദ്ധമായി ഊട്ടുമല്ലോ. ഇവിടുന്നു അവസ്ഥയനുസരിച്ചു ഫലജലങ്ങളെക്കൊണ്ടും. എന്നാൽ അച്ഛന്നു ഇതായിരിക്കും അധികം ഇഷ്ടമാവുക.

രാമൻ—മൈഥിലി!

നമ്മുടെ കൈകൊണ്ടേ നാം
ദർഭയിലർപ്പിച്ചകാര്യങ്ങൾ കാണുമ്പോൾ,
അടവീവാസമിതോർമ്മി-
ച്ചവിടെയുമച്ഛൻ കരഞ്ഞുകൊണ്ടീടും. ൬

(അനന്തരം സന്യാസിവേഷം ധരിച്ചു രാവണൻ പ്രവേശിക്കുന്നു.)

രാവണൻ—ഇതാ ഇപ്പോൾ,

കാലത്തിന്നനുരൂപമായ നിയതാ-
ത്മാവായെടുത്തുള്ളൊരി-
ക്കോലംകൊണ്ടു ചതിച്ചുടൻ ഖരവധ-
ദ്വേഷംപെട്ടം രാമനെ
ചാലേ ചെന്നു പദസ്വരങ്ങളൊഴിവായ്-
കാണും ഹവിർദ്ധാരയെ-
പ്പോലേ വിശ്രുതയായ സീതയെ ഹരി-
ച്ചീടാൻ ഗമിക്കുന്നുഞാൻ.

(ചുററിനടന്നു താഴെ നോക്കീട്ട്) ഇതാ രാമാശ്രമദ്വാരം. ഇവിടെ ഇറങ്ങാം. (ഇറങ്ങുന്നു) ഞാനും അതിഥിമയ്യാദയെ അനുഷ്ഠിക്കതന്നെ. ഹേ! ഇവിടെ ആരാണുള്ളത്? ഞാൻ ഒരതിഥിയാണ്.

രാമൻ—(കേട്ടിട്ട്) അതിഥിക്കു സ്വാഗതം.

രാവണൻ—സ്വരം രൂപത്തെ എത്രയും വിശിഷ്ടമാക്കുന്നു.

രാമൻ—(അടുത്തു ചെന്നിട്ട്) എയ്! ഭഗവൻ! ഭഗവാൻ! ഞാൻ അഭിവാദനം ചെയ്യുന്നു.

രാവണൻ—നല്ലതു വരട്ടെ.

രാമൻ—ഭഗവൻ. ഈ പീഠത്തിൽ ഇരിക്കു!

രാവണൻ—(ആത്മഗതം) എന്ത്, ഇവൻ എന്നോടു ആജ്ഞാപിക്കുന്നതുപോലെ തോന്നുന്നു. (പ്രകാശം) അങ്ങനെയാകട്ടെ (ഇരിക്കുന്നു.)

രാമൻ—മൈഥിലി! ഭഗവാനു പാദ്യം കൊണ്ടുവരു.

സീത—ആയ്യപുത്രൻെറ കല്പനപോലെ. (പുറത്തുപോയി തിരിച്ചു വന്നിട്ട്) ഇതാ വെള്ളം.

രാമൻ—ഭഗവാനെ ശുശ്രൂഷിക്ക.

സീത—ആൎയ്യപുത്രൻെറ കല്പനപോലെ.

രാവണൻ—(മായ വെളിപ്പെട്ടുമെന്നു പേടിച്ച്) വരട്ടെ, വരട്ടെ.

ഇവളൊരുവൾതാനനുസൂതി-
യവനിയിലമരുന്ന നാരിമാൎക്കെല്ലാം
ഇവളുടെ പതിയെന്നത്രേ
യുവതികൾ നിന്നെപ്പുകഴ്ത്തുന്നു.

രാമൻ—എന്നാൽ അതു ഇങ്ങോട്ടു കൊണ്ടുവരു. ഞാൻ തന്നെ ശുശ്രൂഷിക്കാം.

രാവണൻ—അല്ലാ, ഛായയെ പരിഹരിച്ച ഞാൻ ശരീരത്തെ അതിക്രമിക്കുമൊ? നല്ല വാക്കുകൾ തന്നെയാണല്ലൊ അതിഥി സൽക്കാരം. ഞാൻ സൽകൃതനായി. ഇരിക്കു.

രാമൻ—അങ്ങനെയാവട്ടെ, (ഇരിക്കുന്നു.)

രാവണൻ—(ആത്മഗതം) ഞാൻ ബ്രാഹ്മണമൎയ്യാദയെ അനുഷ്ഠിക്കതന്നെ. (പ്രകാരം) കാശ്യപഗോത്രത്തിൽപെട്ട ഒരാളാണ് ഞാൻ. അംഗോപാംഗങ്ങളോടുകൂടി വേദം അദ്ധ്യയനം ചെയ്തിട്ടുണ്ട്. മനുവിൻെറ ധൎമ്മശാസ്ത്രം, മഹേശ്വരൻെറ യോഗശാസ്ത്രം, ബൃഹസ്പതിയുടെ അൎത്ഥശാസ്ത്രം, മേധാതിഥിയുടെ ന്യായശാസ്ത്രം, പ്രചേതസ്സിൻെറ ശ്രാദ്ധകല്പം എന്നിവയും പഠിച്ചിരിക്കുന്നു.

രാമൻ—എന്ത്, എന്ത്, ശ്രാദ്ധകല്പമോ?

രാവണൻ—എന്താണ്, എല്ലാ ശാസ്ത്രങ്ങളേയും ഉപേക്ഷിച്ച് ശ്രാദ്ധകല്പത്തിൽ ഇത്രതാല്പൎയ്യം കാണിച്ചത്?

രാമൻ— ഭഗവൻ! അച്ഛൻ അന്തരിച്ചിരിക്കയാൽ ഇപ്പോഠം ഈ ശാസ്ത്രമാണ് ആവശ്യം.

രാവണനൻ—എന്നാൽ സംശയിക്കേണ്ട, ആവശ്യമുള്ളതു ചോദിക്കാമല്ലോ.

രാമൻ—ഭഗവൻ! നിവാപക്രിയയിൽ ഏതൊന്നുകൊണ്ടാണ് പിതൃക്കളെ തൃപ്തിക്കേണ്ടത്?

രാവണനൻ—ശ്രദ്ധയോടുകൂടെ കൊടുക്കുന്നതെല്ലാം ശ്രാദ്ധംതന്നെ.

രാമൻ—ആദരവോടുകൂടിയല്ലെങ്കിൽ സ്വീകരിക്കയില്ലെന്നുള്ളതു വാസ്തവംതന്നെ; വിശേഷാൽ വേണ്ടതിനെപ്പററിയാണ് ഞാൻ ചോദിച്ചതു്.

രാവണനൻ—കേഠക്കു, തൃണങ്ങളിൽ ദർഭയും, ഓഷധികളിൽ എള്ളും, ഇലകളിൽ കളായവും, മത്സ്യങ്ങളിൽ മഹാശഫരവും, പക്ഷികളിൽ വാർദ്ധ്രാണസവും, നാല്ക്കാലികളിൽ പശുവും, വാഠമാനും മററുമാണ് മനുഷ്യക്കു വിധിച്ചിട്ടുള്ളത്.

രാമൻ—മററും എന്ന വാക്കുകൊണ്ട് ഇനിയും എന്തോ ഉണ്ടെന്നു വരുന്നുണ്ടല്ലോ.

രാവണനൻ— ഉണ്ട്, പ്രഭാവംകൊണ്ടു സമ്പാദിക്കാനുള്ളതാണ്.

രാമൻ— ഭഗവൻ! അതുതന്നെയാണ് എനിക്കു വേണ്ടത്.

രണ്ടെണ്ണമുണ്ടി, ങ്ങതിലൊന്നുകൊണ്ടു
സാധിക്കുമെന്നാലിതുസാദ്ധ്യമാകും;
തപസ്സുമന്ദിക്കുകിലോ ധനസ്സു,
ധനസ്സു മന്ദിക്കുകിലോ തപസ്സും.

രാവണൻ—ഉണ്ട്, ഹിമവാങ്കലുണ്ട്.

രാമൻ—ഹിമവാനിലോ?

രാവണൻ—അതെ, ഹിമവാന്റെ ഏഴാമത്തെ കൊടുമുടിയിൽ പ്രത്യക്ഷനായിരിക്കുന്ന ശിവന്റെ ശിരസ്സിൽനിന്നു വീഴുന്ന ഗംഗാജലം കുടിക്കുന്നവയായി വായുവേഗികളായി കാഞ്ചനപാർശ്വങ്ങൾ എന്നു പേരായ ഒരുതരം മൃഗങ്ങളുണ്ട്. അവയുടെ പുറം വൈഡൂര്യം പോലെ ശ്യാമവർണ്ണമാണ്. വൈഖാനസന്മാർ, ബാലഖില്യന്മാർ, നൈമിശീയന്മാർ ആദിയായ മഹർഷിമാർ വിചാരിക്കുന്നമാത്രയിൽ അടുത്തുവന്നു വീഴുന്ന അത്തരം മൃഗങ്ങളെക്കൊണ്ടാണ് ശ്രാദ്ധകർമ്മത്തിന്നു പുഷ്ടിവരുത്തുന്നത്.

നേടുംപുത്രഫലം പിതൃക്കളെവയാൽ
　　തപ്പിക്കവേദീപ്തിയാ-
ന്നീടും നിർജ്ജരഭാവമോടവരുടൻ
　　വാനം കരേറീടുമേ
കൂടുംദേവസമം വിമാനതതിയിൽ
　　പിന്നീടുചക്രംതിരി-
ച്ചീടും സംസൃതിപീഡയിൽപ്പെടുകയും
　　ചെയ്യുന്നതല്ലായവർ. ൧൦

രാമൻ—മൈഥിലി!

മക്കൾക്കൊത്തമരങ്ങൾ മാനുകൾമഹ-
　　ത്തായുള്ള വിന്ധ്യാദ്രിമ-
റ്റിക്കാടിഷ്ടസഖീജനം ലതകളെ-
　　ന്നുള്ളോരൊടെല്ലാരൊടും

വെക്കംയാത്രപറഞ്ഞുകൊള്ളുകിനി ഞാൻ
വാഴുന്നദിവ്യൌഷധീ-
വർഗ്ഗം തിങ്ങിവിളങ്ങിടുന്ന ഹിമവൽ-
കാന്താരഭാഗങ്ങളിൽ. ൭൭

സീത—ആൎയ്യപുത്രന്റെ കല്പനപോലെ.

രാവണൻ—കൌസല്യാപുത്ര! അതിമോഹം വേണ്ട. മനുഷ്യൎക്ക് അവയെ കാണ്മാൻ കഴികയില്ല.

രാമൻ—ഭഗവൻ! അവ ഹിമവാനിലല്ലേ?

രാവണൻ—അതെ.

രാമൻ—എന്നാൽ ഭവാൻ കണ്ടുകൊള്ളണം.

അമ്മന്ത്രമലയെനിക്കാ-
പ്പൊന്മാനുകളെപ്പുരികക്ക കാട്ടുകയോ,
ചീറിടുമെൻവിശിഖത്താൽ-
ദ്ദാരിതമായ് ക്രൌഞ്ചമാകയോ ചെയ്യും! ൭൮

രാവണൻ—(സ്വഗതം) അമ്പോ, ഇവന്റെ അഹങ്കാരം അസഹ്യം തന്നെ.

രാമൻ—(ചുററും നോക്കീട്ട്) ഏയ്, ഇടി മിന്നുന്നപോലെ തോന്നുന്നു.

രാവണൻ—കൌസല്യാപുത്ര! ഹിമവാൻ ഭവാനെ ഇവിടെ വെച്ചുതന്നെ പൂജിക്കുന്നു. ഇതാ കാഞ്ചനപാൎശ്വം.

രാമൻ—ഭഗവാന്റെ പ്രഭാവമാണിത്.

സീത—ആൎയ്യപുത്രന്റെ ഭാഗ്യം.

രാമൻ—അല്ലല്ലാ,

ഇതച്ഛന്റെ മഹാഭാഗ്യം
സ്വയമേവന്നതെങ്കിലോ,

ഇതു പൂജാൎഹമാണാൎയ്യ!
ചൊല്ലൂ ലക്ഷ്മണനോടു നീ. ൧൩

സീത—ആൎയ്യപുത്ര! സൌമിത്രിയെ തീൎത്ഥയാത്ര കഴിഞ്ഞു മടങ്ങിവരുന്ന കുലപതിയെ എതിരേല്ക്കുവാൻ പറഞ്ഞയച്ചില്ലേ?

രാമൻ—എന്നാൽ ഞാൻ തന്നെ പോകാം.

സീത—ആൎയ്യപുത്ര! ഞാൻ എന്താണ് ചെയ്യേണ്ടത്?

രാമൻ—ഭഗവാനെ ശുശ്രൂഷിക്കു.

സീത—ആൎയ്യപുത്രന്റെ കല്പനപോലെ.

(രാമൻ പോയി)

രാവണൻ—ഇതാ അൎഘ്യ്യം എടുത്തു രാമൻ അടുത്തുചെല്ലുന്നു. ഇതാ ഇപ്പോൾ പൂജയെ ഗണിക്കാതെ ഓടുന്ന മൃഗത്തെ കണ്ടിട്ടു രാമൻ വില്ലു കുലയ്ക്കുന്നു.

എന്തുബലമെന്തുവീൎയ്യമി-
തെന്തു മഹാനെഞ്ഞുറപ്പിതെന്തുജവം!
ഉലകൊക്കെ രാമനെന്നീ-
യിരുവൎണ്ണത്താൽ നിറഞ്ഞതത്ഭുതമോ? ൧൪

ഇതാ, മൃഗം ഒരൊററച്ചാട്ടംകൊണ്ടു ശരവിഷയത്തിൽനിന്നു തെററി കൊടുങ്കാട്ടിൽ കടന്നുകളഞ്ഞു.

സീത—(ആത്മഗതം) ആൎയ്യപുത്രനില്ലാത്തതുകൊണ്ടു ഇവിടെ എനിക്കു പേടി തോന്നുന്നു.

രാവണൻ—(ആത്മഗതം)

അകന്നുപോയ രാഘവനെന്റെ മായയാ-
ലിനിത്തനിച്ചായ്ക്കരയുന്ന സീതയെ

ഹരിച്ചിടുന്നുണ്ടു തപോവനത്തിൽനി-
ന്നമന്ത്രമാമാഹുതിയെക്കണക്കേ ഞാൻ. ൰൩

സീത—ഞാൻ പർണ്ണശാലയിൽ പോകട്ടെ (പോകാൻ ഭാവിക്കുന്നു.)

രാവണൻ—(സ്വന്തം രൂപമെടുത്തിട്ടു) സീതെ! നില്ക്കു നില്ക്കു.

സീത—(ഭയത്തോടെ) അയ്യോ! ഇതാരാണ്?

രാവണൻ—എന്നെ അറിയില്ലേ?

സുരാസുരരെ വെന്നവൻ ഭഗിനിതന്റെ വൈരൂപ്യവും
ഖരാദിവധവുംധരിച്ചമിതമായിട്ടും മായയാൽ
കരുത്തിൽമദമാന്നരാമനെ മയക്കിനിന്നെബ്ബലാൽ
ഹരിപ്പതിനണഞ്ഞ ഞാൻഹരിണലോചനേ!രാവണൻ.

സീത—അയ്യോ! രാവണനോ? (പുറപ്പെടുന്നു.)

രാവണൻ—ആ! രാവണന്റെ കണ്ണിലകപ്പെട്ടു നീ എവിടെ പോകും?

സീത—ആര്യപുത്ര! രക്ഷിക്കണെ. രക്ഷിക്കണെ. സൌമിത്രേ! രക്ഷിക്കണെ, രക്ഷിക്കണെ?

രാവണൻ—സീതെ! എന്റെ പരാക്രമം കേൾക്കുക.

പൊടിച്ചുവലവൈരിയെപ്പുരമുടച്ചുവിത്തേശനെ-
പ്പിടിച്ചുടനിഴച്ചുസോമനെ മെതിച്ചു ഞാൻ കാലനെ
അഹോ വളരെ നിന്ദ്യമാന്നമരർ ഭീതർ വാഴുന്നവി-
ണ്ണുദാരതരമൂഴിതാനവിടെയല്ലയൊ ജാനകി!. ൰൪

സീത—ആര്യപുത്ര! രക്ഷിക്കണെ, രക്ഷിക്കണെ. സൌമിത്രെ! എന്നെ രക്ഷിക്കണെ, രക്ഷിക്കണെ.

രാവണൻ—

കൈക്കൊണ്ടീടുക രാമനെശ്ശരണമായ്
സൌമിത്രിയേയോ ഇനി
സൎഗ്ഗംപുക്കമെരുന്ന പംക്തിരഥനാം
രാജാവിനെത്തന്നെയോ
ഇക്കണ്ടീടിനമാനുഷക്രിമികളെ-
പ്പാഴാസ്ത്രിളിച്ചെന്തിനീ
വാക്കെല്ലാം, മറിമാൻകിടാങ്ങൾ നരിയായ്
പോരാടുവാൻ പോരുമോ?

സീത—ആൎയ്യപുത്ര! രക്ഷിക്കണെ, രക്ഷിക്കണെ. സൌമിത്രെ! എന്നെ രക്ഷിക്കണെ, രക്ഷിക്കണെ.

രാവണൻ—

കമലമിഴി! കരഞ്ഞിടായ്ക നീതാൻ
കരുതിടുകെന്നെയുമാൎയ്യപുത്രനായി
അതിബലനമരാളിയൊത്തു മെന്നോ-
ടമരിടുവാനസമത്ഥനാണു രാമൻ.

സീത—(കോപത്തോടെ) ശപ്തനാണു നീ.

രാവണൻ—ഹ ഹ ഹ! അമ്പോ പതിവ്രതയുടെ തേജസ്സ്.

വെക്കമോട്ടുമുകളിൽക്കുതിച്ചുപോ-
യക്കരശ്മിയിലെരിഞ്ഞിടാത്ത ഞാൻ
ശപ്തനെന്നിവളുരയ്ക്കുമല്പമാ-
മക്ഷരങ്ങളിലെരിഞ്ഞുപോയ് ഭൃശം. ൨൦

സീത—ആൎയ്യപുത്ര! രക്ഷിക്കണെ, രക്ഷിക്കണെ.

രാവണൻ—(സീതയെ പിടിച്ചിട്ട്) ഹേ ഹേ ജനസ്ഥാ

നത്തിൽ പാക്കുന്ന തപസ്വികളേ, നിങ്ങൾ കേൾക്കുവിൻ! കേൾക്കുവിൻ!

ഇതാബലാൽ ദശഗ്രീവൻ
കൊണ്ടുപോകുന്നു സീതയെ
ക്ഷാത്രധർമ്മസ്ഥനാണെങ്കിൽ
വന്നെതിൎക്കട്ടെ രാഘവൻ. ൨൭

സീത—ആൎയ്യപുത്ര! രക്ഷിക്കണെ, രക്ഷിക്കണെ.

രാവണൻ—(ചുററിത്തിരിഞ്ഞുനോക്കീട്ട്) ഹാ ഹാ! ചിറകടിയാലുണ്ടാകുന്ന കാററുകൊണ്ടു കാടാസകലം ഇളക്കിമറിച്ചു ഭയങ്കരമായ കൊക്കോട്ടുകൂടിയ ജടായുസ്സ് ഇതാ നേരിട്ടുവരുന്നു. എടാ നില്ക്ക്.

ഞാനുടനൂരിയവാളാൽ
വെട്ടിയറുക്കുന്ന ചിറകിൽനിന്നേററം
ഒഴുകും ചോരയിൽനിന്നെ-
ക്കഴുകിക്കാലാലയത്തിലെത്തിക്കും. ൨൮

(രണ്ടുപേരും പോയി)

അഞ്ചാം അങ്കം

---

# ആറാം അങ്കം

---

(അനന്തരം രണ്ടു വൃദ്ധതാപസന്മാർ പ്രവേശിക്കുന്നു)

രണ്ടുപേരും—മാന്യന്മാരെ, രക്ഷിക്കണേ! രക്ഷിക്കണേ!

ഒന്നാമൻ—

നീലത്താമരമാലയോടെതിരിടും

ദേഹാഭയേയും ബിസം

പോലേ നന്നവെള്ളത്തദംഷ്ട്രവെളിവാ-

ക്കീടുന്ന ഹാസത്തെയും

ചാലേപൂണ്ട വിഭാവരീചരവരൻ

വൈദേഹിതന്നെ ബ്ബല-

ത്താലേ വമ്പുലി ദീനയാം ഹരിണിയെ-

പ്പോലേ ഹരിക്കുന്നിതാ!

രണ്ടാമൻ—ഇതാ തത്രഭവതി വൈദേഹിയാകട്ടേ,

പിടഞ്ഞിടും പന്നഗിപോലെവാഴ്വോ-

ളുലഞ്ഞിടും പുഷ്പിതവള്ളിപോലെയും;

ഹരിച്ചിടുന്നുണ്ടിവളെദ്ദശാനനൻ

തപോവനാൽ സിദ്ധിയെയെന്നപോൽശ്ശഠൻ.

രണ്ടുപേരും—മാന്യന്മാരേ രക്ഷിക്കണേ! രക്ഷിക്കണേ!

ഒന്നാമൻ—(മേല്പോട്ടുനോക്കീട്ട്) എയ്! പറഞ്ഞപ്പോഴേക്കും ജടായുസ്സ്, "ഞാനുള്ളപ്പോൾ നീ എവിടെ പോകുന്നു?" എന്നു രാവണനെ പോരിനു വിളിച്ച്, ദശരഥനോടുള്ള തൻെറ കടമതീക്കുവാൻ ആകാശത്തിലേക്കു പറന്നെത്തിക്കഴിഞ്ഞു.

രണ്ടാമൻ—ഇതാ രോഷത്താൽ കണ്ണുരുട്ടിമിഴിച്ചുകൊണ്ടു രാവണൻ തിരിഞ്ഞുനില്ക്കുന്നു.

ഒന്നാമൻ—ഇതാ രാവണൻ.

രണ്ടാമൻ—ഇതാ ജടായുസ്സ്.

രണ്ടുപേരും—അയ്യോ! ഇതാ ആകാശത്തിൽ യുദ്ധം ആരംഭിച്ചുകഴിഞ്ഞു.

ഒന്നാമൻ—കാശ്യപ, കാശ്യപ, നോക്കു ഗൃധ്രരാജാവി ന്റെ സാമത്ഥ്യം.

ഊക്കേറുന്നെതിരാളിയെച്ചിറകുകൾ-
   ക്കുള്ളിൽകുടുക്കിദ്രുഢം
കൊക്കാൽകീറിവരിഞ്ഞുനിഷ്ഠുരതരം
   ചുററുന്നു നിശ്ശൃംഖലൻ
നൽക്കൂരാണികൾകൊണ്ടുവജ്രദളിത-
   ക്ഷോണീധരത്തിങ്കൽനി-
ന്നൂക്കൻ പാറകൾപോലെ മാറിടമട-
   ത്തുന്നുനഖാഗ്രങ്ങളാൽ. ൧൨

രണ്ടാമൻ—കഷ്ടം! അത്യന്തം കോപിച്ചിരിക്കുന്ന രാവ ണൻ വാളുകൊണ്ടു ഗൃധ്രരാജാവിന്റെ വലത്തെ ചുമ ലിൽ വെട്ടിക്കളഞ്ഞു.

രണ്ടുപേരും—ഹാ! ഹാ! അത്രഭവാൻ ജടായുസ്സ് വീണു പോയി.

ഒന്നാമൻ—അയ്യോ കഷ്ടം! ഇതാ തത്രഭവാൻ ജടായുസ്സ്-

നേർത്തീടും ശത്രുതന്നെക്കളിമയിലിലുമൊ-
   ട്ടെങ്കിലും മേലെയെന്നാ-
യോർത്തീടാതാത്മവീര്യത്തിനു സദൃശതരം
   ചെയ്തതീവ്രപ്രയത്നം
കത്തിക്കാളുന്ന നക്തഞ്ചരപതിയുടെ തേ-
   ജസ്സു തീരെക്കെടുത്തി
ക്കത്തിക്കൊമ്പൻമരിക്കും വിപിനവിടപിപോ-
   ലിങ്ങിതാ വീണുപോയി. ൧൩

രണ്ടുപേരും—ഇദ്ദേഹം സ്വർഗ്ഗയോഗ്യനാകട്ടെ!

ഒന്നാമൻ—കാശ്യപ, വരു, ഈ വൎത്തമാനം തത്രഭവാൻ രാഘവനെ അറിയിക്കാം.

രണ്ടാമൻ—കൊള്ളാം, ഉത്തമപക്ഷം.

(രണ്ടുപേരും പോയി)

വിഷ്കംഭകം.

---

(അനന്തരം ഹരിക്കാരൻ പ്രവേശിക്കുന്നു)

ഹരിക്കാരൻ—ഹേ! കാഞ്ചനതോരണദ്വാരത്തിൽ കാവൽ നില്ക്കുന്നതാരാണ്?

തവണക്കാരി—(പ്രവേശിച്ച്) ആൎയ്യ! ഞാൻ വിജയ, എന്താണ് വേണ്ടത്?

ഹരി—വിജയേ! "ഇതാ രാമഭദ്രനെ കാണുവാൻ ജനസ്ഥാനത്തിലേയ്ക്കു പോയിരുന്ന തത്രഭവാൻ സുമന്ത്രൻ മടങ്ങി വന്നിരിക്കുന്നു" എന്ന് ഭരതകുമാരനെ വേഗം ചെന്നറിയിക്കൂ.

തവ—ആൎയ്യ! താതസുമന്ത്രൻ കൃതാൎത്ഥനായിട്ടാണോ മടങ്ങിവന്നിരിക്കുന്നത്?

ഹരി—ഭദ്രേ! എനിക്കറിഞ്ഞുകൂടാ.

അകമേ കത്തുംശോകാ-

ഗ്നികൊണ്ടു നലനാൽ ശോഷിച്ചിട്ടും മുഖത്തോടും

വന്നസുമന്ത്രനെയധുനാ കിങ്കി.

കണ്ടപ്പോഴേ കലങ്ങി മമചിത്തം. ൭

തവ—ആൎയ്യ, ഇതു കേട്ടിട്ട് എന്റെ മനസ്സ് എന്തെന്നില്ലാതെ പരിഭ്രമിക്കുന്നു.

ഹരി—ഭദ്രേ, ഇനിയും താമസിക്കേണ്ട, വേഗം അറിയിക്ക.

തവ—ആൎയ്യ, ഇതാ അറിയിക്കാം. (പോയി)

ഹരി—(നോക്കീട്ട്) അല്ലാ, ഇതാ മരവിരിയുട്ടുള്ള വിചിത്രമായി ചെമ്പിച്ച ജടയും ധരിച്ചിരിക്കുന്ന അത്രഭവാൻ ഭരതകുമാരൻ സുമന്ത്രർ വന്നിരിക്കുന്നതായി അറിഞ്ഞു സകൌതുകം ഇങ്ങോട്ടുതന്നെ വരുന്നു. ഇദ്ദേഹം,

വിഖ്യാതസദ്ഗുണഗണൻ വിമതൌഘകാല-
നക്കാനനപ്രവായതിലകായിതനിന്ദ്രതുല്യൻ
ആജ്ഞാവശാലഖിലഭൂപരിരക്ഷണസ്ഥൻ
ശ്രീമാനുദാരകളഭേഭസമാനയാനൻ. ന്യ

(അനന്തരം ഭരതനും തവനക്കാരിയും പ്രവേശിക്കുന്നു)

ഭരതൻ—വിജയേ, ഉണ്ടോ, അത്രഭവാൻ സുമന്ത്രർ വന്നുവോ?

മുന്നം പ്രസാദശപഥങ്ങളെയാൎയ്യനോട്ട
ഞാൻവാങ്ങിവന്നതിനുമേൽ, സുമഹാൻ സുമന്ത്രൻ
പോയ്വന്നുവോ നിഖിലനേത്രമനോഭിരാമ-
നാകുന്നരാമനെയണഞ്ഞഥ കണ്ടിടാനീം. ൧

ഹരി—(അടുത്തുചെന്ന്) കുമാരൻ ജയിച്ചാലും.

ഭരതൻ—എവിടെയാണ് അത്രഭവാൻ സുമന്ത്രൻ?

ഹരി—കാഞ്ചനതോരണദ്വാരത്തിൽ.

ഭരതൻ—എന്നാൽ വേഗം കൂട്ടിക്കൊണ്ടുവരു.

ഹരി—കുമാരന്റെ കല്പനപോലെ.

(ഹരിക്കാരനും തവണക്കാരിയും പോയി)

(അനന്തരം സുമന്ത്രനും തവണക്കാരിയും പ്രവേശിക്കുന്നു)

സുമന്ത്രൻ—(ദുഃഖത്തോടുകൂടി) കഷ്ടം' കഷ്ടം!

അരചനുടെ വിനാശം ദുസ്സഹം ഞാൻ സഹിച്ചേ-
നരചസുതനിയന്നോരല്ലൽഞാൻതന്നെ കണ്ടു
അറിവതിനിടവന്നു നഷ്ടയായ് സീതയെന്നും
ചിരതരമിവനായുസ്സാവത്തോളം പിഴച്ചു. ൮

തവ—ആര്യൻ വന്നാലും, വന്നാലും, ഇതാ തിരുമേനി, ആര്യൻ അടുത്തുചെന്നാലും.

സുമന്ത്രൻ—(അടുത്തുചെന്നു്) കുമാരൻ ജയിച്ചാലും.

ഭരതൻ—താത, ലോകത്തിൽ പ്രത്യക്ഷമായ പിതൃസ്നേഹത്തെ താതൻ കണ്ടുവോ? രണ്ടായി പിരിഞ്ഞിരിക്കുന്ന അരുന്ധതീപാതിവ്രത്യത്തെ അങ്ങു കണ്ടുവോ? നിഷ്കാരണമായ വനവാസത്തിന്നൊരുങ്ങിയ സഹോദരസ്നേഹത്തെ താതൻ കണ്ടുവോ?

(സുമന്ത്രൻ വിചാരമഗ്നനായി നിൽക്കുന്നു.)

തവ—ആര്യനോടാണല്ലോ കൊച്ചുതമ്പുരാൻ ചോദിക്കുന്നതു്.

സുമന്ത്രൻ—ഭദ്രേ, എന്നോടോ?

ഭരതൻ—(ആത്മഗതം) ക്ലേശം അതികലശലായിട്ടുണ്ടല്ലോ. ദുഃഖംകൊണ്ടു മതിമറന്നുപോയിരിക്കുന്നു. (പ്രകാശം) മാർഗ്ഗമദ്ധ്യത്തിൽവെച്ചു മടങ്ങുകയാണോ അങ്ങു ചെയ്തതു?

സുമന്ത്രൻ—കുമാര, ഇവിടുത്തെ കൽപ്പനപ്രകാരം രാമഭദ്രനെ കാണുവാൻ ജനസ്ഥാനത്തിലേക്കു പോയ ഞാൻ എങ്ങനെയാണു് ഇടയ്ക്കുവെച്ചു മടങ്ങുന്നതു്?

ഭരതൻ—പിന്നെ അവർ കോപംകൊണ്ടോ ലജ്ജകൊണ്ടോ കാണ്മാൻ സമ്മതിച്ചില്ലെന്നുണ്ടോ?

സുമന്ത്രൻ—കുമാര,

കോപിക്കുമാറില്ല വിനീതരെന്നും
ലജ്ജിച്ചൊളിക്കുന്നവരോ ബുധന്മാർ?
തപോവനം ഞാനവർ വിട്ടതായി-
ട്ടഹോ! നിരീക്ഷിച്ചു നിതാന്തശൂന്യം. ൯

ഭരതൻ—എന്നാൽ അവർ എവിടെ പോയി എന്നാണു കേട്ടത്?

സുമന്ത്രൻ—കിഷ്കിന്ധ എന്നു പേരായിട്ടു വാനരന്മാരുടെ ഒരു സ്ഥലമുണ്ടത്രെ. അങ്ങോട്ടു പോയിരിക്കുന്നു എന്നാണ് കേട്ടത്.

ഭരതൻ—കഷ്ടം! ആളും അവസ്ഥയും അറിഞ്ഞുകൂടാത്തവരാണല്ലോ വാനരന്മാർ. അവർ അവിടെ കഷ്ടപ്പെട്ടുതന്നെ കഴിച്ചുകൂട്ടുകയായിരിക്കും.

സുമന്ത്രൻ—കുമാര, തിര്യക്കുകളും കൃതജ്ഞതയുള്ള വകയാണ്.

ഭരതൻ—താത, അതെങ്ങനെ?

സുമന്ത്രൻ—

രാജ്യത്തിൽനിന്നഗ്രജനായ ബാലി-
യാട്ടിക്കളഞ്ഞോൻ ഹൃതദാരനായി
സുഗ്രീവനദ്രീന്ദ്രനിൽ വാണിരുന്നു
മാൽ തീർത്തിതായാർക്കു സമാനദുഃഖൻ. ൰

ഭരതൻ—താത, സമാനദുഃഖനെന്നുള്ളത് എങ്ങനെ?

സുമന്ത്രൻ—(ആത്മഗതം) കഷ്ടം! ഞാൻ എല്ലാം പറഞ്ഞു

പോയി. (പ്രകാശം) കുമാര, മറെറാന്നുമല്ല, രണ്ടുപേക്കും രാജ്യഭ്രംശത്തിലുള്ള സാദൃശ്യത്തെ മാത്രമെ ഞാൻ ഉദ്ദേശിച്ചിട്ടുള്ളു.

ഭരതൻ—താത! സ്വർഗ്ഗം പ്രാപിച്ച മഹാരാജാവിൻെറ തൃക്കാലാണേ അങ്ങു സത്യം പറയണം!

സുമന്ത്രൻ—എന്താണു നിവൃത്തി? പറയാം.

വൈരം രാക്ഷസനോട്ടേറെ യുണ്ടായ് മുനികൾ കാരണം
രാവണൻ മായകൈക്കൊണ്ടുകട്ടുകൊണ്ടിതു സീതയെ. ൧൧

ഭരതൻ—എന്ത്? കട്ടുകൊണ്ടുപോയെന്നോ? (മോഹാലസ്യപ്പെടുന്നു.)

സുമന്ത്രൻ—ആശ്വസിച്ചാലും, ആശ്വസിച്ചാലും.

ഭരതൻ—(പിന്നെ ആശ്വസിച്ചിട്ട്) അയ്യോ! കഷ്ടം!

അവ്വണ്ണമച്ഛനൊടുമാത്മജനങ്ങളോടും
വേർപെട്ടുകാട്ടിലഴൽപൂണ്ടുഴലുന്ന കാലം
കാന്താവിയോഗവുമണഞ്ഞുമമാര്യനിപ്പോൾ
കാന്ത്യാപിരിഞ്ഞമുകിൽവാർമതിപോലെയായി. ൧൨

ഹാ! ഇനി എന്താണ് ഞാൻ ചെയ്യേണ്ടത്? ശരി, മനസ്സിലായി. താതൻ എൻെറ കൂടെ വരികതന്നെ.

സുമന്ത്രൻ—കുമാരൻെറ കല്പനപോലെ.

(രണ്ടുപേരും ചുററിനടക്കുന്നു.)

സുമന്ത്രൻ—കുമാര! അരുതരുത്, കടക്കരുത്, തമ്പുരാട്ടിമാർ ഇരിക്കുന്ന നാലുകെട്ടാണിത്.

ഭരതൻ—ഇവിടെത്തന്നെയാണ് എനിക്കു കാര്യമുള്ളത്. ഹേ, ഇവിടെ ആരാണ് കാവൽനിൽക്കുന്നത്?

തവണക്കാരി—(പ്രവേശിച്ച്) കൊച്ചുതമ്പുരാൻ ജയിച്ചാലും, അടിയൻ വിജയ.

ഭരതൻ—വിജയേ, ഞാൻ വന്നിരിക്കുന്നതായി അത്രഭവതിയോടു പറയൂ.

തവ— ഏതു തമ്പുരാട്ടിയോടാണ് ഉണത്തിക്കേണ്ടത്?

ഭരതൻ—എന്നെ രാജാവാക്കുവാൻ ഇച്ഛിക്കുന്നതാരാണ്?

തവ— (ആത്മഗതം) ഓ, ഇതെന്താണാവോ (പ്രകാശം) കല്പനപോലെ (പോയി)

(അനന്തരം കൈകേയിയും തവണക്കാരിയും പ്രവേശിക്കുന്നു)

കൈകേയി—വിജയേ! എന്നെക്കാണുവാൻ ഭരതൻ വന്നിട്ടുണ്ടോ?

തവ—തമ്പുരാട്ടി ഉണ്ട്. കൊച്ചുതമ്പുരാൻ രാമന്റെ അടുക്കൽനിന്നു താതസുമന്ത്രർ വന്നിരിക്കുന്നു. അദ്ദേഹത്തോടൊന്നിച്ചു കുമാരൻ തമ്പുരാട്ടിയെ കാണുവാൻ ആഗ്രഹിക്കുന്നുപോലും.

കൈകേയി—(ആത്മഗതം) എന്തൊരു സംഗതിയും കൊണ്ടാണാവോ ഭരതൻ എന്നെ അധിക്ഷേപിക്കുവാൻ പുറപ്പെട്ടിരിക്കുന്നത്?

തവ—തമ്പുരാട്ടി കുമാരൻ വന്നുകൊള്ളട്ടെയോ?

കൈകേയി—പോയി കൂട്ടിക്കൊണ്ടുവരു.

തവ—അങ്ങനെയാവട്ടെ, (ചുററിനടന്ന് അടുത്തുചെന്ന്) കൊച്ചുതമ്പുരാൻ ജയിച്ചാലും, എഴുന്നെള്ളാം:

ഭരതൻ—വിജയേ, അറിയിച്ചുവോ?

തവ—ഉവ്വ്.

ഭരതൻ—എന്നാൽ നമുക്കു പ്രവേശിക്കാം.

(രണ്ടുപേരും അകത്തുകടക്കുന്നു)

കൈകേയി—മകനെ, വിജയ പറയുന്നു—രാമന്റെ അടുക്കൽനിന്നു സുമന്ത്രൻ വന്നിരിക്കുന്നു—എന്ന്

ഭരതൻ—അതിലും വലുതായ ഒരു സന്തോഷവർത്തമാനം അവിടുത്തെ അറിയിക്കാം.

കൈകേയി—മകനെ, കൌസല്യയേയും സുമിത്രയേയും കൂടെ വിളിക്കേണ്ടയോ?

ഭരതൻ—അവർ കേൾക്കുവാൻ പാടുള്ളതല്ല.

കൈകേയി—(ആത്മഗതം) ഓ, എന്താണാവോ. (പ്രകാശം) മകനെ, പറയു.

ഭരതൻ—കേട്ടാലും.

തവാജ്ഞയാൽ തന്നുടെ നാടു കൈവെടി-
ഞ്ഞവൻ മഹാരണ്യമണഞ്ഞുവാണുവോ
അവന്റെ ജീവേശ്വരിയായ സീതയെ-
ക്കവന്നു, മറ്റെന്തിനി നിൻ മനോരഥം?

കൈകേയി—ഉം

ഭരതൻ—അഹഹ! വിപുലമായ സന്താപമോടൊ-
ത്തനുപമധൈര്യവുമേന്തിടും രഘുക്കൾ
വധുവിനുടെ കവച്ചയേല്ക്കമാറായ്
ഭവതിയൊരാൾവധുവായ് ചമഞ്ഞമൂലം.

കൈകേയി—(ആത്മഗതം) ആകട്ടെ, ഇപ്പോൾ പറയാനുള്ള കാലമായി. (പ്രകാശം) മകനേ, മഹാരാജാവിനുണ്ടായിരുന്ന ശാപത്തെപ്പററി നിനക്കറിവില്ല.

ഭരതൻ—മഹാരാജാവിന്നു ശാപമോ?

കൈകേയി—സുമന്ത്ര! വിസ്തരിച്ചു പറഞ്ഞുകൊടുക്കു.

സുമന്ത്രൻ—ഇവിടുത്തെ കല്പനപോലെ. കുമാരൻ കേട്ടാലും. പണ്ടൊരിക്കൽ നായാട്ടിന്നായി എഴുന്നള്ളിയ മഹാരാജാവ് കണ്ണിന്നു കാഴ്ചയില്ലാതിരുന്ന ഒരു മഹർഷിയുടെ കണ്ണായിരുന്ന ഋഷികുമാരനെ, ഒരു പൊയ്കയിൽനിന്നു കുടത്തിൽ വെള്ളം നിറയ്ക്കുമ്പോൾ കാട്ടാനയുടെ ശബ്ദംപോലെയുള്ള ശബ്ദംകേട്ടു കാട്ടാനയെന്നു തെററിദ്ധരിച്ചു ശബ്ദാനുസാരിയായി ലക്ഷ്യഭേദനം ചെയ്യുന്ന അസ്ത്രംകൊണ്ടു ഹിംസിച്ചു.

ഭരതൻ—ഹിംസിച്ചുവോ? കഷ്ടം! കഷ്ടം!, പിന്നെ.

സുമന്ത്രൻ—അതിനുശേഷം ഋഷികുമാരനെ ഈ നിലയിൽ കണ്ടിട്ട്,

കരഞ്ഞുകൊണ്ടൊട്ടുകഴിഞ്ഞുപിന്നെ-
പ്പറഞ്ഞിതാ മാമുനി സത്യവാദി: ഉപേന്ദ്രവജ്ര.
"ധരിക്ക,ഞാനെന്നവിധം ഭവാനും
മരിക്കുമേ പുത്രവിയോഗമൂലം." ഫ്രീ

എന്ന്.

ഭരതൻ—എന്നാൽ ഇതു കഷ്ടമായല്ലോ.

കൈകേയി—മകനേ, ഇതുനിമിത്തമാണ് എന്നെ കഠിനക്കാരത്തിയാക്കി ഞാൻ രാമനെ വനത്തിലേയ്ക്കു അയച്ചത്. എൻെറ രാജ്യലോഭംകൊണ്ടല്ല. പുത്രവിരഹംകൊണ്ടേ ഒഴിച്ചുകൂടാത്ത മഹർഷിശാപം നിവൎത്തിക്കയുള്ളൂ.

ഭരതൻ—എന്നാൽ പുത്രവിരഹം തുല്യമായിരിക്കെ കാട്ടിലേയ്ക്കു എന്നെ എന്തുകൊണ്ടയച്ചില്ല?

കൈകേയി—മകനേ, അമ്മാമന്റെ ഗൃഹത്തിൽ താമസിച്ചിരുന്ന നിന്റെ വിരഹം അപ്പോൾതന്നെ ഉണ്ടായിരുന്നുവല്ലോ.

ഭരതൻ—ആകട്ടേ, പതിന്നാലുകൊല്ലം വേണമെന്നു പറഞ്ഞതെന്തിനാണ്?

കൈകേയി—മകനേ, പതിന്നാലുദിവസം എന്നു പറവാൻ ഭാവിച്ചതു സംഭ്രമം നിമിത്തം പതിന്നാലുകൊല്ലം എന്നായിപ്പോയി.

ഭരതൻ—വേണ്ടവിധം ആലോചിപ്പാനുള്ള സാമർത്ഥ്യമുണ്ടെന്നു സമ്മതിക്കാം. ആകട്ടേ, ഗുരുജനങ്ങൾക്ക ഈ സംഗതി അറിവുണ്ടോ?

സുമന്ത്രൻ—കുമാര, വസിഷ്ഠൻ, വാമദേവൻ മുതലായവരെല്ലാം അറിഞ്ഞതും സമ്മതിച്ചതുമാണ്.

ഭരതൻ—ഹാ! ഇവര് മൂന്നുലോകത്തിന്നും സാക്ഷികളാണല്ലോ. ഭാഗ്യത്താൽ അത്രഭവതി നിരപരാധയാണ. അമ്മേ! ഭ്രാതൃസ്നേഹം നിമിത്തം ഞാൻ കോപിച്ച് ഇവിടുത്തെ ദൂഷിച്ചു പോയതാണ. അതെല്ലാം ക്ഷമിക്കണം. അമ്മേ, ഞാൻ അഭിവാദനം ചെയ്യുന്നു.

കൈകേയി—മകനേ, പുത്രന്റെ അപരാധം ക്ഷമിക്കാത്ത അമ്മയുണ്ടോ? എഴുന്നേൽക്ക, എഴുന്നേൽക്ക. ഇതിലെന്താണ് ദോഷം?

ഭരതൻ—ഞാൻ അനുഗൃഹീതനായി. ഇവിടുത്തോടു യാത്രചോദിച്ചുകൊള്ളുന്നു. ഇപ്പോൾതന്നെ ഞാൻ ആര്യന്റെ സഹായത്തിന്നായി സൈന്യരാജകുലത്തേയും ഉദ്യോഗിപ്പിക്കുന്നുണ്ട. ഇതാ ഇപ്പോൾ.

ഉടൻമദഗജങ്ങളാൽ പടനിരന്നുനിന്നീടുമ-
ക്കടൽപ്പുറമശേഷമൊന്നിരുളടഞ്ഞമട്ടാക്കിടാം
തുടസ്ഥകടന്നിട്ടും ഭടജനങ്ങളാൽവാരിധി-
ക്കിടക്കിടവരുത്തിടാം ദശമുഖനുമൊന്നിച്ചുഞാൻ.

ഏയ് എന്തോ ഒരു ശബ്ദം. അതെന്താണെന്നു അറിഞ്ഞു വരട്ടെ. തവണക്കാരി (പ്രവേശിച്ച്) കുമാരൻ ജയിച്ചാലും. ഈ വൃത്താന്തം അറിഞ്ഞ് മൂത്ത തമ്പുരാട്ടി മോഹാലസ്യപ്പെട്ടിരിക്കുന്നു.

കൈകേയി—ഉം.

ഭരതൻ—എന്ത്, അമ്മ മോഹാലസ്യപ്പെട്ടുവോ?

കൈകേയി—മകനേ, വരു, നമുക്ക് ആര്യയെ ആശ്വസിപ്പിക്കുക.

ഭരതൻ—അമ്മയുടെ ആജ്ഞപോലെ.

(എല്ലാവരും പോയി)

ആറാമങ്കം

---

# ഏഴാം അങ്കം

---

(അനന്തരം ഒരു താപസൻ പ്രവേശിക്കുന്നു)

താപസൻ—നന്ദിലക, നന്ദിലക.

നന്ദിലകൻ—(പ്രവേശിച്ച്) ആര്യ ഇതാ ഞാൻ.

താപസൻ—നന്ദിലക, കുലപതി അറിയിക്കുന്നു—ഇതാ, സ്വഭാര്യയെ അപഹരിച്ച ത്രൈലോക്യദ്രോഹിയായ രാവണനെ കൊന്ന, രാക്ഷസസ്വഭാവം ഇല്ലാത്ത ശ്ര

ണവാനായ വിഭീഷണനെ രാക്ഷസരാജാവായി അഭിഷേകം ചെയ്ത്, നിഷ്കളങ്കമായ ചാരിത്രത്തിന്നു ദേവന്മാരും ദേവർഷികളും സാക്ഷികളായ സൌഭാഗ്യവതി സീതയെ കൈക്കൊണ്ട്, ഋക്ഷരാക്ഷസവാനരപ്രമാണികളൊന്നിച്ച, ശരൽകാലത്തിലെ വിമലമായ നഭോമണ്ഡലത്തിൽ വിളങ്ങുന്ന ചന്ദ്രനെപ്പോലെ അഭിരാമനായ തത്രഭവാൻരാമൻ എത്തിക്കഴിഞ്ഞു. അതുകൊണ്ട്, ഇന്ന് ഈ ആശ്രമത്തിൽ നമ്മുടെ വിഭവംകൊണ്ട് എന്തെല്ലാം ശേഖരിപ്പാൻ കഴിയുമോ അതു മുഴുവനും തയ്യാറാക്കിക്കൊള്ളണം—എന്ന്.

നന്ദിലകൻ—ആര്യ! എല്ലാം തയ്യാറാക്കിക്കഴിഞ്ഞു, എന്നാൽ,

താപസൻ—എന്താണ്?

നന്ദിലകൻ—വിഭീഷണന്റെ ആൾക്കാരായ രാക്ഷസന്മാരുണ്ടല്ലോ. അവരുടെ ഭക്ഷണത്തിന്നു വേണ്ടുന്നതു കുലപതിതന്നെ തീച്ചയാക്കണം.

താപസൻ—എന്തിന്?

നന്ദിലകൻ—അവർ കടിച്ചുതിന്നുന്ന വകയല്ലേ?

താപസൻ—പരിഭ്രമിക്കേണ്ട, രാക്ഷസന്മാരെല്ലാം വിഭീഷണനു കീഴടങ്ങി നിൽക്കുന്നവരാണല്ലോ.

നന്ദിലകൻ— രാക്ഷസസജ്ജനത്തിന്നു നമസ്കാരം. (പോയി)

താപസൻ—(നോക്കീട്ട്) ഏയ, ഇതാ അത്രഭവാൻ രാഘവൻ! ഇദ്ദേഹമാകട്ടെ,

"ജയിക്കു രാജാവേ, പരനപരനില്ലാതെ സുഖമായ്-
ഭരിക്കുനീയൊററക്കുടയുടയകീഴാമുലകിനെ"

തെളിഞ്ഞേവം നാനാമുനിതിലകർ വാഴ്ത്തുന്നളവിതാ
വിമാനം വിട്ടിപ്പോളവനിയിലിറങ്ങി നരവരൻ. ൪

ഭവാൻ ജയിച്ചാലും ജയിച്ചാലും. (പോയി)

മിശ്രവിഷ്കംഭം.

---

(അനന്തരം രാമൻ പ്രവേശിക്കുന്നു)

ഏററം വീയ്യബലാഢ്യനാം ദശമുഖ-
ന്നാപത്തു ചേത്താവിധം
കുററം തീരെ യകന്ന സച്ചരിതയാം
വൈദേഹിയേ വീണ്ടുഞാൻ
അററത്തോളമവിഘ്നമായ് ഗുരുജനം
കല്പിച്ചതും ചെയ്തിതാ
മുററും മാമുനിമാരെഴും വനതല-
ത്തിങ്കൽത്തിരിച്ചെത്തിനേൻ. ൫

താപസികളെ വന്ദിപ്പാനായി അകത്തേക്കു പോയ മൈഥിലി മടങ്ങിവരുവാൻ താമസിക്കുന്നുവല്ലോ (നോക്കീട്ട്) ഏയ്, ഇതാ വൈദേഹി,

പ്രായാനുസാരമയി ജാനകി, തോഴി, സീതേ,
സൽപുത്രി, എന്നിതുവിധം പ്രണയാർദ്രമായി
സംബുദ്ധിചേത്തരുളിടും മുനിപത്നിമാരു-
മൊന്നിച്ചു മൈഥിലകുമാരി വരുന്നു മന്ദം. ൬

(അനന്തരം സീതയും ഒരു താപസിയും പ്രവേശിക്കുന്നു)

താപസി—സഖി, ഇതാ നിൻെറ കൂട്ടുകാരൻ. അദ്ദേഹത്തിൻെറ അടുക്കലേക്കു ചെല്ലൂ. നിന്നെ തനിച്ചു കണ്ടുവവാൻ വയ്യ.

സീത—അയ്യോ, എനിക്കിപ്പോഴും വിശ്വസിപ്പാൻ പാടില്ലാത്തതുപോലെ തോന്നുന്നു. (അടുത്തുചെന്നു്) ആയ്യപുത്രൻ ജയിച്ചാലും.

രാമൻ—മൈഥിലി, അറിയാമോ നാം മുമ്പു പാത്തിരുന്ന ജനസ്ഥാനം? ഭവതി ഇവിടെ പുത്രന്മാരെപ്പോലെ വളത്തിയിരുന്ന വൃക്ഷങ്ങളേതെന്നും അറിയാമോ?

സീത—അറിയാം, അറിയാം. മുമ്പു കീഴ്പ്പോട്ടുനോക്കി കാണേണ്ടുന്ന വൃക്ഷങ്ങളുടെ ഇലകൾ ഇപ്പോൾ മേല്പോട്ടു നോക്കി കാണേണ്ട ദിക്കായി.

രാമൻ—ശരിയാണു്, കുണ്ടു കുന്നാകുന്നതാണല്ലോ കാലം. മൈഥിലി, ഈ ഏഴിലാംപാലയുടെ ചുവട്ടിൽവെച്ചു ശുഭ്രവസ്ത്രധാരിയായ ഭരതനെ കണ്ടിട്ടു മാൻകുട്ടം പേടിച്ചുപോയ സംഗതി ഭവതി ഓക്കുന്നുണ്ടോ?

സീത—ആയ്യപുത്ര! ഞാൻ നല്ലവണ്ണം ഓക്കുന്നുണ്ടു്.

രാമൻ—ഇതാണു് നമ്മുടെ തപസ്സിന്നു സാക്ഷിയായ ആ കച്ഛപ്രദേശം. ഇവിടെ നാം അച്ഛന്റെ ശ്രാദ്ധത്തെപ്പററി ഓരോന്നു വിചാരിച്ചുകൊണ്ടിരിക്കുമ്പോഴാണു് "കാഞ്ചനപാർശ്വം" എന്ന മൃഗത്തെ കണ്ടതു്.

സീത—അയ്യോ, ആയ്യപുത്ര! ആ കഥ പറയരുതേ. പറയരുതേ! (പേടിച്ചു വിറക്കുന്നു.)

രാമൻ—സംഭ്രമിക്കേണ്ട, ആ കാലമൊക്കെ കഴിഞ്ഞുപോയല്ലോ.

(ചുററും നോക്കീട്ടു്) ഏയ് എവിടെനിന്നാണു്,

പാഞ്ചോററിയോടുകിടയാം പൊടിപൊങ്ങിടുന്നു

കാറേററതാശകളെയാകെ മറച്ചിടുന്നു

ശംഖസ്വനം പടഹശബ്ദഘനാരവങ്ങ-
ളൊന്നിച്ചു കാടിതൊരുപട്ടണമാക്കിടുന്നു.

ലക്ഷ്മണൻ— (പ്രവേശിച്ച്) ആര്യൻ ജയിച്ചാലും: ആര്യ,
ഇതാഭവാനെക്കണ്ടിടാനിച്ഛിച്ചമിതസൈന്യനായ്
മാതാക്കളോടും വന്നെത്തി ഭരതൻ ഭ്രാതൃവത്സലൻ.

രാമൻ—വത്സ ലക്ഷ്മണ! എന്ത്, ഭരതൻ വന്നിട്ടുണ്ടോ?

ലക്ഷ്മണൻ—ആര്യ, ഉണ്ട്.

രാമൻ—മൈഥിലി, അമ്മമാരുമൊന്നിച്ചുവന്നിരിക്കുന്ന ഭരതനെ കാണ്മാൻ ഭവതിയുടെ കണ്ണു വിടുത്തിക്കൊൾക.

സീത—ആര്യപുത്ര, വേണ്ടകാലത്തുതന്നെ ഭരതൻ വന്നുചേർന്നു.

(അനന്തരം അമ്മമാരോടുകൂടി ഭരതൻ പ്രവേശിക്കുന്നു)

ഭരതൻ—

ഓരോതരം വിഷമദുർദ്ദശവിട്ടൊഴിഞ്ഞു
നീലാംബുദാളിയൊഴിയുംശരദിന്ദുപോലെ
ശോഭിക്കുമാര്യനെ മുദാ പരമാര്യയോടും
കണ്ടീടുവാനഖിലബാന്ധവരൊത്തണഞ്ഞേൻ. ൩

രാമൻ—അമ്മമാരേ, ഞാൻ അഭിവാദനം ചെയ്യുന്നു.

എല്ലാവരും—പുത്ര, വളരെ കാലം ജീവിച്ചിരിക്ക. ഭാഗ്യത്താൽ പ്രതിജ്ഞ നിവ്വഹിച്ചു വധുവോടുകൂടെ കുശലിയായിരിക്കുന്ന നിന്നെ കാണുവാൻ ഞങ്ങൾക്കു സാധിച്ചു.

രാമൻ—ഞാൻ അനുഗൃഹീതനായി.

ലക്ഷ്മണൻ—അമ്മമാരേ, ഞാൻ അഭിവാദനം ചെയ്യുന്നു.

എല്ലാവരും—പുത്ര, വളരെ കാലം ജീവിച്ചിരിക്ക.

ലക്ഷ്മണൻ—ഞാൻ അനുഗൃഹീതനായി.

സീത—ആൎയ്യമാരേ, ഞാൻ വന്ദിക്കുന്നു.

എല്ലാവരും—വത്സേ, വളരെക്കാലം സുമംഗലിയായിരിക്കു.

സീത—ഞാൻ അനുഗൃഹീതയായി.

ഭരതൻ—ആൎയ്യ, ഭരതൻ അഭിവാദനം ചെയ്യുന്നു.

രാമൻ—വരു, വരു, വത്സ! ഇക്ഷ്വാകുകുമാര, നല്ലതുവരട്ടെ: ആയുഷ്മാനായിരിക്കു.

നന്നായണഞ്ഞുകകവാടമൊടൊത്തവക്ഷ-
സ്സെന്നെപ്പുണൎന്നിട്ടുകപീനഭുജങ്ങളാലെ
നന്ദിച്ചുയൎത്തിടുകവാർമതിനേർമുഖം,മാൽ
കുന്നിച്ചെരിഞ്ഞമമമെയ് കുളൎമപ്പെടുത്തു. ൧

ഭരതൻ—ഞാൻ അനുഗൃഹീതനായി. ആൎയ്യേ, ഭരതൻ അഭിവാദനം ചെയ്യുന്നു.

സീത—വളരെക്കാലം ആൎയ്യപുത്രനൊന്നിച്ച് ഇരിക്കു.

ഭരതൻ—ഞാൻ അനുഗൃഹീതനായി. ആൎയ്യ, അഭിവാദനം ചെയ്യുന്നു.

ലക്ഷ്മണൻ—വരു, വരു, വത്സ, ദീൎഘായുസ്സായിരിക്കു. എന്നെ ഗാഢമായി ആലിംഗനം ചെയ്യു.

ഭരതൻ—ഞാൻ അനുഗൃഹീതനായി. ആൎയ്യ, രാജ്യഭാരം അംഗീകരിച്ചാലും.

രാമൻ—വത്സ, എന്താണിത്?

കൈകേയി—മകനേ, വളരെക്കാലമായി നിലനിന്നുപോരുന്ന ഒരു ആശയാണിത്!

[അനന്തരം ശത്രുഘ്നൻ പ്രവേശിക്കുന്നു]

ശത്രുഘ്നൻ—

നീണാളനേകവിധമായ്ക്കദനങ്ങളേററു
കേണാലുമക്ഷതഗുണോജ്ജ്വലസത്വനായി
വാണാൎത്തശാസ്യഹരനാം ഗുരുതന്നെയൊന്നു
കാണാനഹോ മമ മനസ്സുഴറുന്നുപാരം. വ

(അടുത്തുചെന്ന് ആൎയ്യ, ശത്രുഘ്നൻ അഭിവാദനം ചെയ്യുന്നു)

രാമൻ—വരു, വരു, വത്സ, നല്ലതുവരട്ടെ, ആയുഷ്മാനായി ഭവിക്കുക.

ശത്രുഘ്നൻ—ഞാൻ അനുഗൃഹീതനായി. ആൎയ്യേ, ഞാൻ അഭിവാദനം ചെയ്യുന്നു.

സീത—വത്സ, വളരെക്കാലം ജീവിച്ചിരിക്കു.

ശത്രുഘ്നൻ—ഞാൻ അനുഗൃഹീതനായി. ആൎയ്യ, ഞാൻ അഭിവാദനം ചെയ്യുന്നു.

ലക്ഷ്മണൻ—നല്ലതുവരട്ടെ. ആയുഷ്മാനായി ഭവിക്കുക.

ശത്രുഘ്നൻ—ഞാൻ അനുഗൃഹീതനായി. ആൎയ്യ, ഇതാ വസിഷ്ഠവാമദേവന്മാർ പ്രജകളൊന്നിച്ച് അഭിഷേകം നടത്തുവാനൊരുങ്ങി ഇവിടുത്തെ കാണ്മാൻ ആഗ്രഹിക്കുന്നു.

ഓരോ പുണ്യനദീനദാവലിയിൽനി-
ന്നാൎയ്യപ്രസാദത്തിനാൽ
സൈ്വരം മാമുനിമാരണഞ്ഞുപനയി-
ച്ചുള്ളോരു തീൎത്ഥത്തിനാൽ
നീരാടിച്ചവരാദ്യമായ് ത്തവമുഖം
തണ്ണീരൊലി താമര-
ത്താരിൻകാന്തികലൎന്നു കാണ്മവതിനായ്-
ക്കാംക്ഷിപ്പതുണ്ടേത്രയും.

കൈകേയി—പോവു മകനേ, അഭിഷേകം സ്വീകരിക്ക.

രാമൻ—അമ്മയുടെ കല്പനപോലെ. (പോയി)

(അണിയറയിൽ)

ഭവാൻ ജയിച്ചാലും. സ്വാമി ജയിച്ചാലും. മഹാരാജാവു ജയിച്ചാലും. ദേവൻ ജയിച്ചാലും. ഭദ്രമുഖൻ ജയിച്ചാലും. ആൎയ്യൻ ജയിച്ചാലും. രാവണാന്തകൻ ജയിച്ചാലും.

കൈകേയി—ഇതാ പുരോഹിതന്മാരും, കഞ്ചുകികളും എന്റെ പ്രിയപുത്രന്റെ വിജയത്തെ ഉൽഘോഷിച്ച് ആശിസ്സ് ചെയ്യുന്നു.

സുമിത്ര—പ്രജകളും പരിജനങ്ങളും സജ്ജനങ്ങളും എന്റെ പ്രിയപുത്രന്റെ വിജയത്തെ വൎദ്ധിപ്പിക്കുന്നു.

(അണിയറയിൽ)

ഹേ, ഹേ, ജനസ്ഥാനത്തിൽ വസിക്കുന്ന താപസന്മാരേ, ഭവാന്മാർ കേൾക്കുവിൻ, കേൾക്കുവിൻ,

അരിപ്രഭവമാകിയോരതുലമാംതമിസ്രൌഘവേ
ഹരിച്ചിനനിരുട്ടുപോലരിയശൌൎയ്യഭാനുക്കളാൽ
ഗരിഷ്ഠശുഭസേവ്യയാംജനകപുത്രിയോടൊത്തഹോ
ധരിത്രിവിജയിപ്പു ഹാ ജനമനോഹരൻ രാഘവൻ. ൨൦

കൈകേയി—ഹോ, ഹോ എന്റെ പുത്രന്റെ വിജയം മേൽക്കുമേൽ ഘോഷിക്കുന്നു.

(അനന്തരം അഭിഷേകം കഴിഞ്ഞു
രാമൻ പരിവാരത്തോടുകൂടെ പ്രവേശിക്കുന്നു)

രാമൻ—(ആകാശത്തിലേക്കു നോക്കീട്ട്) അല്ലയോ, താത!

നന്ദിച്ചീടുകവിണ്ണിലും, ചെറുതിനി-
ദ്ദുഃഖിച്ചിടേണ്ടാഭവാ-
നെന്നിൽച്ചെയ്യുതിനങ്ങൊരുങ്ങിയതിതാ,
നന്നായ് നടന്നില്ലയോ
മന്നിൽദ്ദുശ്ശോഭനകർമ്മഭാരമിയലും-
മർത്ത്യേന്ദ്രനായ് ത്തീൎന്നൊ-
നിന്നിപ്പോൾമുറപോലെരാജ്യഭരണം
കൈവന്നിരിക്കുന്നുമേ. ൧൧

ഭരതൻ—
അവനിപനിലകൈക്കൊണ്ടാതപത്രംവഹിപ്പി-
ച്ചുണിമുടിയൊടുകൂടിത്തീൎത്ഥസംസിക്തനായി
അഖിലരുമടികൂപ്പിക്കൊണ്ടെഴുന്നായ്യനേഞാ-
നഭിനവശശിയെപ്പോൽക്കണ്ടസംതൃപ്തനല്ലോ. ൧൨

ശത്രുഘ്നൻ—
ആൎയ്യാഭിഷേകക്രിയയാലിദാനീം
എന്നനയംകന്മഷമാകെനീങ്ങി
വീണ്ടുംപ്രകാശത്തെവഹിച്ചിടുന്നു
ചന്ദ്രോദയത്താലുലകെന്നപോലെ. ൧൩

രാമൻ—വത്സ! ലക്ഷ്മണ! എനിക്കു രാജ്യം ലഭിച്ചു.

ലക്ഷ്മണൻ—ഭാഗ്യത്താൽ ഭവാന് അഭ്യുദയം.

ഹരിക്കാരൻ—(പ്രവേശിച്ച്)മഹാരാജാവു ജയിച്ചാലും. ഇതാ, തത്രഭവാൻ വിഭീഷണൻ അറിയിക്കുന്നു—സുഗ്രീവൻ, നീലൻ, മൈന്ദൻ, ജാംബവാൻ, ഹനുമാൻ മുതലായവരും തുടൎച്ചയായി അറിയിക്കുന്നു. 'ഭാഗ്യത്താൽ ഭവാന് അഭ്യുദയം' എന്ന്.

രാമൻ—"കൂട്ടുകാരുടെ പ്രസാദത്താൽ അഭ്യുദയം" എന്ന് അവരോടു പോയി പറയു.

ഹരിക്കാരൻ--മഹാരാജാവിന്റെ കല്പനപോലെ.

കൈകേയി--ഞാൻ ഭാഗ്യവതിയായി. ഈ ആഘോഷമെല്ലാം അയോദ്ധ്യയിൽ കാണുവാൻ ഞാൻ ആഗ്രഹിക്കുന്നു.

രാമൻ--കാണാം അമ്മേ! (നോക്കീട്ട്) എന്താണിത്? പ്രഭകൊണ്ട് ഈ വനമെല്ലാം സൂര്യനെപ്പോലെ പ്രകാശിക്കുന്നു. ഓ, മനസ്സിലായി. രാവണന്റെ പുഷ്പകവിമാനം ആകാശത്തിൽ വന്നിരിക്കുന്നു. വിചാരിക്കുന്ന മാത്രയിൽ വന്നുകൊള്ളാമെന്നാണല്ലോ അതിന്റെ നിശ്ചയം. എന്നാൽ ഇനി എല്ലാവരും രഥത്തിൽ കയറുക തന്നെ,

(എല്ലാവരും കയറുന്നു)

രാമൻ--

ഇന്നേമുദാബന്ധുസുഹൃജ്ജനങ്ങ-
ളൊന്നിച്ചയോദ്ധ്യാപുരിപൂകിടുന്നേൻ.

ലക്ഷ്മണൻ--

ഇന്നേഭവാനെബ്ബുഹുതാരനായ
ചന്ദ്രനുനേർനാഗരർ കണ്ടിടട്ടേ. ൫൪

(ഭരതവാക്യം)

രാമൻ ജാനകിയോടും
ബന്ധുജനത്തോടുമൊത്തുചേന്നവിധം
നമ്മുടെനരപതിലക്ഷ്മിയൊ-
ടൊന്നിച്ചീനാടുകാത്തുവാഴട്ടെ. ൫൫

സമാപ്തം.

DC Library
*00003902*
T62 K48

T62
K48

T62
K48

Indic Digital Archive Foundation
gpura.org